KOTTAYAM PUBLIC LIBRARY

Call No MF 9 Acc. No 7515

Author ജോൺ റ്റി. വി

Title കടന്നൽഹാരണം ന്യൂനൽ
കൃത്യം.

33

No: 2515

# KADATHUKARANUM AMBAL POOKALUM

(Short Stories in Malayalam)

THE KOTTAYAM PUBLIC LIBRARY
KOTTAYAM.

*By*

. V. JOHN M. A., B. T.

★

*Published by*

*C. M. JOHN B. A.*

KODUKULANJI

Quilon District

1957

Rights Reserved

**Price Re. One**

# കടത്തുകാരനും ആമ്പൽപൂക്കളും

(ചെറുകഥകൾ)

റ്റി. വി. ജോൺ എം. എ., ബി. റ്റി.

::

പ്രസാധകൻ

**സി. എം. ജോൺ ബി. എ.**

കോട്ടകുളഞ്ഞി

കൊല്ലം ഡിസ്ട്രിക്ട്

൧൯൬൨

Rights Reserved

വില രൂപാ ഒന്ന്

ഒന്നാംപതിപ്പ് കോപ്പി 1000.
ആഗസ്റ്റ് 1957

Rights Reserved

അച്ചടി:
ബോധിനി പ്രസ്സ്, ചെങ്ങന്നൂർ

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| 1. | * കടത്തുകാരൻ | 9 |
| 2. | ആമ്പൽപൂക്കറ് | 20 |
| 3. | സർട്ടിഫിക്കററ് | 31 |
| 4. | * ജീവിതത്തിനൊരു ലക്ഷ്യംവേണം | 41 |
| 5. | സ്നേഹചൈതന്യം | 53 |
| 6. | * സ്ത്രീ | 63 |
| 7. | പ്രേതം | 71 |
| 8. | വെള്ള മുയലുകറ് | 84 |
| 9. | * ആക്രാണ് ഭ്രാന്ത് | 92 |
| 10. | പ്രേമത്തിൻെറ പോക്ക് | 102 |


* A. I. R. ൻെറ സദയ അനുമതിയോടുകൂടി

THE KOTTAYAM PUBLIC LIBRARY.
KOTTAYAM.

# കടത്തുകാരൻ

ഓല മേഞ്ഞ ആ നാടൻകാപ്പിക്കടയിലെ ഒരു ബെഞ്ചിലിരുന്നു ചായ കുടിക്കുകയാണ് ഹമീദ്. ഗ്ലാസ്സിലെ കട്ടംചായയിൽനിന്നും ആവി ഉയർന്നുകൊണ്ടിരുന്നു. അല്പം കുടിച്ചശേഷം അയാൾ ഗ്ലാസ്സ് മേശമേൽ വച്ചു. പാലൊഴിക്കാത്ത കട്ടംചായ കണ്ടാൽ നല്ല വീഞ്ഞ് ആണെന്നേ തോന്നൂ.

ആ കടവിലുള്ള ഏക കാപ്പിക്കടയതാണ്. സാമാന്യം നല്ല പിരിവുണ്ട്. പത്തുപന്ത്രണ്ട് ബസ്സുപോകുന്ന വഴിയാണ്. എല്ലാം ആ കടവിൽ വന്നാൽ ആളിറക്കി സാവധാനത്തിൽ ചങ്ങാടത്തിൽ കയററി അക്കരെയിറക്കും. ഇതിനിടയിൽ യാത്രക്കാർക്കൊന്നു മുറുക്കണം; ഒരു സിഗററു വലിക്കണം; ചിലർക്കൊരു ചായ, ചിലർക്ക് നാരങ്ങാവെള്ളം. ഇവയെല്ലാം ആ ചെറിയ കടയിൽ കിട്ടുകയും ചെയ്യും.

അക്കരെയൊരു ചന്ത, ഇക്കരെയൊരു ഹൈസ്കൂൾ. പിന്നെന്തുപറയാനാണ്! കടവിൽ എപ്പോഴും നല്ല തിരക്കായിരിക്കും.

ആ ഉച്ചസമയത്ത് ഹമീദ് ചിന്താമഗ്നനായി ബഞ്ചിലിരിക്കുന്നതു കണ്ടിട്ട് കാപ്പിക്കടക്കാരൻ വാസുപിള്ള പറഞ്ഞു:

“എന്താ ഹമീദ്കാക്കാ ഒരു മ്ലാനത? കടവു നിത്താൻപോവുവാണല്ലേ?”

ഈ വാക്കുകളിൽ അല്പം പരിഹാസവും അല്പം അനുകമ്പയും നിഴലിച്ചിരുന്നു. കടവിനപ്പുറത്ത് ഒരു വലിയ പാലം പണിതുടങ്ങിയിട്ട് വർഷം രണ്ടുമൂന്നു കഴിഞ്ഞു. അന്നൊക്കെ എല്ലാവരും പറയും:

“ഹമീദ്കാക്കാ, ഇപ്പോഴ് പാലം വരുമ്പോ ആകെ പൊട്ടലാവുമല്ലോ.”

“എന്തോന്നു പാലമെടാ. പാലം വന്നാല് ഞമ്മക്കെന്തോന്നാടാ? എവിടെപ്പോയാലും പണിയെടുത്തു ജീവിക്കാൻ ഞമ്മക്കറിഞ്ഞൂടെ?” ഇപ്രകാരം വീരവാദമടിച്ചിരുന്ന ഹമീദാണ് ചിന്താമഗ്നനായി കടയിലിരുന്നതു്.

ഹമീദ്കാക്കായുടെ ശരീരമാകെ വിയത്തൊലിക്കുകയായിരുന്നു. പററെ വടിച്ച തലയിൽനിന്നും വിയർപ്പുതുള്ളികളൊലിച്ച് താടിയിൽവന്നിററിററു വീണു. അയാളുടെ മുഖത്തെ ചുളിവുകളും വർദ്ധിക്കുന്നതായി തോന്നി. അസാധാരണ തന്റേടവും പൌരുഷവും പ്രകടിപ്പിച്ചിരുന്ന നരച്ച കൊമ്പൻമീശയുടെയും വൈചിത്ര്യം നശിച്ചതുപോലെ തോന്നി. നുള്ളിപ്പഴുത്ത മട്ടിൽ അവിടെ ഒഴുകിക്കൊണ്ടിരുന്നു. [illegible]

തിൻെറ യാത്ര എന്നാവസാനിക്കുമോ? ആ നദിപോലെ തൻെറ വേലയും തുടൎന്നുപൊയ്ക്കൊണ്ടിരിക്കുമെന്നായിരിക്കാം ഹമീദുകാക്കാ വിചാരിച്ചിരുന്നതു്. സാവധാനത്തിലൊഴുകുന്ന ആ നദിയിലേക്കയാൾ തുറിച്ചുനോക്കിക്കൊണ്ടിരുന്നു.

ഒരു മുപ്പതുകൊല്ലത്തിൽ കുറയുകയില്ല ഹമീദു കടത്തുകാരനായിട്ടു്. അയാൾ എവിടുത്തുകാരനാണെന്നാൎക്കും നല്ല നിശ്ചയമില്ല. അതിനെപ്പററി പല കഥകൾ പറയാറുണ്ടു്. വടക്കെങ്ങോവച്ചു് ഒരു എഞ്ചിനീയർസായ്പിൻെറ ഫൌണ്ടൻപേന ആററിൽ പോയെന്നും, ആരുമിറങ്ങാൻ മടിച്ച ആ കയത്തിൽ ഹമീദ് മുങ്ങിത്തപ്പി അതെടുത്തുകൊടുത്തുവെന്നും, ഹമീദിൻെറ ധൈൎയ്യത്തിൽ തൃപ്തനായ സായ്പ് എവിടെയെങ്കിലും വേല കൊടുക്കാമെന്നു പറഞ്ഞു് ഇവിടെ കൊണ്ടുവന്നു് ഗവണ്മെൻറു കടത്തുകാരനാക്കിയെന്നുമാണു് ഒരു കഥ. ഇതാണു് കൂട്ടത്തിൽ വിശ്വസനീയം. നല്ല ആരോഗ്യമുള്ള ശരീരവും, സാമൎത്ഥ്യവുമാണു് ഹമീദിൻെറ പ്രത്യേകതകൾ.

ഹമീദിൻെറ ധൈൎയ്യം ആരേയും അമ്പരപ്പിക്കും. ഇടവപ്പാതി കാലത്തു് നദി കലങ്ങിമറിഞ്ഞു കുതിച്ചൊഴുകുമ്പോൾ അക്കരെയിക്കരെ വള്ളംവയ്ക്കുന്നതു് എളുപ്പമല്ല. ഹമീദതു ചെയ്യുന്നതുകണ്ടാൽ തോന്നും അതു തീരെ സാരമില്ലെന്നു്. ഹമീദിൻെറ സഹായികളായി രണ്ടുമൂന്നു വള്ളക്കാർ കൂടിയുണ്ടു്. അവർ

ക്കാക്കുംതന്നെ ഹമീദിൻെറ കഴിവില്ലെന്നുള്ളതു നിസ്സ ക്കമാണു്.

കള്ളുകുടിക്കുമെന്നുള്ളതല്ലാതെ ഹമീദിനു പറയത്തക്ക ചീത്ത സ്വഭാവങ്ങളൊന്നുമില്ല. അതിൽ നിന്നുമയാളെ പിൻതിരിക്കുവാനേതു് ഇസ്ലാം നോക്കിയാലും പററുകയില്ല.

ഹമീദവിടെ വന്നു് അഞ്ചുവർഷം കഴിഞ്ഞാണു് സ്ഥലത്തെ ഒരു മത്സ്യവ്യാപാരിയായ മുസ്തഫായുടെ മകളെ കല്യാണം കഴിച്ചതു്. കടവിനടുത്തുതന്നെ പത്തു സെൻറു സ്ഥലംവാങ്ങി അവിടെയൊരു വീടും വച്ചു് താമസമായി. ഭാര്യയെ ഇത്രമാത്രം സ്നേഹിക്കുന്നൊരു ഭർത്താവില്ല എന്നാണെല്ലാവരും പറഞ്ഞിരുന്നതു്. നെഫീസായും വളരെ സന്തോഷമായാണു ഹമീദിനോടുകൂടി ജീവിച്ചിരുന്നതു്.

"നെഫീസയ്ക്കു ചെക്കനെ അത്ര പിടിക്കുല്ല്യ" എന്നു പലരും അഭിപ്രായപ്പെട്ടെങ്കിലും വാസ്തവം നേരേ മറിച്ചായിരുന്നു. മസൂരിക്കുത്തുകൊണ്ടു മുഖം വിരൂപമായിരുന്നെങ്കിലും അയാളുടെ വാക്കുകളിലും പെരുമാററത്തിലും കണ്ട സൗന്ദര്യമായിരിക്കണം നെഫീസയെ സംതൃപ്തയാക്കിയതു്.

ആരും അസൂയപ്പെടത്തക്ക ആ കുടുംബജീവിതം പെട്ടെന്നു തകർന്നു. പല വർഷങ്ങൾ കഴിഞ്ഞിട്ടും നെഫീസ പ്രസവിച്ചില്ല. ആ ദമ്പതികളുടെ ജീവിതം മുരടിച്ചുവരുന്നതായവർക്കുതോന്നി. നെഫീസ

അന്നുദിനം ക്ഷീണിച്ചുവന്നു. ഒരു രാത്രിയിലവൾ ഭ ത്താവിനോടെന്നേക്കുമായി യാത്ര പറഞ്ഞു. ഈ അ ത്യാഹിതത്തെത്തുടന്ന് പല വൈഷമ്യങ്ങളും ഹമീദി ൻെറ ജീവിതത്തിലുണ്ടായി. ഭാൎയ്യവീട്ടുകാരും നാട്ടുകാ രും പറഞ്ഞുപരത്തി ഹമീദ് ഭാൎയ്യയെ ഇടിച്ചുകൊന്ന താണെന്ന്. അയാൾക്കു വേറെ പെണ്ണുകൊണ്ടുവരു വാൻ ചെയ്തതാണെന്ന്.

ഹമീദെന്താണിതിനു മറുപടി പറയുക! ആരും നേരിട്ടയാളോടിതു പറഞ്ഞിട്ടില്ല. എല്ലാവർക്കും ഹ മീദിനെ ഭയമാണ്. അയാൾ ഒരു നിഷ്ഠൂരനാണെ ന്നു, സൗമ്യതയോ സ്നേഹമോ ലവലേശം അയാളുടെ സ്വഭാവത്തിൽ ഇല്ലെന്നുമാണ് പലരും കരുതിയിരു ന്നത്.

വാസ്തവത്തിൽ ഹമീദിൻെറ ഹൃദയം ഉരുകുക യായിരുന്നു. നെഫീസയെ അയാൾ ആത്മാൎത്ഥമാ യി സ്നേഹിച്ചിരുന്നു. അവളുടെ ഓൎമ്മ ആ ഹൃദയ ത്തിൽനിന്നും മാഞ്ഞുപോയതേയില്ല. ഏതായാലും പിന്നീടയാൾ വിവാഹം കഴിച്ചില്ല. തൻെറ വള്ള വും കടത്തുമായയാൾ കഴിഞ്ഞുകൂടി. ദാമ്പത്യജീവി തത്തിൽ പരാജയം സംഭവിച്ചെങ്കിലും തൻെറ പ്രവ ൎത്തനമണ്ഡലത്തിൽ പരാജയപ്പെട്ടുവെന്നുപറഞ്ഞാൽ അയാളതു സമ്മതിച്ചുകൊടുക്കയില്ല. ഏതു സമയ ത്തും അയാൾ കടവിലുണ്ടായിരിക്കും. ഉറക്കമാണെ ങ്കിലൊന്നു വിളിച്ചാൽ മാത്രംമതി ഹമീദുകാക്കാ എ ണീററുവന്നുകഴിഞ്ഞു. എന്താണയാൾ ഈ വിധം

പ്രവർത്തിച്ചിരുന്നത്? തന്നെ ആശ്രയിക്കാതെ ഏതൊരുവനും ഈ കടവു കടക്കുക എളുപ്പമല്ലെന്ന് എല്ലാവരേയും മനസ്സിലാക്കണം. അങ്ങിനെ എല്ലാവർക്കും തന്നോടു വേഴ്ചയുണ്ടെന്നു കാണിക്കണം. അയാൾ പറയും: "ഏതു വലിയ തമ്പുരാൻ വന്നാലും ഇവിടം കടക്കണമെങ്കിൽ ഈയുള്ളോൻെറ സഹായം വേണം. നമ്മളുംകൂടിയാണെടാ ഈ ലോകം നടത്തിക്കൊണ്ടുപോണത്."

അടുത്തു പരിചയമുള്ളവർക്കേ അറിയാവൂ ഹമീദ് ആൾ ബഹുരസികനാണെന്ന്. സിനിമാ പാട്ടുകളും മററും പലതും അറിയാം. ചിലപ്പോൾ ആ പാട്ടും താളോം കാണാൻ ബഹുരസമാണ്. വള്ളത്തിൽവച്ചു ചിലപ്പോൾ നല്ല തമാശകൾ തട്ടിവിടും. അതു കേട്ടാലേതു ചിരിക്കാത്തവനും ചിരിച്ചുപോകും. പക്ഷെ ആളിനെക്കണ്ടാലതൊന്നും തോന്നുകയില്ല.

സ്കൂൾകുട്ടികൾ വരുമ്പോൾ ഹമീദിനെന്തൊരുത്സാഹമാണ്. അയാളുടെ ഹൃദയം സന്തോഷത്താൽ തുടിക്കുന്നതു കാണാം. മററുള്ളവരെക്കൊണ്ടൊരിക്കലും ഹമീദ് കുട്ടികളെ അക്കരയിക്കരെ കടത്തുകയില്ല. അവരെ അയാൾക്കു വിശ്വാസമില്ലാഞ്ഞിട്ടാണ്. ഒരിക്കൽ എന്തോ അസുഖമായിട്ട് ഹമീദു കിടപ്പായിരുന്നു. വെള്ളം അല്പം പൊങ്ങിക്കിടക്കയും. വള്ളക്കാരൻ വള്ളമൂന്നിയങ്ങുവിട്ടു. മുഴുവൻ സ്കൂൾകുട്ടികളായിരുന്നു. എന്തോ, വള്ളം ഒരു വശത്തേയ്ക്കൊന്നു

പാളി. അറിഞ്ഞില്ല അതിന്നുമുമ്പേ വള്ളം താണു കഴിഞ്ഞു. നിലയില്ല, നല്ലൊഴുക്കും. പല നീന്തുകാരും ചാടി കുട്ടികളെ രക്ഷപെടുത്തി. എന്തിനു പറയുന്നു, ഒടുവിൽ രണ്ടുപേരെ കണ്ടില്ല. പിറേറ ദിവസമാണവരുടെ ശവം താഴെയൊരിടത്തു പൊങ്ങിയതു്. ഹമീദിനെ, സ്വഭാര്യയുടെ മരണംകഴിഞ്ഞാൽ പിന്നെ ഏററം വിഷമിപ്പിച്ച സംഭവമിതായിരുന്നു. അതിൽ പിന്നെ ഹമീദു മാത്രമേ കുട്ടികളെ അക്കരെയിക്കരെ കടത്തുകയുള്ളു. ഹമീദാണു് വള്ളം വിടുന്നതെങ്കിൽ എല്ലാവർക്കും വള്ളത്തിൽ കയറുന്നതിനു നല്ലുറപ്പാണു്. ഏതൊഴുക്കും ചുഴിയും ഉണ്ടായാലും അയാളുടെ വള്ളം ഒരിക്കലും മുങ്ങുകയില്ല. എല്ലാവരും പറയും നദിയും ഹമീദുമായി എന്തോ ബന്ധമുണ്ടെന്നു്. ഈ പറച്ചിലിൽ അല്പം വാസ്തവമുണ്ടെന്നാർക്കും തോന്നും. ശരിയാണു്, ആ മനുഷ്യനും വള്ളവും നദിയും ഒന്നായിരിക്കയാണു്. അവർ തമ്മിലുള്ള ഐക്യമാണെല്ലാം.

പതിവായി കടത്തു കടന്നു പോകുന്നവരെയെല്ലാം ഹമീദിനു നല്ലവണ്ണമറിയാം. അവരാരെങ്കിലും താമസിച്ചാൽ, അല്ലെങ്കിൽ വന്നില്ലെങ്കിൽ അയാറം പറയും: "...നെ കണ്ടില്ലല്ലൊ. എന്തുപററി?" ഉടനെ അയാറം വന്നെങ്കിൽ പറയും: "അല്ല ഇങ്ങെത്തിയോ? ഞാൻ ഇപ്പോറം പറഞ്ഞതേയുള്ളു എന്താ വരാൻ താമസിക്കുന്നതെന്നു്. ഏതായാലും ദീർഘായുസ്സുണ്ടു്." എല്ലാവരും ഇതുകേട്ടു ചിരിക്കും.

കൊച്ചുകുട്ടികൾക്കു മിഠായി വാങ്ങിക്കൊടുക്കുക യെന്നതു് ഹമീദ്കാക്കായുടെ പതിവാണു്. കുട്ടികളുടെ സ്നേഹമാജ്ജിക്കാൻ ഇതിൽ നല്ല മാറ്ഗ്ഗമുണ്ടോ? ആക്കും എന്തു സഹായവും ചെയ്യാൻ അയാൾ തയ്യാറാണു്. ഭാര്യയുമൊന്നുമില്ലല്ലോ. പിന്നെ സമ്പാദ്യം ആക്കാണു്? ആരെന്താവശ്യപ്പെട്ടാലും കയ്യിലുണ്ടെങ്കിൽ കൊടുക്കും. ഇങ്ങനെയുള്ള ഹമീദുകാക്കായ്ക്കു് പാലംപണി തീൎന്നാൽ വിഷമിക്കുവാനെന്താണു്? ആരെങ്കിലുമിയാളെ സഹായിക്കാതിരിക്കുമോ? കിടപ്പാകുന്നതുവരെ എന്തെങ്കിലും പണിയെടുക്കാം. ഈ വിശ്വാസം കൊണ്ടാണയാൾ പറഞ്ഞിരുന്നതു്: "എന്തോന്നു പാലം! വന്നാലു് ഞമ്മക്കെന്താടാ?"

ഇത്രയൊക്കെ ധൈര്യം പറഞ്ഞിരുന്നെങ്കിലും അന്നുച്ചയ്ക്കു് സെക്ഷനാഫീസരുടെ ഉത്തരവു കിട്ടിയപ്പോൾ ഹമീദു വല്ലാതെ സ്തംഭിച്ചുപോയി. അയാൾക്കു നാവനക്കാൻ പാടില്ലാതെയായി. അന്നു വൈകുന്നേരംകൊണ്ടു് ഹമീദിൻെറ ജോലി അവസാനിക്കുമെന്നും വള്ളവും ചെങ്ങാടവുമെല്ലാം ഡിപ്പാർട്ടുമെൻറിനെ ഏല്പിക്കണമെന്നുമായിരുന്ന ഉത്തരവു്.

പുതുതായി പണികഴിപ്പിച്ച പാലത്തിൻെറ ഉൽഘാടനമാണു് അന്നു്. മന്ത്രിമാരും മററും വരുന്നുണ്ടു്. ചുററുപാടുമുള്ളവർ വന്നുകൂടിയിട്ടുണ്ടു് പാലം ഒന്നു കാണുവാൻ, അതിൻെറ ഉൽഘാടനത്തിൽ സംബന്ധിക്കുവാൻ. സകല ജനങ്ങളുടേയും ശ്രദ്ധ പാലത്തിലേക്കു് പതിഞ്ഞിരിക്കയാണു്.

ഹമീദ് ചായ മുഴുവൻ വലിച്ചുകുടിച്ചശേഷം കടയിലെ ബെഞ്ചിൽ നിന്നെഴുന്നേററു. ഉടനെ വാസുപിള്ള പറഞ്ഞു. "എന്താ ഹമീദ്കാക്കാ, വരുന്നോ പാലത്തിൻെറ ഉൽഘാടനം കാണാൻ?" ഹമീദ് വളരെ വിഷമിച്ച് ഇല്ലയെന്നു പറഞ്ഞൊപ്പിച്ചു. വാസുപിള്ളയുംകൂടി അവിടെ നിന്നുപോയി. എപ്പോഴും ആളുത്തിരക്കുണ്ടായിരുന്ന ആ കടവു മിക്കവാറും ശൂന്യമായി. ഹമീദിൻെറ ലോകം നശിക്കുന്നതായയാൾക്കു തോന്നി. അയാൾ കാപ്പിക്കടയുടെ പിന്നിൽനിന്നും ഒരു തൊണ്ടെടുത്ത് സാവധാനത്തിൽ ആററിലേക്കു നടന്നു. ഉടുത്തിരുന്ന കുറിയമുണ്ടൊന്നു ചരിച്ചുകയററി വെള്ളത്തിലിറങ്ങി വഞ്ചിയുടെ അടുത്തെത്തി. വളരെ വർഷങ്ങളായി ഉപയോഗിച്ചുകൊണ്ടിരുന്ന വള്ളത്തിനന്നും വലിയ കേടൊന്നുമില്ലായിരുന്നു. ഹമീദ് വള്ളം കരയിലേക്കു വലിച്ചുറപ്പിച്ചുവച്ച് പതുക്കെ അതു തേച്ചുകഴുകുവാൻ തുടങ്ങി. അയാളുടെ പെരുമാററം കണ്ടാൽ നമുക്കുതോന്നും ആ വള്ളവും ഒരു ജീവനുള്ള വസ്തുവാണെന്ന്. ഒരമ്മ, ചെളിയിൽ കിടന്നു മറിഞ്ഞ ഒരോമനക്കുട്ടനെ സ്നേഹപൂർവ്വം തേച്ചു കുളിപ്പിക്കുന്നതുപോലെയാണ് ഹമീദ് തൻെറ വള്ളം തേച്ചുകഴുകിയതു്. തൻെറ ചിരകാലസുഹൃത്തിനെ പിരിയുവാനയാൾക്കു വളരെയധികം വിഷമമുണ്ടായിരുന്നുവെന്നതു് സ്പഷ്ടമായിരുന്നു. ഹമീദ് എന്തൊക്കെയോ നിർജ്ജീവമായ ആ വഞ്ചിയോടു പറയുന്നുണ്ടായിരുന്നു. അതു കേട്ടിട്ടാവാം ചില പൊന്മാ

കൾ വായുവിൽ പറന്നുനിന്ന് "ക്‌ല-ക്‌ല-ക്‌ല" എന്നു പൊട്ടിച്ചിരിച്ചത്. എന്നാൽ ശാന്തഗംഭീരയായ ആ നദി ലോകഗതിയങ്ങിനെയാണെന്നു മന്ത്രിച്ചുകൊണ്ട് തുടൎന്നൊഴുകിക്കൊണ്ടിരുന്നു.

ഏകദേശം രണ്ടു ഫർലോംഗപ്പുറത്തുള്ള പാലത്തിൻെറ ഉൽഘാടനകൎമ്മം അടുത്തു. ഉച്ചഭാഷിണികളിൽക്കൂടി വന്നിരുന്ന മധുരസംഗീതമെങ്ങും അലയടിച്ചുകൊണ്ടിരുന്നു. പക്ഷെ ഹമീദിൻെറ ഹൃദയത്തിലെ ശോകാത്മകസംഗീതം ആ നദിയും ആ വഞ്ചിയുമല്ലാതെ മററാരും ശ്രവിച്ചുകാണുകയില്ല. അയാളുടെ മുഖം വല്ലായ്മ പൂണ്ടിരുന്നു. കണ്ണുകളിൽനിന്നും ബാഷ്പധാരയൊഴുകുന്നുണ്ടായിരുന്നു. വള്ളം ഭംഗിയായി കഴുകിയശേഷം അയാൾ അവിടെയുണ്ടായിരുന്ന കോൺക്രീററു തൂണിൽ കൊണ്ടുപൂട്ടിയിട്ടു. ആ പ്രിയസുഹൃത്തിനെ അവസാനമായൊന്നു ചുംബിച്ചശേഷം ഹമീദ് കരയിലേക്കു കയറി. പെട്ടെന്നു തലചുററി അയാൾ മറിഞ്ഞുവീണു. അയാളുടെ തല ചെന്നു വള്ളത്തിൻെറ വക്കിലടിച്ചു. അതു കണ്ടപ്പോൾ ആ നദിപോലും ഞെട്ടിപ്പോയി.

പാലത്തിൻെറ ഉൽഘാടനം കഴിഞ്ഞു. മന്ത്രിമാർ വളരെ ദീർഘമായി പ്രസംഗിച്ചു. പ്രസംഗം തീരാറായപ്പോൾ കാപ്പിക്കടക്കാരൻ വാസുപിള്ള പെട്ടെന്നു യോഗമണ്ഡപത്തിലേയ്ക്കോടിച്ചെന്നു പറഞ്ഞു: "യജമാനനേ ഒരു സങ്കടമുണ്ടു്. പാലം വന്ന

തോട്ടുകൂടി എൻെറ കച്ചവടമാകെപ്പൊളിഞ്ഞു. പക്ഷേ അതു പോകട്ടെ. ആ കടത്തുകാരൻ ഹമീദ്കാക്കായുടെ കാര്യം ഇനിയെങ്ങിനെയാണു്? മുപ്പതിൽ പരം കൊല്ലങ്ങളായിക്കാണും അയാൾ കടത്തുകാരനായിട്ടു്. അയാൾക്കെന്തെങ്കിലും ഒരു ജീവിതമാർഗ്ഗമുണ്ടാക്കിക്കൊടുക്കണം."

മന്ത്രിക്കു നിഷേധിക്കുവാൻ വയ്യാത്ത ഒരു അപേക്ഷയായിരുന്നു അതു്. അദ്ദേഹം എഞ്ചിനീയറെ വിളിച്ചുചോദിച്ചു. അല്പം കഴിഞ്ഞുപറഞ്ഞു:

"കടത്തുകാരൻ ഹമീദിനെ അയാൾക്കാവുന്നിടത്തോളം കാലം ഈ പാലത്തിൻെറ സൂക്ഷിപ്പുകാരനായി നിയമിക്കുന്നതാണു്."

ഈ പ്രസ്താവന കേട്ടപ്പോൾ ജനങ്ങളെല്ലാം ഉച്ചത്തിൽ കയ്യടിച്ചു. വാസുപിള്ളയ്ക്കുതിൽപരമൊരു കൃതാർത്ഥതയ്ക്കു വകയില്ല. ഈ വാർത്തയറിയിക്കുവാൻ അയാൾ കടവിലേയ്ക്കോടിപ്പോയി. ദൂരെ നന്നേ "ഹമീദ്കാക്കാ...ഹമീദ്കാക്കാ..." എന്നു വിളിച്ചുകൊണ്ടാണു് വന്നതു്. പക്ഷെ ഹമീദിൻെറ ശബ്ദമൊ അനക്കമോ കേട്ടില്ല. കടവിൽ ചെന്നയാൾ സൂക്ഷിച്ചുനോക്കി. ഒരാൾ പകുതി വെള്ളത്തിലും പകുതി കരയിലുമായി കിടക്കുന്നതു കണ്ടു. നിശ്ചലമായ ആ ശരീരത്തെ നദി സാവധാനത്തിൽ തലോടിക്കൊണ്ടിരുന്നു.

# ആമ്പൽപ്പൂക്കൾ

ആ മാവു് ഇന്നും അവിടെ നില്ക്കുന്നുണ്ടു്. സന്ധ്യാവേളയിൽ അതിൻെറ ഇരുണ്ടരൂപം കാണുമ്പോൾ എനിക്കു ചില അവസരങ്ങളിൽ ഭയം തോന്നും.

കുറെ വർഷങ്ങൾക്കു മുമ്പുണ്ടായ കഥയാണു്. അന്നെനിക്കു് ഏഴോ എട്ടോ വയസ്സുകാണും. ആ വിശാലമായ പുരയിടത്തിൽ പുത്തനായി പണിതീർത്ത കെട്ടിടത്തിൽ താമസം തുടങ്ങിയിട്ടു് ഏതാനും മാസം കഴിഞ്ഞിരുന്നു. അച്ഛൻ അന്നു് തിരുവനന്തപുരത്തു് ഡോക്ടരായിരുന്നു. ഞാനാദ്യമായിരുന്നു ഒരു ഗ്രാമപ്രദേശത്തു് താമസിക്കുക. പട്ടണത്തിലെന്തു രസമാണു്. ആ നാട്ടിൻപുറത്തെ വീട്ടിൽ ഞാനും അമ്മയും അമ്മാവനും അമ്മൂമ്മയും മാത്രമേ ഉണ്ടായിരുന്നുള്ളു. എൻെറ ജീവിതം എനിക്കൊരു ജയിൽവാസം പോലെ തോന്നി. തിരുവനന്തപുരത്തായിരുന്നെങ്കിൽ വൈകിട്ടു് പാർക്കിൽപോകാം. നല്ല സിനിമാ വരുമ്പോൾ അച്ഛൻ എന്നെയും കൂട്ടിക്കൊണ്ടുപോ

THE KOTTAYAM PUBLIC L... KOTTAYAM.

കും. മററെന്തെല്ലാം വിനോദങ്ങൾ! പുതിയ കാറിൽ കയറിയുള്ള സഞ്ചാരം! ഇതെല്ലാം വിട്ടിട്ടാണ് ആ ഗ്രാമപ്രദേശത്തു താമസം തുടങ്ങിയതു്. ഞാനെപ്പോഴും അമ്മയോടു പറയും. "അമ്മേ നമുക്കും തിരുവനന്തപുരത്തേക്കു പോകാം. ഇവിടെ താമസിക്കാൻ ഒരു രസവുമില്ല."

"അങ്ങനെയെന്നും പട്ടണത്തിൽ താമസിച്ചാൽ ഈ വീടും പുരയിടവും പിന്നൊന്നിനും കൊള്ളുകയില്ല. ഇവിടെന്താ കുറവ്? വല്ല സാധനവും വിലകൊടുത്തു വാങ്ങണോ? പഠിക്കാനും മററും എന്തു സൗകര്യമാണ്."

അങ്ങനെ തുടങ്ങും അമ്മ. ഞാൻ വീട്ടിൽ നിന്നൊങ്ങോട്ടെങ്കിലുമിറങ്ങാൻ സമ്മതിക്കയില്ല. ഒരു ദിവസം വൈകിട്ട് ആരും കാണാതെ പുറകിലുള്ള വാതിൽ തുറന്ന് സാവധാനത്തിൽ പടിഞ്ഞാട്ടുനടന്നു. നല്ല തെങ്ങിൻതോപ്പാണ് മുഴുവൻ. അതിനപ്പുറത്തു വിശാലമായൊരു പാടം. പാടത്തിന്റെ കരയിൽ ഒരു ചിറയുണ്ട്. ഞാൻ നടന്നാ ചിറയിലെത്തി. അവിടെയാണാമാവു നിൽക്കുന്നതു്. ഒരു ക്രൂരൻ മാവ്. അതിനടുത്തൊരു കുളമുണ്ട്. ഞാൻ കുളക്കരയിൽ നിന്നുനോക്കി. കുളം നിറയെ ആമ്പൽപ്പൂക്കൾ! നക്ഷത്രങ്ങൾ പോലെ വിടർന്നുനില്ക്കുന്നു. എനിക്കാകുളത്തിലൊന്നു ചാടിക്കളിച്ചാലെന്താണെന്നു തോന്നി.

മനോഹരമായ പൂക്കൾ! അവയെല്ലാം കരയിൽ നിന്നു സ്വല്പം അകന്നിട്ടാണ്. എങ്ങിനെയാണു പ

റിക്കുന്നതു്? ഏതായാലും വെള്ളത്തിലേക്കിറങ്ങി. മുട്ടുവരെയായി വെള്ളം; കൈ നീട്ടി എത്തുന്നില്ല. സ്വല്പം കൂടി ഇറങ്ങി; ഒരു പൂവിൻെറ ഇതളിൽ പിടികിട്ടി. സാവധാനത്തിൽ അടുപ്പിച്ചു തണ്ടിൽ പിടിച്ചൊരു വലി. തണ്ടു ചുവട്ടിൽനിന്നു വേർപെട്ടുപോന്നു. ഒരു നിധി കിട്ടിയ ഭാവത്തോടു ഞാൻ കരയ്ക്കുകയറി.

അപ്പോഴാണു് ഞാനന്ധാളിച്ചു പോയതു്. കാലിലെന്തോ കറുത്ത സാധനം പററിയിരിക്കുന്നു. കാലൊന്നു കുടഞ്ഞു. പോകുന്നില്ല. കറുത്ത റബ്ബർ പോലിരിക്കുന്നു. കൈകൊണ്ടു് വലിച്ചു പറിക്കാൻ നോക്കി. തൊടാനെന്തൊരറപ്പു്. ഒരു കമ്പെടുത്തു കുത്തി നോക്കി. ഒരു ഗുണവുമില്ല. ഉറക്കെ കരഞ്ഞാലെന്താണെന്നു് എനിക്കു തോന്നി. അമ്മയറിഞ്ഞാൽ കുളത്തിൽ ഇറങ്ങിയതിനു ശകാരിക്കും. കരയാതിരുന്നാലോ?

പെട്ടെന്നു ഞാനൊരു പൊട്ടിച്ചിരി കേട്ടു്തിരിഞ്ഞുനോക്കി. ഒരു പുലയക്കിടാത്തൻ ചിരിച്ചുകൊകൊണ്ടോടിവരുന്നു.

"എന്താ, അട്ട കടിച്ചു. അല്ലേ? പേടിക്കേണ്ട." എന്നു പറഞ്ഞുകൊണ്ടു് അവൻകൊണ്ടുവന്ന ചുണ്ണാമ്പു് കുറെ അട്ടയുടെ ദേഹത്തു പുരട്ടി. ഉടനെ അട്ട പിടിവിട്ടു് നിലത്തുവീണു. ഞാനപ്പോഴാണു് ശ്വാസം വിട്ടതു്. അവൻ ആ അട്ടയെ എടുത്തു കുളത്തിലേയ്ക്കെറിഞ്ഞു. ഞാനവനോടു ചോദിച്ചു "അട്ടയെന്തിനാ കടിക്കുന്നെ?"

"അതു നമ്മുടെ ചോരകുടിക്കും. വയറുനിറയു മ്പോ പിടിവിട്ടേച്ചു പോകും. ഈ കുളത്തിലെന്തോരുണ്ടെന്നോ!"

"പിന്നെങ്ങിനെയാ പൂ പറിക്കുന്നെ."

"കുളത്തിലെറങ്ങി പറിക്കും."

"അട്ട കടിക്കൂല്ലെ?"

"കടിക്കും."

"അപ്പോ പേടിയാവൂല്ലെ?"

"പേടിയൊന്നൂല്ല. ഇനീം പൂവേണോ? ഞാനിപ്പോ പറിച്ചോണ്ടു വരാം."

ഞാൻ വേണ്ടെന്നു പറഞ്ഞെങ്കിലും അവൻ കുളത്തിലിറങ്ങി രണ്ടു കയ്യും നിറയെ പൂക്കൾ പറിച്ചുകൊണ്ടുവന്നു. ഒരു പൂവിൻെറ അല്ലിയെടുത്തെനിക്കു തന്നിട്ടുപറഞ്ഞു, "തിന്നോ നല്ലതാ."

ഞാനതു തിന്നാൻ മടിച്ചു. അട്ടകളുള്ള കുളത്തിലെയല്ലെ?

"തിന്നോ. ഒന്നൂല്ല. നല്ലതാ" അവൻ വീണ്ടും പറഞ്ഞു. ഞാനതു വായിലിട്ടു ചവച്ചു. എന്തോ തിന്നാനൊരു രസമുണ്ട്. വീണ്ടുമൊരല്ലി അവനെടുത്തുനീട്ടിക്കൊണ്ടു പറഞ്ഞു "ദേ ഇതു മൂത്തതാ"

അതു വാങ്ങിക്കൊണ്ടു പറഞ്ഞു, "കുളത്തിലിറങ്ങിയപ്പോൾ നിന്നെയെന്താ അട്ട കടിക്കാഞ്ഞതു്?"

"ഞാൻ വേഗം കയറിപ്പോന്നില്ലേ? അതാ. പതുക്കെ നിന്നാൽ ഉടൻ പിടികൂടും."

ഇത്രയുമായപ്പോഠം കേഠക്കാം ദൂരെനിന്നുള്ള വിളി.

"രാജാ... രാജാ..."

അമ്മയാണു്. ഞാനാപൂക്കളുമെടുത്തുകൊണ്ടെ ണീററു. അമ്മ വളരെ കോപത്തോടുകൂടിയാണു് വ രുന്നതു്. കയ്യിൽ ഒരു വടിയുമുണ്ടു്. ഭയത്തോടുകൂ ടി ഞാൻ അമ്മയുടെയടുത്തേയ്ക്കു ചെന്നു. അമ്മയുട നെ വിളിച്ചു "എടാ കറത്തേ ഇങ്ങുവന്നേ." അവൻ വിനയപൂർവ്വം വേഗം അടുത്തുചെന്നു. അമ്മയവൻെറ ശൂന്യമായ തുടയിൽ രണ്ടടി കൊടുത്തു. അടിയുടെ പാടു് തെളിഞ്ഞുവരുന്നതു ഞാൻ കണ്ടു. അപ്പോഴെ ൻെറ ഹൃദയം വല്ലാതെ വേദനിച്ചു.

വീട്ടിൽ ചെന്നപ്പോഠം ഞാൻ ചോദിച്ചു "അ മ്മയെന്തിനാ കറത്തയെ അടിച്ചതു്?"

"അവനെന്തിനാ നിൻെറടുത്തു വന്നതു്? അവ രെല്ലാം ചീത്തയാ. അവരുടെയടുത്തെങ്ങും പോക രുതു്."

"അതെന്താ? ഞാനാ കുളത്തിലിറങ്ങിയപ്പോളെ ന്നെ ഒരട്ടകടിച്ചു. ഞാൻ ഭയന്നു വിഷമിക്കുന്നതു ക ണ്ടപ്പോളവൻ വേഗം ഓടിവന്നു് കുറച്ചു ചുണ്ണാമ്പു പുരട്ടിയപ്പോഠം അട്ട താഴെ വീണു. പിന്നവനാണു് എനിക്കീപൂവെല്ലാം പറിച്ചു തന്നതു്."

"നിന്നോടാരു പറഞ്ഞവിടെയൊക്കെ പോ വാൻ? അട്ടേടെക്കൂട്ടുതന്നെ അവരും ചോരയൂററിക്കു ടിക്കും. നീയിനിയുമൊരിക്കലും അവിടെയെങ്ങും പോ യേക്കരുതു്."

KOTTAYAM PUBLIC LIBRARY. KOTTAYAM. No. 2515

അമ്മയുടെ പെരുമാററമൊന്നും എനിക്കത്ര പിടിച്ചില്ല. എങ്കിലും പിന്നീടു കുറേനാൾ ഞാനാകുളത്തിനടുത്തു പോയിട്ടേയില്ല.

വീണ്ടും ഒരു ദിവസം ഞാൻ കറുത്തയെ തിരക്കിച്ചെന്നു. കുളത്തിൽ ആമ്പൽപൂക്കൾ അനേകം വിടർന്നു നിൽക്കുന്നുണ്ടായിരുന്നു. സ്വർണ്ണ നിറത്തിലുള്ള അതിൻെറ അല്ലി. അട്ടയുടെ കാര്യമോർത്തപ്പോളൊരു ഭയം. "പൂക്കളുള്ള കുളത്തിൽ അട്ട. ചോര കുടിക്കുന്ന അട്ട. എന്തു കഷ്ടമാണ്!" ഞാൻ ചിന്തിച്ചു.

സ്വല്പസമയം കഴിഞ്ഞപ്പോൾ കറുത്ത എന്നെ കണ്ടുകൊണ്ടോടി വന്നു. ഒരു കൗപീനം മാത്രമെ അവൻ ധരിച്ചിരുന്നുള്ളു. "പൂവേണോ" അവൻ ചോദിച്ചു.

"വേണ്ട." ഞാൻ പറഞ്ഞു.

"നിൻെറ പേരെന്താ?"

"എൻെറ പേരു കറുത്ത. കുഞ്ഞിൻെറയോ?"

"രാജൻ. നിൻെറ വീടേതാ?"

"ദാ അവിടെ കണ്ടോ ഒരു ചെറിയ മാടം." ഓല കൊണ്ടുള്ള ഒരു മാടം ചൂണ്ടിക്കാട്ടിക്കൊണ്ടു് അവൻ പറഞ്ഞു.

"അതിലെങ്ങിനെയാ താമസിക്കുന്നെ?"

"ഞങ്ങക്കു കുഞ്ഞിൻെറക്കൂട്ട് വീടൊന്നുമില്ല."

"നിൻെറ വീട്ടിലാരൊക്കെയുണ്ടു്?"

"ഞാനും അച്ഛനും."

"അമ്മയില്ലേ?"

"ഇല്ല."

"അപ്പോ പിന്നെ കഞ്ഞീം കറീം വയ്ക്കുന്നതാരാ?"

"അമ്മ കഴിഞ്ഞാണ്ടിലാ ചത്തത്. വസൂരിയായിരുന്നു. കുഞ്ഞിൻറമ്മാവനു വസൂരിവന്നപ്പം എൻറമ്മയാരുന്നു അവിടെ അഴക്കു നനയ്ക്കുന്നെ. അമ്മയ്ക്കും വസൂരിവന്നു. ചത്തുപോയി. ഇപ്പോ ഞാനും അച്ഛനും മാത്രമേ ഉള്ളു. ഞാനാ കഞ്ഞിവയ്ക്കുന്നെ."

"നിനക്കു കഞ്ഞീം കറീം വയ്ക്കാനറിയാമോ?"

"അതെനിക്കറിയാം. രാത്രീലാ കഞ്ഞിവയ്ക്കുന്നെ. അത്താഴം കഴിച്ചിട്ട് ബാക്കി പഴംചോറായി വച്ചേക്കും. രാവിലെയതു കുടിക്കും?"

"പിന്നുച്ചയ്ക്കോ?"

"ഉച്ചയ്ക്കൊന്നുമില്ല."

"കരുത്തെയ്ക്കു പിന്നെ പകലെന്താ ജോലി?"

"എനിക്കൊരാടുണ്ട്." അല്പം ദൂരെ മേഞ്ഞുകൊണ്ടു നടന്ന ആടിനെ ചൂണ്ടിക്കാട്ടിക്കൊണ്ടു പറഞ്ഞു.

"അതിനെ തീററാൻ പോകും. ഇപ്പോ ചനയൊണ്ട്. മൂന്നുമാസംക്രുടി കഴിയുമ്പോ പെറും. പെററാ ചെലപ്പോ രണ്ടു കുട്ടികാണും. കുഞ്ഞിനാട്ടുംകുട്ടിയെ ഇഷ്ടമാണോ?"

"എനിക്ക് വല്യ ഇഷ്ടമാ. എന്നാലുമെനിക്കൊരാടിനെ വാങ്ങിത്തരില്ല. നിനക്കെന്തു് സുഖമാണ്.

എനിയ്ക്കെപ്പോഴും ജോലിയാ-എനിക്കൊട്ടുമിഷ്ടമി ല്ലാത്ത ജോലി. രാവിലെ എഴുന്നേററു പല്ലുതേച്ചു ക ഴിഞ്ഞാലുടൻ ഒരു ഗ്ലാസ് പാല് കുടിക്കണം. പിന്നെ ഒരു റ്റ്യൂഷൻ മാസ്റ്ററുവരും. കണക്കെല്ലാംചെയ്തുവ ച്ചില്ലെങ്കിൽ അടിക്കും. പിന്നെ ഒത്തിരിവായിക്കണം. കളിക്കാനൊന്നുമെനിക്കു സമയമില്ല. രാത്രിയിലും വായിക്കണം. ഒൻപതുമണികഴിഞ്ഞേ ഊണുതരൂ.. ഞാൻ കൂടെ നിൻെറ കൂടെ വരട്ടെ?"

"ഞാൻ വല്ലോം പറഞ്ഞാൽ കുഞ്ഞിൻെറമ്മ യെന്നെതല്ലിക്കൊല്ലും."

"അയ്യോ! അമ്മയിപ്പോൾ വന്നുകാണും. ഇനി ഞാൻ നാളെവരാം." ഞാൻ ഓടിപ്പോന്നു. എന്നെ ക്കാണുമ്പോൾ കറുത്തയ്ക്കെന്തൊരു സന്തോഷമാണ്. എനിക്കുവേണ്ടി എന്തും ചെയ്യാൻ തയ്യാറാണവൻ. കറുത്തതാണെങ്കിലുമാ ശരീരത്തിനെന്തൊരഴകായി രുന്നു!

ഉച്ചയ്ക്കൂണു കഴിഞ്ഞു് അമ്മകിടന്നുറങ്ങു മ്പോൾ ഞാൻ ദിവസവും കറുത്തയെ കാണുവാൻ പോകും. ഞാൻ ചെല്ലുമ്പോഴേക്കും അവൻ ഒരാമ്പ ല്പൂമാലയുണ്ടാക്കിവച്ചിരിക്കും. അവനൊരു ചൂണ്ട യുണ്ട്. ചിലപ്പോൾ ഞങ്ങൾ ചൂണ്ടയിടും. മാമ്പഴം വല്ലതും വീണുകിട്ടിയാൽ അവനതു സൂക്ഷിച്ചുവ ച്ചേക്കും. ഞങ്ങൾ രണ്ടുപേരുമൊത്തെ തിന്നൂ. ഞാൻ ചിലപ്പോഴെല്ലാം ബിസ്കറും, മിഠായിയും

മററുമവന് കൊടുക്കും. കറുത്തയുമായുള്ള കൂട്ടുകെട്ടെൻറ മനസ്സിനാദ്യം തോന്നിയ വിഷമതകളെല്ലാം മായിച്ചുകളഞ്ഞു. കറുത്തയെപ്പോലെ ഒരു ആത്മാർത്ഥ സ്നേഹിതനെ ഞാനൊരിക്കലും കണ്ടിട്ടില്ല. നിഷ്കളങ്കതയ്ക്കെന്തൊരാകർഷണീയതയാണ്!

ഇങ്ങനെ പല മാസങ്ങൾ കഴിഞ്ഞു ഞാൻ കറുത്തയുമായി കളിക്കാൻ പോകുമെന്നമ്മയ്ക്കറിയാമായിരുന്നു. ഏതായാലും പിന്നിടെന്നെ ശകാരിച്ചിട്ടില്ല.

ഒരു ദിവസം ഞാൻ ചെന്നപ്പോൾ കറുത്തയെ മാവിൻ ചുവട്ടിൽ കണ്ടില്ല. ഞാൻ വേഗമവൻെറ കുടിലിലേയ്ക്കോടിച്ചെന്നു. അവിടെ ആ തണുത്ത തറയിൽ ഒരു പഴയ പായിൽ കിടക്കുന്നുണ്ട്. എന്നെ കണ്ടുകൊണ്ടവനെഴുന്നേററിരുന്നു.

"കറുത്തേ നിനക്കെന്താ?"

"കുഞ്ഞേ എനിക്കു പനിയാ. ദേ ഒന്നു തൊട്ടു നോക്കിക്കെ!" ഞാൻ തൊട്ടുനോക്കി. തീയ്യിൽ തൊട്ടതുപോലെ പൊള്ളുന്നു.

"മരുന്നൊന്നുമില്ലേ?" "മരുന്നച്ഛൻ കൊണ്ടുവരാമെന്നു പറഞ്ഞിട്ടുണ്ട്. അച്ഛൻ സന്ധ്യയ്ക്കേ വരുള്ളൂ".

ഞാനുടനെതന്നെയവിടെ നിന്നോടി വീട്ടിലെത്തി അമ്മയോടു പറഞ്ഞു:"അമ്മേ കറുത്തയ്ക്കു പനിയാണ്. കുറച്ചുമരുന്നെന്തെങ്കിലും കൊണ്ടുകൊടുക്കണം."

"ഇവിടെ മരുന്നൊന്നുമില്ല അവററയ്ക്കു കൊടുക്കാൻ. നീയിനിയങ്ങോട്ടേങ്ങും പോകരുതു്. ഈ പനി പകരുന്നതാ."

അമ്മയ്ക്കു വലിയ പ്രയാസമായി ഞാനവൻെറ അടുക്കൽ ഒളിച്ചുപോകുമെന്നു്. ഏതായാലും രണ്ടു മൂന്നു ദിവസം കഴിഞ്ഞപ്പോളെന്നെ തിരുവനന്തപുരത്തു് അച്ഛൻെറയടുത്തേയ്ക്കു് പറഞ്ഞയച്ചു. ഞാൻ മനസ്സില്ലാ മനസ്സോടെയാണു് പോയതു്.

തിരുവനന്തപുരത്തു ചെന്നിട്ടും എനിയ്ക്കൊരു സന്തോഷവും തോന്നിയില്ല. അവിടത്തെ ബഹളവും മററും എന്നെ അസ്വസ്ഥനാക്കി. അച്ഛനും പലപ്പോഴും ചോദിച്ചു,

"കുഞ്ഞേ നീയെന്താണിങ്ങനെ മിണ്ടാതിരിക്കുന്നതു്?"

"എനിക്കു വീട്ടിൽ പോണം."

"വരുന്നമാസമാകട്ടെ. നമുക്കൊന്നിച്ചു പോകാം."

ഞാൻ തിരുവനന്തപുരത്തു് ഏകദേശം രണ്ടുമാസം താമസിച്ചു. അതിനുശേഷം ഞാനുമച്ഛനുംകൂടി വീട്ടിലേക്കു തിരിച്ചു. കറത്തയുടെ വിവരം അറിയുവാനാണു് എൻെറ മനസ്സു് കുതിച്ചിരുന്നതു്.

വീട്ടിൽ വന്നിറങ്ങിയ ഉടനെ തന്നെ ഞാൻ ആരും കാണാതെ കറത്തയുടെ കുടിലിലേക്കോടിച്ചെന്നു. ആ ആത്മസുഹൃത്തിനെ ഞാനവിടെയെങ്ങും കണ്ടി

ല്ല. അവൻെറയച്ഛൻ കുനിപ്പിടച്ച് മുട്ടിനിടയിൽ തലയുമിട്ടിരിക്കുന്നതുകണ്ടു.

"കരുത്തയെവിടെ?" ഞാൻ ചോദിച്ചു.

അയാൾ തലപൊക്കിയെന്നെ നോക്കി. പെട്ടെന്നാ കണ്ണുകൾ നിറഞ്ഞു. ചുണ്ടുകൾ വിറച്ചു. വീണ്ടും കുനിഞ്ഞിരുന്നു. ഞാൻ വല്ലാതെ ഭയപ്പെട്ടുപോയി. അല്പം കഴിഞ്ഞു് ഗൽഗദത്തോടുകൂടി അയാൾ പറഞ്ഞു.

"ആ മാഞ്ചോട്ടിലുണ്ട്."

എനിക്കു നടക്കാൻ കാൽ നീങ്ങിയില്ല. ഒരു വിധത്തിലാ മാവിൻ ചുവട്ടിലെത്തി. അതാ അവിടെയൊരു കുഴിമാടം. ഇളകി കിടക്കുന്ന പുതുമണ്ണ്. ഞാനതിൻെറയടുത്തു ചെന്നിരുന്നു. എൻെറ കണ്ണുകളിൽനിന്നും കണ്ണുനീർ ധാരയായി ഒഴുകുന്നുണ്ടായിരുന്നു. എൻെറ ഹൃദയം പൊട്ടിക്കീറുന്നതായി എനിക്കുതോന്നി.

# സർട്ടിഫിക്കററ്

പതിവുപോലെ അന്നും സന്ധ്യയായപ്പോൾ ആ മാതാവു് വിളക്കു കൊളുത്തി മക്കളെ അരികെ വിളിച്ചിരുത്തി പ്രാർത്ഥനയ്ക്കു തയ്യാറായി. മേരിയും റോസിയും ഭയഭക്തിപൂർവ്വം വിളക്കിന്നടുത്തു വന്നിരുന്നു. പതിന്നാലും പത്തും വയസ്സുവീതം കാണും ആ പെൺകുട്ടികൾക്കു്. അമ്മ പാട്ടുപുസ്തകമെടുത്തു് മൂത്ത മകളുടെ കയ്യിൽ കൊടുത്തിട്ടു് പറഞ്ഞു: "മേരി ഒരു നല്ല പാട്ടുപാടു്." മേരിയും റോസിയും കൂടി ഒരു കീർത്തനം ഭംഗിയായി ഉച്ചത്തിൽ പാടി.

എല്ലാ ദിവസവും ഈ കുടുംബത്തിൽ പ്രാർത്ഥനാസമയത്തു് ഈ പെൺകുട്ടികളുടെ മധുരമായ ഗാനമുയരും. പാട്ടുപാടിക്കഴിയുമ്പോൾ മറിയാമ്മ ബൈബിളിൽ നിന്നും ചില ഭാഗങ്ങൾ വായിക്കും. അതിനുശേഷം എല്ലാവരും മുട്ടിന്മേൽ നിന്നുകൊണ്ടു പ്രാർത്ഥനകൾ ചൊല്ലും. മൂന്നു മക്കളുടെ മാതാവായ ആ വിധവയ്ക്കു് 'ദൈവമല്ലാതെ മററാരാണു് തുണ.' അവരുടെ ഭർത്താവു മരിച്ചിട്ടു് ആറു നീണ്ട വർഷങ്ങൾ കഴി

ഞ്ഞിരുന്നു. ഇക്കാലമെല്ലാം ആ സ്ത്രീ എത്ര പാടുപെട്ടാണു് ഓരോ ദിവസവും തള്ളിനീക്കിയിരുന്നതു്.

അപ്പൻ മരിച്ചപ്പോൾ അന്തോണി രണ്ടാംഫാറത്തിൽ പഠിക്കുന്നതേയുള്ളു. എങ്ങിനെയെങ്കിലും അഞ്ചാറുവർഷം കഴിയണം. അന്തോണി സ്കൂൾ ഫൈനൽ ജയിക്കും. അവനെവിടെയെങ്കിലുമൊരുദ്യോഗം കിട്ടും. പിന്നെ കുടുംബത്തിനെങ്ങിനെയെങ്കിലും കരകേറാം. ഇതായിരുന്നു മറിയാമ്മയുടെ ഏക ആശ്രയം.

അന്തോണി ആറാം ഫാറത്തിലായപ്പോൾ അവന്റെ വിജയത്തിനുവേണ്ടി അമ്മയെന്നും പ്രാത്ഥിക്കും. അന്തോണിയും എപ്പോഴും വിചാരിക്കും എങ്ങിനെയെങ്കിലും S. S L. C.ഒന്നു പാസ്സായി എവിടെയെങ്കിലും ഇറങ്ങിപ്പോയെങ്കിൽ എന്നു്. എത്ര നാളാണു് പട്ടിണിയിൽ കഴിഞ്ഞുകൂടുന്നതു്? ആ മാതാവു് എല്ലുനുറുങ്ങെ പണിയെടുത്താലും ആ കുടുംബം അർദ്ധപട്ടിണിയിൽ കൂടെയെങ്കിലും പുലത്താൻതന്നെ പ്രയാസം. കീറിയ മുണ്ടും ഷർട്ടും, എല്ലന്തിവിളറിയ ശരീരവുമാണു് അന്തോണിയുടേതു്. "ഞാൻ ജയിച്ചു് ഒരുദ്യോഗസ്ഥനാകുമ്പോൾ ഈ ഭാവമെല്ലാം മാറുകയില്ലേ? പിന്നെ അമ്മയധികം അദ്ധ്വാനിക്കേണ്ട. മേരിക്കും റോസിക്കും നല്ല വസ്ത്രങ്ങളും ആഭരണങ്ങളും ധരിക്കാം." അന്തോണി ചിലപ്പോൾ പറയും. ആ ഭവനത്തിലുള്ളവരെല്ലാം അന്തോണിയുടെ വിജയ

ത്തിന്നായി ആകാംക്ഷയോടുകൂടി കാത്തിരിക്കുകയാണു്. അവരുടെ ദൈനംദിന ജീവിതത്തിനു സാക്ഷിയായി നിൽക്കുന്ന അചേതന വസ്തുക്കൾപോലും ആഗ്രഹിച്ചുകാണും അന്തോണി ജയിക്കണമെന്നു്.

ദിവസങ്ങൾ പെട്ടെന്നു കടന്നുപൊയ്ക്കൊണ്ടിരുന്നു. സ്കൂൾ ഫൈനൽ പരീക്ഷ കഴിഞ്ഞു. അന്തോണി ഒരുവിധം നന്നായിട്ടെഴുതി. പരീക്ഷാഫലം അറിയുന്നതുവരെയുള്ള രണ്ടു മാസക്കാലം ആ കുടുംബാംഗങ്ങൾ എങ്ങിനെയാണു് കഴിച്ചതെന്നു പറയാൻ പ്രയാസം.

ഒടുവിൽ ഒരു ദിവസം പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തി. അന്തോണി ജയിച്ചു. മറിയാമ്മ ദൈവത്തെ സ്തുതിച്ചു. കുട്ടികളുടെയെല്ലാം മുഖം പ്രസന്നമായി. അന്തോണിയുടെ മുഖത്തു് സംതൃപ്തിയും സന്തോഷവും കളിയാടി. അന്നു വൈകിട്ടു് മറിയാമ്മ അയൽപക്കത്തെ കുട്ടികളെ ക്ഷണിച്ചു് ചെറിയ തോതിൽ ഒരു സൽക്കാരവും നടത്തി.

രണ്ടു മൂന്നു ദിവസംകൊണ്ടു് പരീക്ഷ ജയിച്ചതിന്റെ ആഹ്ലാദമെല്ലാം കഴിഞ്ഞു. ഉടനെ അടുത്ത പ്രശ്നം തലയുയർത്തി. ഒരു ജോലിവേണം. അന്തോണി ജയിച്ചാലുടൻ മലയായിലോ, സിംഗപ്പൂരിലോ കൊണ്ടുപോകാമെന്നു് ചിലർ സമ്മതിച്ചിരുന്നതാണു്. പക്ഷെ സമയമായപ്പോൾ ഒരു നിവൃത്തിമാർഗ്ഗവുമില്ല. “പാസ്പോർട്ടു്” കിട്ടുകയില്ല. ഏതായാലും പ

ത്രങ്ങളിലെ പരസ്യങ്ങൾ മുറയ്ക്കുനോക്കി ഓരോ വേല യ്ക്കു അപേക്ഷ അയച്ചു തുടങ്ങി. ഓരോ അപേക്ഷ യും അയച്ചുകഴിഞ്ഞു കുറെനാൾ പ്രതീക്ഷയോടുകൂടി കാത്തിരിക്കും. ചിലപ്പോൾ മറുപടികിട്ടും "തല്ക്കാ ലം ഒഴിവൊന്നുമില്ലെന്ന് വ്യസനപൂർവ്വം അറിയിച്ചു കൊള്ളുന്നു" എന്നും മററും.

ഇങ്ങിനെ പല മാസങ്ങൾ കഴിഞ്ഞു. ഓരോ ദിവസം കഴിയുന്തോറും ജീവിതത്തിൽ നിരാശയായി. അന്തോണി അപേക്ഷകളയച്ചു ക്ഷീണിച്ചു. അതിനു തന്നെ എന്തുമാത്രം പണം ചെലവായി! ചിലപ്പോൾ "ഇൻററർവ്യൂ"ന് വിളിക്കും. അതിനെവിടുന്നെങ്കി ലും പണമുണ്ടാക്കിപ്പോകും. ഫലം പുറകെ അറിയി ക്കാമെന്നു പറഞ്ഞു വിടും. കുറെ നാൾ കാത്തുകാത്തി രുന്ന് ഒടുവിൽ പ്രതീക്ഷയങ്ങവസാനിക്കും.

വർഷം രണ്ടു കഴിഞ്ഞു അന്തോണി ജോലിയ ന്വേഷിച്ചു തുടങ്ങിയിട്ട്. പണവും വളരെ ചെലവാ യി. എന്നിട്ടെന്താ ഫലം?

ആ കുടുംബത്തിൻെറ നില വളരെ അധഃപതി ച്ചു. ഇതിനു മുൻപൊരിക്കലും ഇത്രമാത്രം നിരാശ ആ ഭവനത്തിലുണ്ടായിട്ടില്ല. ആകെ ഒരേ ഒരു പ്രതീ ക്ഷയാണുണ്ടായിരുന്നതു്. അതു നിഷ്ഫലമാണെ ന്നു വന്നപ്പോൾ പിന്നത്തെ കഥയെന്താണ്? നിരാശ —അന്തമററ നിരാശ.

ആ ഭവനത്തിലുണ്ടായിരുന്ന വിലപ്പിടിപ്പുള്ള സകല വസ്തുക്കളും വിററു. ഓരോ അപേക്ഷ അയ

യ്യുമ്പോഴും ഉടൻ ഉദ്യോഗം കിട്ടുമെന്നല്ലേ വി ചാരം. ചിലപ്പോൾ അന്തോണി വിചാരിക്കും "ഞാൻ ജയിച്ചില്ലായിരുന്നുവെങ്കിൽ... എന്നാൽ വീട്ടിൽ ഇ ത്ര വിഷമം ഉണ്ടാകുമായിരുന്നില്ല."

മറിയാമ്മയ്ക്കാണെങ്കിൽ ഒന്നും ചെയ്യാൻ ഉത്സാ ഹമില്ല. ഇനി അവിടെ പണത്തിനുയാതൊരു മാർഗ്ഗവു മില്ല. ഒരപേക്ഷയെങ്കിലും വല്ലപ്പോഴും അയയ്ക്കണ്ടേ?

ചിലർ പറഞ്ഞു: "അന്തോണി നീ ഒരു കാര്യം ചെയ്യ്. എവിടെ നിന്നെങ്കിലും കുറെ പണം കടംവാ ങ്ങി ബോംബെയിൽ ചെല്ല്. അവിടെ കുറെനാൾ കഴിഞ്ഞുകൂടുമ്പോൾ എവിടെയെങ്കിലും ഒരു പണി കിട്ടാതിരിക്കയില്ല."

"ശരിയാണ്," അന്തോണി സമ്മതിച്ചു. "പ ക്ഷെ പോകാൻ പണം എവിടെ നിന്നാണ്? വല്ലവ രും കടം തരുമോ?"

ഒരു ദിവസം വൈകിട്ട് പ്രാർത്ഥനയും അത്താഴ വും കഴിഞ്ഞ് അന്തോണി അമ്മയോടു രഹസ്യമായി പറഞ്ഞു. "അമ്മേ ബോംബെയിൽ നിന്നൊരു കൂട്ടു കാരൻ എഴുതിയിരിക്കുന്നു അങ്ങോട്ടുചെല്ലാൻ. എ ങ്ങിനെയെങ്കിലും ഒരു ജോലി വാങ്ങിത്തരാമെന്ന്. ഒ ന്നു പോകാനെന്താ വഴി?"

കുഞ്ഞേ ഞാൻ നോക്കിയിട്ടു വഴിയൊന്നും കാ ണുന്നില്ല. ഇനി ലോകത്തിലാകെ ഈ നാലു സെ ൻറു ഭൂമിയുണ്ട്. അതേതായാലും ആർക്കും കൊടു ക്കുവാൻ നിവൃത്തിയില്ല".

"അമ്മേ എനിക്കൊരു ജോലികിട്ടിയാൽ പിന്നെ നമുക്കെങ്ങനെയെങ്കിലും കുറെ സ്ഥലം വാങ്ങിക്കൂടെ? പിന്നെന്തുവേണം? ഞാനിനിയും എത്രനാളാണിങ്ങനെ അലയുന്നതു്? എങ്ങനെയെങ്കിലും നൂറു രൂപയുണ്ടാക്കിയാൽ ഞാൻ എവിടെച്ചെന്നെങ്കിലും ഒരു പണി കണ്ടുപിടിക്കാം."

മറിയാമ്മ കുറെ നേരമിരുന്നു ചിന്തിച്ചു. "വേണ്ടമോനെ. ഇതെഴുതിക്കൊടുത്താൽ പിന്നെ നാമെവിടാണൊന്നു ചുരുണ്ടുകൂടിക്കിടക്കുന്നതു്?"

പല ദിവസത്തെ ആലോചനയ്ക്കു ശേഷം ആ സ്ഥലം ഒരാൾക്കെഴുതിക്കൊടുത്തു നൂറു രൂപാ വാങ്ങി അന്തോണിയെ ഏല്പിച്ചു. സ്ഥലം വാങ്ങിയ ആൾ ഒരു ഔദാര്യം കാട്ടി. അന്തോണിക്കു ജോലി കിട്ടുന്നതുവരെ അവർ അവിടെത്തന്നെ താമസിക്കുവാൻ അനുവദിച്ചു.

അങ്ങനെ അന്തോണി ബോംബെയ്ക്കു പുറപ്പെട്ടു. മകനെ തന്നെയങ്ങനെ അയച്ചതിൽ മറിയാമ്മയുടെ ഹൃദയം വല്ലാതെ വേദനിച്ചു. അവർ എപ്പോഴും പ്രാർത്ഥനയാണു്. "ദൈവമേ എന്റെ കുഞ്ഞു സുഖമായങ്ങു ചെന്നുചേരണേ. എന്തെങ്കിലും ഉദ്യോഗം കിട്ടണേ."

കുറെ ദിവസങ്ങൾ കഴിഞ്ഞു് അന്തോണിയുടെ ഒരെഴുത്തു് അമ്മയ്ക്കു കിട്ടി. ബോംബെയിൽ സുഖമായി ചെന്നുചേർന്നു എന്നും വേലവല്ലതും കിട്ടുമോ എ

ന്നു നിശ്ചയമില്ലെന്നും എഴുതിയിരുന്നു. ഒരു മാസം കഴിഞ്ഞു വീണ്ടും ഒരെഴുത്തുകിട്ടി. വേലയൊന്നും കിട്ടിയിട്ടില്ല, കയ്യിലെ പണമെല്ലാം തീർന്നു, ഇനി എന്തു ചെയ്യണമെന്നറിഞ്ഞുകൂടാ എന്നിവയായിരുന്നു വിശേഷങ്ങൾ.

മറിയാമ്മയ്ക്കു് മകനെങ്ങനെയെങ്കിലുമിങ്ങു തിരിച്ചുപോന്നാൽ മതി. "ഇവിടെ വന്നാൽ എന്തെങ്കിലും പണിയെടുത്തു കഴിയാം. വലിയ ഉദ്യോഗമൊന്നുമില്ലെന്നേ ഉള്ളല്ലോ." അവർ എവിടെ നിന്നോ കുറെ പണം കടം വാങ്ങി അയച്ചുകൊടുത്തിട്ടെഴുതി അയാൾ ഉടൻതന്നെ തിരികെപോരാൻ.

അന്തോണി ബോംബെയിൽനിന്നു യാത്രതിരിച്ചു "എങ്ങനെയാണിനി വീട്ടിൽ തിരികെ ചെല്ലുന്നതു്? അമ്മ തൻെറ സകല കഴിവുകളും എനിക്കവേണ്ടി ചെലവഴിച്ചു. എന്നിട്ടും ഞാൻ ഒരു ഭാരമായി വീണ്ടും വീട്ടിൽ പററിക്കൂടുന്നതെങ്ങനെ? ആകപ്പാടെ ഒരു സർട്ടിഫിക്കററുണ്ടു്." അന്തോണി തൻെറ S. S. L. C. സർട്ടിഫിക്കറെറടുത്തു് നോക്കി. പലയിടങ്ങളിൽകൊണ്ടുനടന്നു് അതു വളരെ പഴകിയിട്ടുണ്ടു്. താൻ വളരെ വിലമതിച്ചിരുന്ന ആ ബുക്കിനു തീരെ വിലയില്ലാത്തതായി അയാൾക്കു തോന്നി.

ഒരു വിധത്തിൽ അന്തോണി നാട്ടിലെത്തി. വീട്ടിലേക്കു പോകുവാൻ അയാൾക്കു വലിയ മടി. കാലെടുത്തു മുന്നോട്ടു വച്ചിട്ടു് നീങ്ങുന്നില്ല ക്ഷീണിച്ചു്

അയാഠം ഒരു പാലത്തിൻെറ ഭിത്തിയിൽ കയറിയിരുന്നു. താഴെ ആററിൽ വെള്ളം ധാരാളമുണ്ട്. "ഞാനെന്തിനാണ് വീട്ടിൽ പോകുന്നതു്? ഒന്നു കുതിച്ചാൽ സർവവ്യഥയും അവസാനിക്കും." അയാഠം ചിന്തിച്ചു. "വേണ്ട, അമ്മയുടെ ഹൃദയം തകർന്നു പോകും. ഞാൻ എൻെറ പ്രിയപ്പെട്ട അമ്മയ്ക്കുവേണ്ടി കൂലിവേല ചെയ്തെങ്കിലും ജീവിക്കും. സർട്ടിഫിക്കററു്; ഇതെനിക്കിനി ആവശ്യമില്ല. എൻെറ പരാജയത്തിൻെറ സർട്ടിഫിക്കററാണിതു്. ഞാനിതിനി ഒരൊററ നിമിഷം കയ്യിൽ വച്ചുകൊണ്ടിരിക്കയില്ല." അന്തോണി തൻെറ സർട്ടിഫിക്കററെടുത്തു ആററിലേക്കെറിഞ്ഞു. അതു വെള്ളത്തിൽ ചെന്നു വീണു സാവധാനത്തിൽ താഴോട്ടൊഴുകിപ്പോയി.

അന്നു രാത്രി മേരിയും റോസിയും പാട്ടുപാടിക്കഴിഞ്ഞു് മറിയാമ്മ ബൈബിഠം വായിച്ചു. പ്രാത്ഥിക്കാൻ തുടങ്ങിയപ്പോഴാണ് അന്തോണി വീട്ടിൽ ചെന്നതു്. അയാഠം ശബ്ദമുണ്ടാക്കാതെ ശ്രദ്ധിച്ചു. അന്നും അന്തോണിക്കുവേണ്ടിയും അയാഠംക്കു ജോലി കിട്ടുന്നതിനുവേണ്ടിയും ആ മാതാവ് ദൈവത്തോടപേക്ഷിച്ചു. അതു കേട്ടപ്പോഠം അന്തോണിക്കൊരവജ്ഞയാണുണ്ടായതു്. "അമ്മ എത്ര നാളുകളായിങ്ങനെ ദൈവത്തോടു പ്രാത്ഥിക്കുന്നു. എന്നിട്ടിതുവരേയും എനിക്കൊരു വേലകിട്ടിയില്ലല്ലൊ. ദൈവം ഈ പ്രാർത്ഥന കേഠംക്കുന്നില്ലായിരിക്കും. അല്ലെങ്കിൽ ഇങ്ങിനെ വരുന്നതെന്താണു്?"

പ്രാർത്ഥന കഴിഞ്ഞപ്പോൾ അന്തോണി അകത്തു കടന്നു. അമ്മ എല്ലാം മറന്നു് മകനെ ആശ്ലേഷിച്ചു. മേരിക്കും റോസിക്കും ചേട്ടനെ കണ്ടപ്പോഴുണ്ടായ സന്തോഷത്തിനതിരില്ല. പക്ഷേ അന്തോണിക്കവരെയെല്ലാം കണ്ടപ്പോൾ നെഞ്ചുപിളന്നുപോയി. പട്ടിണിമൂലം അവരെല്ലാം അത്രമാത്രം ക്ഷീണിച്ചിരുന്നു. അയാളതുകണ്ടു് പൊട്ടിക്കരഞ്ഞു. അമ്മയും സഹോദരികളും കണ്ണുനീരോടുകൂടി അയാളെ ആശ്വസിപ്പിച്ചു.

കുറച്ചു കഴിഞ്ഞു് റോസി ഓടിച്ചെന്നു് ഒരെഴുത്തുകൊണ്ടോടിവന്നു പറഞ്ഞു: "ചേട്ടാ, ദേ, ചേട്ടനൊരെഴുത്തു്. ഇന്നു കിട്ടിയതാണു്."

അന്തോണി കവർ തുറന്നു വായിച്ചു. "ദക്ഷിണേന്ത്യൻ റയിൽവേയിൽ നിങ്ങളെ ഒരു ക്ലാക്കായി നിയമിച്ചിരിക്കുന്നു. ഉടൻതന്നെ സർട്ടിഫിക്കററുകൾ സഹിതം ഹാജരാകുക. ജൂൺ രണ്ടാംതീയതിക്കകം ഹാജരാകാത്തപക്ഷം നിങ്ങളുടെ സ്ഥാനം നഷ്ടപ്പെടുന്നതാണു്."

ആകാംക്ഷയോടുകൂടി അടുത്തു നിന്നിരുന്ന അമ്മയോടും സഹോദരികളോടും സംഗതിയെന്താണെന്നു ഒരു വിധത്തിൽ പറഞ്ഞൊപ്പിച്ചു. അവരുടെ മുഖങ്ങൾ സന്തോഷം കൊണ്ടു വിടർന്നു. പക്ഷേ അന്തോണിയുടെ മുഖത്തു നിരാശയാണു് നിഴലിച്ചതു്. അയാൾ ചിരിച്ചില്ല, സംസാരിച്ചില്ല, പെട്ടെന്നു് ബോധമില്ലാതെ നിലത്തുവീണു.

വളരെ സമയം കഴിഞ്ഞു അന്തോണിക്കു് ബോധം വീണു. എങ്കിലും അയാൾ ഒന്നും സംസാരിച്ചില്ല. കാരണമെന്തെന്നെല്ലാവരും ചോദിച്ചു. പക്ഷേ ഉത്തരമില്ല.

പിന്നീടന്തോണി ബുദ്ധിമാന്ദ്യം സംഭവിച്ച മട്ടിൽ അങ്ങുമിങ്ങും നടക്കും. പലപ്പോഴും ആ പാലത്തിൽ നിന്നുകൊണ്ടു് നദിയിലേക്കു സൂക്ഷിച്ചുനോക്കുന്നതു പലരും കണ്ടിട്ടുണ്ടു്.

# ജീവിതത്തിനൊരു ലക്ഷ്യംവേണം

ഞങ്ങളുടെ ഗ്രാമത്തിലും ഒരഞ്ചലാഫീസുണ്ടായിരുന്നു. ഒരു മുറിയും, രണ്ടടി വീതിയുള്ള ഒരു വരാന്തയുമുള്ള ഒരു ചെറിയ കെട്ടിടം. അതിന്റെ മുൻപിൽ പച്ചച്ചായമടിച്ച ഒരു പെട്ടി തൂക്കിയിട്ടിരുന്നു. ഒരു പള്ളിക്കൂടവും, പള്ളിയും കഴിഞ്ഞാൽ പിന്നീടവിടെയുള്ള ഏററവും വലിയ സ്ഥാപനമാണ് ഈ അഞ്ചലാഫീസ്. അവിടെ ജോലിക്കാരായി ആകെ രണ്ടുപേരുണ്ടായിരുന്നു. അഞ്ചൽ മാസ്റ്ററും, ഒരു ശിപായിയും.

അഞ്ചലാഫീസിന്റെ നേരെ മുൻപിലാണ് എന്റെ മുറുക്കാൻകട. അഞ്ചലാഫീസിൽ നടക്കുന്ന സംഗതികളെല്ലാം എനിക്കെന്റെ കടയിലിരുന്നു കാണാം. ഉച്ചകഴിഞ്ഞാണ് മെയിൽ വരുന്നത്. മെയിൽബാഗു കെട്ടിവയ്ക്കേണ്ടതും ആ സമയത്തു തന്നെ. അതിനാൽ ചാക്കോച്ചേട്ടന് ഉച്ചകഴിഞ്ഞേ ജോലിയുള്ളൂ. അതുവരെയും മിക്കവാറും എന്റെ കടയിലാണിരിപ്പ്. വന്നാലുടനെ ഞാനൊരു ബീഡിയെടുത്തു

കൊട്ടുക്കും. അതു വലിച്ചുകൊണ്ടുന്നാത്തെ വിശേഷ ങ്ങരം പറയുവാൻ തുടങ്ങും. പോകുന്നതിനു മുമ്പേ ചാക്കോച്ചേട്ടനൊന്നു മുറുക്കണം. അതും എൻെറ "സപ്ലൈ"യാണു്. ഈ ബീഡിക്കും മുറുക്കാനുമിടക്കു അയാളൊരാഖ്യായിക പറഞ്ഞു തീർക്കും. ബീഡിതെറുക്കുമ്പോഴത്തെ കേരംക്കുന്നതെനിക്കും വലിയ രസമാണു്.

ഒരു ശിപായിയായി ജീവിക്കാനാണു് ചാക്കോച്ചേട്ടൻ ജനിച്ചതെന്നു് തോന്നും. മെലിഞ്ഞു നല്ലയരമുള്ള ശരീരം. നീണ്ട നാസിക. കുഴിഞ്ഞ കണ്ണുകരം. പററവെട്ടിയ തലമുടി. പുളിങ്കുരുപോലെയുള്ള പല്ലുകരം. കമ്പിഫ്രെയിംഉള്ള ഒരു കണ്ണാടി വെച്ചിരിക്കും. അതു്, വായിക്കുമ്പോരം മാത്രം ഉപയോഗപ്പെടുത്തത്തക്കവണ്ണം കുറച്ചു താഴോട്ട് മാററിയാണുറപ്പിക്കുന്നതു്. വസ്ത്രത്തിൻെറ കാര്യത്തിൽ വലിയ നിഷ്കർഷയൊന്നുമില്ല. ചിലപ്പോളൊരു മുണ്ടും തോർത്തും, ചിലപ്പോരം ഒരു ഷർട്ടുകൂടി. യുദ്ധകാലമായപ്പോരം രണ്ടു മൂന്നു കാക്കിയുടുപ്പുകരം കിട്ടി. അവയാണു് അധികനാളും ഇടുന്നതു്. അതിനു പ്രത്യേക ചില ഗുണങ്ങളുണ്ടു്. നല്ല കട്ടിയായി ദേഹത്തു കിടന്നോളും. രണ്ടു ജോടി വലിയ കീശകളുണ്ടു്. എഴുത്തു്, മണിയാർഡർ, പണം ഇവയെല്ലാം പ്രത്യേകം സൂക്ഷിക്കാം. പട്ടാളക്കാരുടെ രണ്ടു് ചെരുപ്പു് ഒരിക്കൽ കിട്ടി. പക്ഷേ രണ്ടു ദിവസം മാത്രമിട്ടതോടുകൂടി മതിയായി.

ചെരിപ്പിട്ടാൽ പല വൈഷമ്യങ്ങളാണ്. കുന്നും മലയും കയറാൻ വിഷമം. ചില സ്ഥലങ്ങളിൽ വെള്ളമുള്ളതിനാലിടയ്ക്കിടയ്ക്കഴിക്കണം.

അവശതയുടെ അടിത്തട്ടിലാണെങ്കിലും ആ വൈഷമ്യങ്ങളൊന്നും ചാക്കോച്ചേട്ടൻ പ്രദർശിപ്പിക്കാറില്ല. സന്തോഷമായി സംസാരിക്കും. ആ നാട്ടും പുറത്തുള്ള ഓരോ വ്യക്തിയേയും അയാൾക്കറിയാം. അവരെക്കുറിച്ചെല്ലാം ഓരോ ചെറിയ കഥ ചാക്കോച്ചേട്ടനു പറയുവാനുണ്ടായിരിക്കും.

കൊച്ചുകുട്ടികൾക്കെല്ലാം ചേട്ടനെ പരിചയമാണ്. കുട്ടികൾ സ്കൂൾവിട്ടുപോകുമ്പോൾ താൻ ചെട്ടെന്നാരെയെങ്കിലും കൈകൊട്ടിവിളിക്കും. "കുഞ്ഞേ കുഞ്ഞേ ഇങ്ങു വരൂ. ഒരെഴുത്തുണ്ടെന്നു തോന്നുന്നു".

കുട്ടികൾ ഓടിയെത്തും. താൻ വളരെക്കാര്യമായി എഴുത്തുകെട്ടഴിച്ചുംകൊണ്ടു ഒന്നു തിരയും. ഒടുവിൽ അബദ്ധം പററിയ മട്ടിൽ പറയും. "അയ്യോ! ഒന്നുമില്ലല്ലോ". കുട്ടികൾ നാണിച്ചോടിപ്പോകും. അതു കണ്ടു താനിരുന്നു ചിരിക്കും.

കുട്ടികൾക്കെല്ലാം ചാക്കോച്ചേട്ടനെ വലിയ കാര്യമാണ്. ചിലപ്പോൾ കുട്ടികളോട് പറയും, "കുഞ്ഞേ ഇന്നു ഞാൻ വീട്ടിൽ വരുന്നുണ്ട്. കാപ്പിവച്ചേക്കണം കേട്ടോ".

ചാക്കോച്ചേട്ടനേതു വീട്ടിൽ ചെന്നാലും എഴുത്തുകളെല്ലാം കൊച്ചുകുഞ്ഞുങ്ങളുടെ കയ്യിലേ കൊടുക്കുക

യുള്ളു. എഴുത്തെല്ലാമവർക്കാണെന്നു പറയും. ചേട്ടൻ വീട്ടിൽവരുന്നതു് കുട്ടികൾക്കെല്ലാം വലിയ സന്തോഷമാണു്. താനവർക്കൊരു വെറും ശിപായി മാത്രമല്ല. അച്ഛനമമ്മയും കഴിഞ്ഞാലവരോടേററവും ബന്ധമുള്ള വ്യക്തി.

ആ നാട്ടിലുള്ളവർക്കെല്ലാം ചാക്കോച്ചേട്ടനെ വിശ്വാസമാണു്. എനിക്കും ചേട്ടനോടു് വലിയ സ്നേഹമാണു്. ദിവസവും കടയിൽ വന്നാൽ ഏതാനും ബീഡിയും ഒരു മുറുക്കാനും നഷ്ടപ്പെട്ടുമെങ്കിലും എനിക്കതൊരു നഷ്ടമല്ല. ചാക്കോച്ചേട്ടൻ കഥ പറയുവാൻണ്ടെങ്കിൽ അന്നു നൂറു ബീഡി കൂടുതൽ തീരും. ഞായറാഴ്ച മാത്രമേയുള്ളു ചാക്കോച്ചേട്ടൻ വരാത്ത ദിവസം. അന്നു ഞാൻ സമയം കഴിക്കുന്നതു വളരെ വിഷമിച്ചാണു്.

ചാക്കോച്ചേട്ടനോടെനിക്കുള്ള താല്പര്യത്തിനു മറെറാരു കാരണമുണ്ടു്. അയാൾക്കു തൻെറ വേലയിൽ ഒരു പ്രത്യേക അഭിമാനമുണ്ടു്. ഉയന്ന ഉദ്യോഗം ലഭിക്കണമെന്നു് താനാഗ്രഹിച്ചിട്ടുണ്ടോയെന്നു പോലും സംശയമാണു്.

ഓരോ എഴുത്തിൻേറയും മേൽവിലാസവും മുദ്രയും നോക്കിയാലയാൾക്കൂറിയാം അതിലെന്താണുള്ളതെന്നു്. ചിലപ്പോളെന്നോടു പറയും "ഇതിലൊരു പ്രേമലേഖനമാണു്." "പണമാവശ്യപ്പെട്ടുകൊണ്ടുള്ള ഒരെഴുത്താണു് ഇതു്" എന്നും മററും.

കത്തുകിട്ടുന്നതിൽ കൂടുതൽ താല്പര്യമുള്ളവരാരെല്ലാമെന്ന് തനിക്കറിയാം അവരുടെ എഴുത്തുകൾ എത്രയും നേരത്തെ എത്തിച്ചുകൊടുക്കും. അതുകൊണ്ടവർക്കെല്ലാം ചാക്കോച്ചേട്ടനോടൊരു പ്രത്യേക മമതയുണ്ട്.

ഞങ്ങളുടെ ഗ്രാമത്തിൽ എല്ലാവർക്കും അവകാശമുള്ള ഒരു വ്യക്തിയായാണ് ആ ശിപായി കഴിഞ്ഞു കൂടുന്നത്. പാവപ്പെട്ടവർ പലരും പല സംഗതികളും ആലോചിക്കുന്നത് ചാക്കോച്ചേട്ടനോടാണ്. എഴുത്തു വരുന്ന സ്ഥലങ്ങളെല്ലാം അയാൾക്ക് പരിചയമുണ്ടെന്നാണവരുടെയെല്ലാം വിചാരം.

* * * *

വർഷങ്ങൾ ചിലതു കഴിഞ്ഞു. ഞാനെന്റെ കടയുമെല്ലാം ഉപേക്ഷിച്ച് യുദ്ധസേവനത്തിനു പോയി. ഒരു പുതിയ ആളായാണ് ഞാൻ തിരികെ വന്നത്. അതെട്ടു നീണ്ട വർഷങ്ങൾക്കു ശേഷമായിരുന്നു. അന്നൊരു ദിവസം അഞ്ചലാഫീസിന്റെ പടിക്കൽക്കൂടി കടന്നുപോയി. പെട്ടെന്നു ഞാൻ ചാക്കോച്ചേട്ടനെ ക്കുറിച്ചോർമ്മിച്ചു. ആഫീസിൽ കയറിച്ചെന്നു ചോദിച്ചു: "ചാക്കോച്ചേട്ടനിപ്പോളെവിടെയാണ്. ഇന്നും പണ്ടത്തേതു പോലെ തന്നെയാണോ? അതോ കിഴവനായോ?" എന്നും മററും.

അന്നതൊരു പുതിയ ആഫീസായിരുന്നു. പച്ചപ്പെട്ടിയുടെ നിറം ചുവപ്പായി. 'തപാൽ ആഫീസ്" എന്ന് മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ മൂന്നു ഭാ

ഷകളിൽ എഴുതിയിട്ടുണ്ടായിരുന്നു. ഞാനൊരു സംശയത്തോടുകൂടിയാണ് കയറിച്ചെന്നു ചോദിച്ചതു്. പറഞ്ഞയുടനെതന്നെ മാസ്റ്റർക്കു് ആളിനെ മനസ്സിലായി. അതിനുശേഷം ചിരിച്ചു കൊണ്ടു പറഞ്ഞു: "ചാക്കോച്ചേട്ടൻ അല്ലേ? അയാളെക്കുറിച്ചു ചിലർ പറയുന്നതു കേട്ടിട്ടുണ്ടു്, അരപ്പിരിയയഞ്ഞ ഒരു മനുഷ്യനായിരുന്നെന്നു്."

എനിക്കാ മാസ്റ്ററോട്ട് വലിയ വെറുപ്പും കോപവും തോന്നി. സാധാരണക്കാരേക്കാൾ പാകതയുള്ള ഒരു മനുഷ്യനായിട്ടാണ് ചാക്കോച്ചേട്ടനെ ഞാൻ കരുതിയിരുന്നതു്. ഏതായാലും ഞാൻ ഒരു ചോദ്യം കൂടി ചോദിച്ചു.

"ഇപ്പോളയാൾ എവിടെയാണെന്നറിയാമോ?"

"അയാൾ ഉദ്യോഗം രാജിവെച്ചു പോയെന്നു കേട്ടിട്ടുണ്ടു്. ശമ്പളക്കൂടുതലൊക്കെ കിട്ടിയതിനു് ശേഷമാണ് ജോലി കളഞ്ഞതു്. അതു വെറും കിറുക്കല്ലെ. ഇക്കാലത്തു് എഴുപതു രൂപാ അത്ര മോശമായ ശമ്പളമാണോ?" ഞാൻ സ്വല്പനേരം ആലോചിച്ചു നിന്നിട്ടവിടെനിന്നിറങ്ങി. ചാക്കോച്ചേട്ടനെന്തു സംഭവിച്ചുവെന്നെനിക്കു മനസ്സിലായില്ല. ബുദ്ധിക്കു സ്ഥിരതയില്ലായ്മയൊ മറ്റോ ഉണ്ടായിക്കാണുമെന്നു വിചാരിച്ചു. എൻെറ ഏററം ഉത്തമ സുഹൃത്തിനെക്കുറിച്ചുള്ള വിവരങ്ങൾ എന്നെ വല്ലാതെ മനസ്താപപ്പെടുത്തി. പഴയ ജീവിതം മുഴുവൻ ഞാനൊന്നയവിറക്കി. എൻെറ ഹൃദയം എന്തെന്നില്ലാതെ

മിടിച്ചു. "ഒന്നു കാണാൻ കൂടി പററിയില്ലല്ലോ?" ഞാനെന്നോടുതന്നെ പറഞ്ഞു.

സന്ധ്യകഴിഞ്ഞാണു് ഞാൻ വീട്ടിൽ തിരികെ ചെന്നതു്. കുളിയും ഊണും കഴിഞ്ഞു് ചാരു കസേരയിൽ കിടന്നു് പത്രം വായിക്കുകയായിരുന്നു. അപ്പോളാരോ വാതുക്കൽ വന്നുമുട്ടി. മഴ ചാറുന്നുണ്ടായിരുന്നു. വഴിപോക്കർ വല്ലവരുമായിരിക്കുമെന്നു കരുതി. ഏതായാലും വാതിൽ തുറന്നു. പെട്ടെന്നൊരാളെന്നെ കെട്ടിപ്പിടിച്ചു. എനിക്കു ഭയം തോന്നി. ഒരു വിധത്തിൽ പിടിവിടുവിച്ചു വിളക്കെടുത്തുകൊണ്ടുവന്നു നോക്കി. ഞാൻ പൊട്ടിക്കരഞ്ഞുപോയി. ഏതു വികാരം കൊണ്ടാണു് കരഞ്ഞതെന്നറിഞ്ഞു കൂടാ.

ചാക്കോച്ചേട്ടനെ ഞാൻ കസേരയിൽ പിടിച്ചിരുത്തി. അയാളിരിക്കാൻ സ്വല്പം മടിച്ചു. ഞാൻ സമ്മതിച്ചില്ല. "എന്തു പററി? എന്താണീ ഭാവഭേദത്തിനെല്ലാം കാരണം? പറയൂ. എനിക്കൊന്നും മനസ്സിലാകുന്നില്ല." ഒരു ചോദ്യ പരമ്പരയാണു് ഞാൻ നൽകിയതു്. സ്വല്പ സമയത്തെ നിശബ്ദതയ്ക്കു ശേഷം ചാക്കോച്ചേട്ടൻ പറഞ്ഞു. "ഗോപിയെക്കാണാമെന്നു ഞാൻ വിചാരിച്ചില്ല. ഇന്നാരോ എന്നോടുപറഞ്ഞു കുഞ്ഞു വന്നിട്ടുണ്ടെന്നു്."

"ചേട്ടനെന്താ അങ്ങനെ പറയുന്നതു്?"

"ഞാനൊരു യാത്രപോകുവാൻ തയ്യാറായിരിക്കുകയാണു്. നാളെത്തന്നെ പോകണം."

"എവിടെയാണ്? പുതിയ ജോലി വല്ലതുമുണ്ടോ?"

"ഉണ്ട്, ഒരു പുതിയ ജോലി. ഇങ്ങനെ ഒരു ജോലിയുണ്ടാകുമെന്ന് ഞാൻ വിചാരിച്ചില്ല."

"ചേട്ടൻ പറയുന്നതൊന്നും എനിക്കു മനസ്സിലാകുന്നില്ല. എന്തൊക്കെയാണ് സംഭവിച്ചത്?"

"ആദിമുതൽ പറയണോ? പറയാം. നേരം വെളുക്കാൻ പത്തിരുപതു നാഴിക കൂടിയുണ്ടല്ലോ." ഇരുന്നിരുന്ന കസേര എൻെറയടുത്തേയ്ക്കു സ്വല്പം നീക്കിയിട്ടിരുന്നു.

"കുഞ്ഞു പോയിട്ടു വർഷമേഴെട്ടായില്ലേ? അന്നുവരെയുള്ള സംഗതികളെല്ലാം അറിഞ്ഞുകൂടെ?"

"അറിയാം."

"അന്നു ഞാൻ വളരെ കഷ്ടപ്പെട്ടാണ് ജീവിച്ചിരുന്നതെന്നറിയാമോ?"

"അറിയാമായിരുന്നു."

"എനിക്കൊരു മകനുണ്ടായിരുന്നാവനെ ഓർക്കുന്നുണ്ടോ?"

"ഉണ്ട്. അവനെന്തുപററി?"

"അവനല്ല പററിയതു്. എനിക്കാണ്. അവനായിരുന്നെൻെറ ജീവിതത്തിലെ ഏക ആശ. അവനുവേണ്ടിയായിരുന്നു ഞാൻ ജീവിച്ചിരുന്നതു്. അവനെ ഒരു നല്ല ഉദ്യോഗസ്ഥനാക്കണമെന്നെനിക്കാഗ്രഹമുണ്ടായിരുന്നു. പക്ഷേ അവൻ വഴിതെററിപ്പോയി. തേഡ് ഫാം വരെ പഠിച്ചു. അതു കഴിഞ്ഞവനു പഠിക്കാൻ

വയ്യെന്നു പറഞ്ഞു. എൻെറ സർവ്വപ്രയത്നങ്ങളും വിഫലമാകുന്നതായെനിക്കു തോന്നി. അവൻെറ മനസ്സൊന്നു തിരിക്കാൻ ഞാനെല്ലാ വിദ്യയും പ്രയോഗിച്ചു. ഒരു ഫലവുമുണ്ടായില്ല. ഒടുവിൽ എനിക്കവനോടു വലിയ വെറുപ്പായി. ഞാനെപ്പോഴുമവനെ ശകാരിക്കും. വീട്ടിൽ നിന്നിറങ്ങിപ്പോകുവാൻ പറയും. അങ്ങനെ വർഷങ്ങൾ രണ്ടുമൂന്നു കഴിഞ്ഞു. എനിക്കു തന്നെ വലിയ വ്യത്യാസങ്ങൾ സംഭവിച്ചു. വേല ചെയ്യുവാൻതന്നെ എനിക്കു സന്തോഷമുണ്ടായിരുന്നില്ല. എൻെറ ഭാര്യ, അവളും മകൻെറ പക്ഷത്തായിരുന്നു. എന്നെ സ്നേഹിക്കുന്നവരായി ആരുമില്ലെന്നു വന്നു. ഞാനതോർത്തു കരഞ്ഞിട്ടുണ്ട്, വളരെയധികം.

"രണ്ടു വർഷത്തിനു മുൻപ് ഞങ്ങളുടെ ആഫീസ് പോസ്റ്റാഫീസായി മാററി. ഞങ്ങളുടെ ശമ്പളം വർദ്ധിപ്പിച്ചു. എനിക്കു മാസമെഴുപതു രൂപാവച്ചു കിട്ടിത്തുടങ്ങി. ജീവിതത്തിൽ ആശയ്ക്കൊരു വഴിയായെന്നു തോന്നി. മകനെന്തെങ്കിലും സമ്പാദ്യമെങ്കിലും ശേഷിപ്പിക്കാമല്ലൊ, എന്നു കരുതി."

"പിന്നെന്തു പററി?" ഞാനെടുത്തു ചോദിച്ചു.

"ഞാൻ ശകാരിച്ചിരുന്നതുകൊണ്ടോ എന്തോ അവൻ വീടുവിട്ടുപോയി."

"ഉദ്യോഗം വല്ലതും കിട്ടിയിട്ടായിരിക്കും പോയതു്."

"അതെ അവനു ദൂരെയെവിടെ ഒരുദ്യോഗം കിട്ടി. അതുവരെയെനിക്കെല്ലാ സ്ഥലങ്ങളും സമീപസ്ഥ

ലങ്ങളായിരുന്നു, അന്നു മുതൽ അവയെല്ലാം വിദൂര അജ്ഞാതങ്ങളുമായി."

"മകൻെറ എഴുത്തുകൾ കിട്ടിക്കൊണ്ടിരുന്നില്ലേ?"

"എഴുത്തു കിട്ടി. രണ്ടെഴുത്തുകൾ. അവയിലൊന്നെൻെറ ജീവിതത്തിലെനിക്കു ലഭിച്ച ആദ്യത്തെ എഴുത്തായിരുന്നു. മറേറതവസാനത്തേയും. എഴുത്തു കിട്ടുന്നതിലുള്ള സന്തോഷം അന്നാണു് ഞാനാദ്യമായറിയുന്നതു്. എനിക്കാകപ്പാടെ ജീവിതം ആനന്ദകരമായിത്തോന്നി. എനിയ്ക്കെഴുത്തയയ്ക്കുന്ന ഒരു മകൻ ഉണ്ടെന്നുള്ളതെന്നിൽ അഭിമാനം വളർത്തി. പക്ഷെ അതധികം താമസിയാതെ മറഞ്ഞു. എൻെറ ജീവിതം വീണ്ടുമൊരു ഭാരമായി."

"അതെന്താ?"

"എൻെറ മകൻെറഴുത്തുകൾ പിന്നീടൊന്നുംതന്നെ കിട്ടിയിട്ടില്ല. എന്തുകൊണ്ടാണെന്നെനിക്കറിഞ്ഞുകൂടാ. ഞാനവൻെറ കത്തിനായി ആകാംക്ഷയോടുകൂടി കാത്തിരുന്നു. മെയിലു വരുമ്പോൾ ഉടൻ തന്നെ സകലതും പരിശോധിക്കും. പക്ഷെ പിന്നീടൊരിക്കലുമതു കിട്ടിയിട്ടില്ല. എൻെറ കയ്യിൽ ദിവസവും എത്ര എഴുത്തുകളാണു് വരുന്നതു്. അവ ഞാനെല്ലാവർക്കും കൊണ്ടുകൊടുക്കുന്നു. എന്നാൽ ഞാനൊരെഴുത്തിനായി കാത്തുകാത്തിരുന്നു. അതിതുവരെയും കിട്ടിയിട്ടില്ല."

"എഴുത്തുകാരനെഴുത്തു കിട്ടാത്ത കഥ. അതാണെന്നെ അസ്വസ്ഥനാക്കിയത്. എൻെറ ജോലിയിൽ എനിക്കു വിരക്തി തോന്നി. എല്ലാവക്കും ഞാനെഴുത്തുകഠം നൽകണം. എനിക്കൊരു കാർഡുപോലുമില്ലാതെ. അതുകൊണ്ടു ഞാൻ ജോലി രാജിവച്ചു. പട്ടിണിയാണെങ്കിലും മാനമായി സഹിക്കാമെന്നു കരുതി.

"എൻെറ ഭാര്യയെന്നെ കണക്കിലധികം ശകാരിച്ചു. അവഠംക്കെൻെറ പെരുമാററങ്ങളൊന്നും മനസ്സിലാക്കുവാൻ കഴിഞ്ഞില്ല. എങ്കിലും ഞാനവളെ സ്നേഹിച്ചിരുന്നു. രണ്ടു മാസങ്ങഠംക്കു മുൻപവഠം മരിച്ചു. ഞാനൊരൊററയാളായി ശേഷിച്ചു."

"അതിനെന്താ ചേട്ടനെ സഹായിക്കാൻ മനസ്സുള്ളവർ ധാരാളമീനാട്ടിൽ കാണുമല്ലോ."

"അതു തെററിദ്ധാരണയാണു്. എന്നെ വളരെ സ്നേഹിച്ചിരുന്ന കുട്ടികഠം പോലും എന്നെ വെറുത്തു. ഇപ്പോളെന്നെ കണ്ടാൽ കുട്ടികഠം ഭയന്നോടും. ഏതായാലും ഞാനെൻെറ മകനെ തിരക്കിയിറങ്ങുവാൻ നിശ്ചയിച്ചിരിക്കയാണു്. അതെങ്കിലുമൊരു ലക്ഷ്യമായിരിക്കട്ടെ. ഒരു ലക്ഷ്യമില്ലാതെ ജീവിക്കാൻ സാദ്ധ്യമല്ല. എൻെറ ഈ നിശ്ചയത്തിനു ശേഷമെനിക്കു വലിയ മനസ്സമാധാനമുണ്ടു്. ഞാൻ പറഞ്ഞില്ലേ നാളെയാണു് യാത്ര തുടങ്ങുന്നതു്. കുഞ്ഞിനെ കാണാൻ സാധിച്ചതു് വലിയ ഭാഗ്യമായി. എന്നേപ്പോലെ നിങ്ങളാരുമാകരുതെന്നേയെനിക്കാഗ്രഹമുള്ളു."

അയാളുടെ തൊണ്ടയിടറുന്നുണ്ടായിരുന്നു. എന്നൊ അയാൾ കെട്ടിപ്പിടിച്ചു ചുംബിച്ചു. എന്തുപറയണമെന്നെനിക്കൊരുപിടിയും കിട്ടിയില്ല. ഞാൻ നിശ്ചലനായിനിന്നു. പെട്ടെന്നയാളോടിപ്പോകുകയും ചെയ്തു.

ഞാൻ വീണ്ടുമിരുന്നു ചിന്തിച്ചു. "ജിവിതത്തിനൊരു ലക്ഷ്യം വേണം, ജീവിതത്തിനൊരു ലക്ഷ്യം വേണം" അതെൻെറ ഹൃദയത്തിൽ മറെറാലിക്കൊണ്ടുകൊണ്ടിരുന്നു.

# സ്നേഹചൈതന്യം

സമയം രാത്രി ഒൻപതുമണി കഴിഞ്ഞുകാണും. വണ്ടി സ്റ്റാൻഡിൽ വന്നുനിന്നു. ഞാനെത്രയും വേഗത്തിൽതാഴെയിറങ്ങി പോർട്ടരോടു പറഞ്ഞു എൻെറ പെട്ടി താഴെയിറക്കുവാൻ. ബസ്സ്റ്റാൻഡിൽ നിന്നൊരുമൈൽ അകലെയായിരുന്നെൻെറ താമസം. അപ്രതീക്ഷിതമായാണന്നത്രയുംതാമസിച്ചതു്. ഹോട്ടലുകളും മിക്കവാറും അടച്ചിരുന്നു. ഊണു കഴിക്കാതിരുന്നാൽ വലിയ ക്ഷീണമായിരിക്കും. പെട്ടിയെടുത്തുകൊണ്ടുപോകുന്നതും ഒരു പ്രശ്നമായി. കൂലിക്കാരു പിള്ളേരെല്ലാമങ്ങുമിങ്ങും കിടന്നു ഉറക്കം പിടിച്ചിരുന്നു.

എന്തായാലും പെട്ടി ഇറക്കിക്കഴിഞ്ഞപ്പോഴേക്കും ഒരു പയ്യൻ എവിടെ നിന്നോ ഓടിവന്നു. ഞാനവിടെ ചെന്നിറങ്ങിയിട്ടുള്ളപ്പോഴെല്ലാമാബാലനാണെൻെറ പെട്ടി ചുമന്നിട്ടുള്ളതു്. അന്നും അവൻ തന്നെയെത്തി. എനിക്കവൻെറ പേരറിയാമായിരുന്നു.

"ഗോപാലാ, ശാന്താ ഹോട്ടലിൽ പോയാൽ ഊ ണുകിട്ടുമോ? പെട്ടിയങ്ങാഫീസിൽ കൊണ്ടുപോകുക യും വേണം."

"അതിനെന്താ സാറു വേഗം വന്നാട്ടെ. ഊണു പക്ഷെ കിട്ടിയേക്കും."

ഗോപാലൻ പെട്ടിയുമെടുത്തുകൊണ്ടോടി. ശാ ന്താഹോട്ടൽമാത്രം അടച്ചിട്ടില്ല. സിനിമ ഒന്നാമ ത്തെ കളി കഴിഞ്ഞേ അടയ്ക്കുകയുള്ളു. ഞാൻ പതി വായി ഉണ്ടിരുന്ന ഹോട്ടലാണ്.

"ഒരാൾക്കുണിനു വിഷമമില്ല. സാറിരുന്നാട്ടെ" മാനേജർ പറഞ്ഞു.

ഞാൻ കൈകഴുകിയിരുന്നു. വിളമ്പുകാരൻ പ പ്പുപിള്ള ഇലയിട്ടു ചുക്കുവെള്ളവും കൊണ്ടുവച്ചു. ഞാ നിലകഴുകിയപ്പോഴേക്കും ചോറും കറിയും വിളമ്പിക്ക ഴിഞ്ഞു. ധൃതിയായി ചോറിളക്കി ഒരുരുള വായിലാ ക്കിയപ്പോഴാണ് ഗോപാലൻെറ കാര്യം ഓർമ്മവന്ന ത്. പാവം ഒന്നും കഴിച്ചിട്ടുണ്ടായിരിക്കയില്ല.

"ഒരൂണുകൂടി തന്നേ പററൂ." ഞാൻ ഹോട്ടൽ കാരനോടു പറഞ്ഞു.

"എടാ പപ്പൂ ചോറൊണ്ടോടാ?" മാനേജർ ചോദിച്ചു.

"ചോറു കാണും. പക്ഷേ കറി ആവശ്യത്തിനു കാണുകയില്ല."

"അതു സാരമില്ല. ഒരിലയിട്ടു വിളമ്പൂ." ഞാൻ

ഗോപാലനെ വിളിച്ചു. അവനാദ്യമല്പം മടികാട്ടിയെ ങ്കിലും സന്തോഷത്തോടുകൂടി വന്നൂണു കഴിച്ചു. അ സാധാരണമായ ഒരു സംതൃപ്തി അവൻെറ മുഖത്തു ക ളിയാടി.

ഊണു കഴിഞ്ഞല്പസമയം വിശ്രമിച്ചശേഷം ഞങ്ങളവിടെനിന്നിറങ്ങി. നല്ലിരുട്ടാണു്. ഒരു കട യിൽനിന്നു രണ്ടുമൂന്നു മെഴുകുതിരിയും ഒരു തീപ്പെട്ടി യും വാങ്ങി ഒരെണ്ണം കത്തിച്ചു.

ആഫീസിൻെറ ഒരു മുറിയിൽ തന്നെയായിരു ന്നു ഞാൻ താമസിച്ചിരുന്നതു്. അവിടെയെത്തിക്ക ഴിഞ്ഞപ്പോൾ ഗോപാലൻ ധൃതികൂട്ടി പോകുവാൻ. ഞാൻ പറഞ്ഞു: "നീയെന്തിനാണീ ഇരുട്ടത്തു പോകു ന്നതു്? ഇവിടെക്കിടന്നുറങ്ങരുതോ?"

"ഞാനെങ്ങിനെയാ ഇവിടെക്കിടന്നുറങ്ങുന്നതു്?"

"അതിനെന്താ? നീ സാധാരണയായെവിടെയാ കിടക്കുന്നതു്?"

"അങ്ങ്നെ പ്രത്യേകിച്ചൊരു സ്ഥലമൊന്നുമില്ല. എവിടെങ്കിലും സൗകര്യമുള്ളിടത്തു കിടക്കും. വല്ല ക ടത്തിണ്ണേലോ കാർഷെഡ്ഡിലോ. ഞാൻ മാത്രമല്ല. എ നിക്കു പല കൂട്ടുകാരുമുണ്ടു്. എല്ലാവരും കൂടെവിടെ ങ്കിലും ചുരുണ്ടുകിടക്കും".

"നീ ഇന്നേതായാലും ഇവിടെക്കിടന്നോളൂ. ഈ കുററിരുട്ടത്തു പോകണ്ടാ. നിൻെറ വീടെവിടെയാണു്?

"എൻെറ വീടൊരഞ്ചു മൈലു ദൂരെയാണു്. അ വിടെ ചന്നമ്മമ്മയുമുണ്ടു്."

"നീ പിന്നെന്താ അവരുടെകൂടെ താമസിക്കാത്തതു്?"

"അച്ഛൻ തളർവാതം പിടിച്ചു കിടപ്പാണു്. അമ്മയ്ക്കാണെങ്കിൽ എന്നും എന്തെങ്കിലും സുഖക്കേടു കാണും. ഞാൻ ഒരു മകൻ മാത്രമേ ഉള്ളു."

"പിന്നെ നീയെന്താ അവരുടെകൂടെ താമസിച്ചു് അവരെ അന്വേഷിക്കാത്തതു്? നീ നോക്കിയില്ലെങ്കിൽ പിന്നാരാണവരുടെ കാര്യം നോക്കുക?"

"സാറെ, എന്റെ കഥ ബഹുരസമാ. ഏതാണ്ടെട്ടു വയസ്സുവരെ ഞാൻ വീട്ടിൽ താമസിച്ചു. പിന്നത്തെ കഥ പറയാൻ കുറെയുണ്ടു്. ഞാനൊന്നര വർഷത്തോളം സ്കൂളിൽ പോയി. എത്ര നാളാണു് പട്ടിണിയിരിക്കുന്നതു്. ഞാൻ സ്കൂളിൽ പോയ്തുടങ്ങിയ കാലത്താണു് അച്ഛന്റെ സുഖക്കേടാരംഭിച്ചതു്. ഒരു പീടികേൽ സാമാനമെടുത്തു കൊടുക്കലായിരുന്നു ജോലി. അച്ഛൻ പോവാതായപ്പോഴേക്കും വീട്ടിൽ പട്ടിണിതന്നെ. മുഴപ്പട്ടിണി. പിന്നെ അമ്മ വല്ലയിടത്തുമൊക്കെ അടുക്കളെവേലയ്ക്കുപോകും. അതുകൊണ്ടാണു് കഴിച്ചില്ല്.

"ഇങ്ങനെയിരിക്കുമ്പോഴാണു് ഞാനും ജോലിക്കു പോയതു്. മാത്തച്ചൻ മുതലാളിയുടെ വീട്ടിൽ എന്നെ വേലയ്ക്കുനിത്തി. മൊതലാളീടെ വീടു വളരെ കേമമാണു്. അവിടമെല്ലാം നല്ല മോടിയായിട്ടാണു് സൂക്ഷിച്ചിരുന്നതു്. മുററം മുഴവൻ മണൽ വിരി

ച്ചു് ഭംഗിയാക്കിയിരുന്നു. അവിടെ വരിവരിയായി നട്ടുപിടിപ്പിച്ചിട്ടുള്ള ചെടികൾ!

"അവിടെച്ചെന്നപ്പോൾ എനിക്കു കിട്ടിയ പ്രധാന ജോലി ചെടിക്കു വെള്ളം കോരുക, കുഞ്ഞുങ്ങളെ എടുക്കുക, പീടികേൽ പോകുക എന്നിവയാണു്.

"അന്നാ വീട്ടിൽ ഞാനാദ്യം ചെന്നപ്പോൾ അതൊരു സ്വർഗ്ഗമാണെന്നെനിക്കു തോന്നി. അവിടെ ഏതു വേലചെയ്യുന്നതിനും ഒരു സുഖമുണ്ടു്, അഭിമാനമുണ്ടു് എന്നു ഞാൻ കരുതി. പക്ഷേ കഷ്ടിച്ചു നാലു മാസമേ ഞാനവിടെത്താമസിച്ചുള്ളു."

"അതെന്തുപററി?" ഞാൻ ചോദിച്ചു.

"സാറേ, ഈ വലിയവരുടെ വീട്ടിലെങ്ങും വാസ്തവത്തിൽ സന്തോഷവും ഐശ്വര്യവുമില്ല. ഞാനതുവരേയും വിചാരിച്ചിരുന്നതങ്ങനെയല്ലായിരുന്നു. അവക്കു മററാരേയും സ്നേഹിക്കുന്നതിനോ വിശ്വസിക്കുന്നതിനോ കഴിവില്ല. അതില്ലെങ്കിൽ പിന്നെന്തിനാണു ജീവിക്കുന്നതു്?

"ഒരു നരകജീവിതമായിട്ടാണു് നാലു മാസവുമെനിക്കനുഭവപ്പെട്ടതു്. എനിക്കന്നെട്ടു വയസ്സേ പ്രായമുണ്ടായിരുന്നുള്ളു. എൻറമ്മയെ വിട്ടുപിരിഞ്ഞു ജീവിക്കുന്നതു തന്നെ വഹിക്കാൻ വയ്യായിരുന്നു. പക്ഷേ പട്ടിണിയായാൽ അമ്മയെന്നും അച്ഛനെന്നും പറഞ്ഞിരിക്കാൻ സാധിക്കയില്ലല്ലോ.

"ഞാൻ പറഞ്ഞില്ലേ ചെടികൾക്കെല്ലാം വെള്ളം കോരുന്നതെൻെറ പ്രധാന ജോലിയാണു്. വീ

ട്ടിൽവച്ചോരിക്കല്ലമെൻറയമ്മ വെള്ളം കോരുന്നതി നെന്നെ അനുവദിച്ചിരുന്നില്ല. "മോനേ കിണറാഴമു ള്ളതാ. നീ വെള്ളംകോരല്ലേ" എന്നു പറയും.

"മൊതലാളിയുടെ വീട്ടിൽ ചെന്നതിൽ പിന്നീടു വെള്ളം കോരുവാനേററവും പററിയ ആൾ ഞാനാ ണ്. ഞാൻ വളരെ ഞെഞ്ഞു വലിച്ചെങ്കിലേ തൊട്ടി ഉയന്നുവരികയുള്ളു. ഞാനെത്ര പാടുപെട്ടാണു വേല ചെയ്യുന്നതെന്നറിയാനുള്ള സഹാനുഭൂതി ആ വീട്ടുകാ ക്കാക്കും ഉണ്ടായിരുന്നില്ല.

"ഒരിക്കൽ രണ്ടുമൂന്നു ചെടികൾക്കു വെള്ളമൊ ഴിക്കുവാൻ ഞാൻ മറന്നുപോയി. മൊതലാളീടെ മ കൻ ജോണി എന്നെ വിളിച്ചു. ഞാനോടിച്ചെന്നു. അയാളുടെ ഭാവം കണ്ടപ്പോഴേ ഞാൻ ഭയന്നുപോയി."

"നീയെന്താ ആ ചെടിക്കു വെള്ളമൊഴിക്കാ ഞ്ഞതു്?"

"ഞാൻ മറന്നുപോയി."

"നിനക്കിത്ര ചെറുപ്പത്തിലേ മറവിയാണോ? ഇ നി നീ മറക്കുമോയെന്നൊന്നു നോക്കട്ടെ" എന്നു പറ ഞ്ഞുകൊണ്ടൊരു വടിയെടുത്തെന്നെ അടിച്ചു. എ ത്ര അടി അടിച്ചെന്നെനിക്കറിഞ്ഞുകൂടാ. ഞാനന്നുവ രെയുമങ്ങിനെയുള്ളടി കൊണ്ടിട്ടില്ല. ഞാൻ ബോധം കെട്ടു വീണുപോയി. ഇതാദ്യത്തെ അനുഭവമാണ്. ഇതിനെ തുടർന്നെത്ര പ്രാവശ്യം!

"മൊതലാളിയുടെ ഇളയ രണ്ടു കുട്ടികളുണ്ടായി രുന്നു. മൂന്നു വയസ്സുള്ള സോമനും ഒരു വയസ്സുള്ള

ലീലയും. എനിക്കു കുഞ്ഞുങ്ങളെ കാണുന്നതു വലിയ സന്തോഷമായിരുന്നു. പക്ഷേ ആ കുട്ടികളെ എടുത്തു കൊണ്ടു നടക്കുന്നതിനു തക്ക വലിപ്പമോ ആരോഗ്യമോ എനിക്കില്ലായിരുന്നു. കുട്ടിക്കളി മാറിയിട്ടില്ലാത്ത ഞാൻ വേണമാരണ്ടു കുട്ടികളേയുമെടുക്കാൻ, കുളിപ്പിക്കാൻ. എന്തെല്ലാം വിശേഷപ്പെട്ട ആഹാരങ്ങളാണവർ കഴിക്കുന്നതു്! ഏതെല്ലാംതരത്തിലുള്ള വസ്ത്രങ്ങൾ! സോമൻ ചിലപ്പോഴെല്ലാം ഒരു ബിസ്കറേറാ മിഠായിയോ എനിക്കു തരും. പേടിച്ചാണു് ഞാനതു വാങ്ങിത്തിന്നിട്ടുള്ളതു്.

"എനിക്കു സോമനേയും ലീലയേയും വലിയ ഇഷ്ടമായിരുന്നു. അവർക്കെന്നേയും. സോമനെന്തു കിട്ടിയാലുമെന്നെ കാണിക്കും. ഭക്ഷണ സാധനമാണെങ്കിൽ എനിക്കും അല്പം ആരും കാണാതെ തരും. കൊച്ചുകുഞ്ഞുങ്ങൾക്കെല്ലാരുമൊരുപോലെയാ.

"ഒരു ദിവസം ഞങ്ങൾ കളിച്ചുകൊണ്ടു നിൽക്കുമ്പോൾ സോമനെന്നെ വന്നു് കെട്ടിപ്പിടിച്ചൊരുമ്മ തന്നു. ഞാനതു തിരികെ കൊടുത്തു. വീണ്ടുമവനെനിക്കൊരുമ്മ തന്നതവൻെറ അമ്മ കണ്ടു. അവരോടിവന്നെൻെറ ചെവി പിടിച്ചുങ്ങ പൊന്നാക്കി. എന്നിട്ടാ കുഞ്ഞിനും കൊടുത്തു രണ്ടടി. "നീയെന്തിനാ ആ വൃത്തികെട്ട ചെറുക്കനുമ്മ കൊടുത്തതു്? ഇനി നീയവനെ തൊട്ടുപോകരുതു്."

"അവിടെയെനിക്കു സന്തോഷം നൽകിയിരുന്ന ഏകസംഗതി സോമൻെറ സ്നേഹമായിരുന്നു. അതു

തകരുന്നതു കണ്ടപ്പോഴെനിക്കു സഹിച്ചില്ല. ആ കുട്ടിയൊഴികെ ആ വീട്ടിലുള്ളവരാരുമെന്നെ സ്നേഹിച്ചിരുന്നില്ല. ജീവനുള്ള ഒരു ജന്തുവാണെന്നപോലും അവരാരുമെന്നെ കണക്കാക്കിയിരുന്നില്ല.

"ആ ഭാര്യാഭർത്താക്കന്മാർ തമ്മിലും യഥാർത്ഥ സ്നേഹമുണ്ടായിരുന്നെന്ന തോന്നുന്നില്ല. സ്നേഹമില്ലാത്ത ആ അന്തരീക്ഷത്തിൽ എനിക്കു ശ്വാസം മുട്ടുന്നതായി തോന്നി.

"അടിയും വഴക്കുമെല്ലാം സഹിക്കാം സാറേ സ്നേഹമില്ലെങ്കിൽ പിന്നെന്തിനാണു ജീവിക്കുന്നതു്? എന്നും വൈകിട്ടവർ യേശുവിൻെറ പടത്തിനു മുമ്പിൽ മുട്ടുകുത്തി നിന്നു പ്രാത്ഥിക്കും. ഈശോ മശിഹാ ഈശോമശിഹാ എന്നു വീണ്ടുംവീണ്ടും പറയുന്നതു കേൾക്കാം. ഈശോമശിഹാ കുഞ്ഞുങ്ങളെയും മററെല്ലാവരേയും സ്നേഹിച്ചിരുന്നു. പിന്നിവരാരുമെന്താണങ്ങിനെ ചെയ്യാത്തതു്?

"എനിക്കെല്ലാവരേയും സ്നേഹിക്കണം. എന്നേയും എല്ലാവരും സ്നേഹിക്കണമെന്നാ ആഗ്രഹം. എന്നെ ആരും സ്നേഹിച്ചില്ലെങ്കിൽ എനിക്കു ശ്വാസം മുട്ടുന്നതുപോലെയാണു്. എന്നിട്ടും കുറച്ചുനാൾ ഞാനവിടെ കഴിഞ്ഞുകൂടി. അതാ കൊച്ചുകുഞ്ഞുമൂലം മാത്രമാണു്.

"ഒരുദിവസം ഞാനവനെ എടുത്തു കെട്ടിപ്പിടിച്ചുമ്മവച്ചു. അപ്പോഴേക്കുമെൻെറ കണ്ണു നിറഞ്ഞൊ

ഴകി. സോമൻെറ മുഖം വല്ലാതെയായി. അവൻ ചോദിച്ചു: എന്തിനാ കരയുന്നതു്."

"കുഞ്ഞേ ഞാനിന്നിവിടുന്നു പോകയാ. ഇനി വരത്തില്ല. എനിക്കെൻെറമ്മേടടുക്കൽ പോണം." ഞാൻ വീണ്ടും ഉമ്മവച്ചു. പെട്ടെന്നു ഞാനവനെ അവിടെ നിത്തിയിട്ടൊരോട്ടവും കൊടുത്തു.

"ആ വഴിയാണു് ഞാനീ പട്ടണത്തിൽ വന്നതു്. ഇവിടെയെനിക്കധികം വേലയൊന്നും കിട്ടുകേല. വല്ലപ്പോഴുമോരോ ചുമടുകിട്ടും. രണ്ടോ നാലോ അണ കിട്ടുന്നതുകൊടുത്തു് വല്ലതും വാങ്ങിത്തിന്നും. കുറെ നാഠം കഴിഞ്ഞപ്പോഠം ഒരു സർവ്വത്തുകടയിൽ വെള്ളം കൊണ്ടുകൊടുക്കുന്ന വേല കിട്ടി. ദിവസം രണ്ടു കുടം വെള്ളം വേണം. അതിനു പ്രതിവായി രണ്ടണ തരും. കണക്കനുസരിച്ചതു സ്വല്പം കൂടുതലാണു്.

"ആഴ്ചയിലൊരിക്കൽ ഞാൻ വീട്ടിൽപോകും. ഒരാഴ്ചത്തെ സമ്പാദ്യമെല്ലാം അമ്മയുടെ കയ്യിൽകൊണ്ടുകൊടുക്കും. അപ്പോളെൻെറ ഒരഭിമാനം—ഹോ! അതു പറഞ്ഞറിയിക്കാൻ പ്രയാസമാ.

"ഇവിടെനിക്കു പല കൂട്ടുകാരുണ്ടു്. ഒരാഠക്കെന്തെങ്കിലും കിട്ടിയാൽ ഞങ്ങളതു വീതിച്ചെടുക്കും. ഒരാഠം മാത്രം പട്ടിണിയാണെങ്കിൽ മററുള്ളവരെല്ലാം കൂടി അവനുംകൂടെന്തെങ്കിലും വാങ്ങിക്കൊടുക്കും. ഒന്നുകിലെല്ലാവരും പട്ടിണി. അല്ലെങ്കിലെല്ലാക്കുമോണം.

"ഇന്നിപ്പോളെനിക്കോണമായിരുന്നു. അവരെല്ലാം മുഴപ്പട്ടിണിയാണ്. ഈ മഴ കാരണം സാറേ ആരും പെട്ടീം പ്രമാണോമായി വരികയില്ല. പിന്നെന്തുചെയ്യാനാ? പാവം അവർ തണുപ്പത്തു വിശന്നു കിടക്കുകയാ.

"സാറൊരു സഹായം ചെയ്യാമോ? എൻെറ കൂലിയിങ്ങുതന്നാൽ ഞാൻ പോയി എൻെറ കുട്ടികാൾക്കു വല്ലതും വാങ്ങിക്കൊണ്ടു കൊടുക്കാം. അല്ലെങ്കിൽ എനിക്കിവിടെക്കിടന്നുറങ്ങാൻ സാധിക്കയില്ല."

ഞാനൊന്നും പറഞ്ഞില്ല. ഉടൻതന്നെ പേഴ്സെടുത്ത് അവൻെറ കൂലിയെടുത്തു കൊടുത്തു. മെഴുകുതിരി കൊളുത്തിയിട്ടെന്നെ നോക്കി പോകട്ടെയെന്നർത്ഥത്തിൽ അവനൊന്നു പുഞ്ചിരിച്ചു. അതിൽ നന്ദിയും സ്നേഹവും വഴിഞ്ഞൊഴുകുന്നുണ്ടായിരുന്നു. അതെന്നിൽ ഒരു വൈദ്യുത പ്രവാഹമുളവാക്കി. ഞാനുമൊന്നു ചിരിച്ചു.

അവൻ ഇരുട്ടിൽക്കൂടി ആ ദീപവുംകൊണ്ടു മുന്നോട്ടു നീങ്ങിനീങ്ങിപ്പോയി, അവൻെറ ചുററും പ്രസരിച്ച ആ സ്നേഹപ്രഭ എന്നെ സ്തബ്ധനാക്കി.

# സ്ത്രീ

സുമതി ഇന്നൊരദ്ധ്യാപികയാണു്. ചുറുചുറുക്കോടെ എപ്പോഴും പ്രസന്നവദനയായി ഓടിനടന്ന പെൺകിടാവല്ല. അവളുടെ മുഖത്തെപ്പോഴും ഒരു നിരാശ നിഴലിച്ചിരിക്കും. പണ്ടത്തെ ആത്മാർത്ഥവും കളങ്കരഹിതവുമായ മന്ദഹാസമവളുടെ ചുണ്ടിൽനിന്നു് ഇന്നടരാറില്ല. എങ്കിലും ലളിതമായ രീതിയിൽ വസ്ത്രധാരണംചെയ്തു അവൾ പോകുന്നതു കാണാനൊരു പ്രത്യേക അഴകുണ്ടു്.

അച്ഛൻ മരിച്ചതിനുശേഷം സുമതി തൻെറ അമ്മാവൻെറ വീട്ടിലാണു് താമസിക്കുന്നതു്. അമ്മാവിക്കവളോടു സ്നേഹമില്ലെന്നു പറയുവാൻ വയ്യ. സുമതിയുടെ ശമ്പളംകൊണ്ടാണു് അവരുടെ മക്കളുടെ ഫീസ് കൊടുക്കുന്നതു്. അതുകൊണ്ടു് സുമതിയുടെ ആവശ്യങ്ങൾ പലതും അവർ സസന്തോഷം നിർവ്വഹിച്ചിരുന്നു. പക്ഷേ സുമതിക്കുട്ടിയുടെ ഹൃദയത്തിൻെറ ഞരക്കം മാത്രം അവർ കേട്ടിരുന്നില്ല.

അമ്മാവിയുടെ മൂത്തമകൾ സരോജത്തിൻെറ വിവാഹം വളരെ കേമമായാണ് നടത്തിയത്. ഒരു ഡോക്ടറാണവളെ വിവാഹം ചെയ്തതു്. സരോജത്തിൻെറ വിവാഹം വേഗം നടത്തുന്നതിനവരുടെ അമ്മയെത്ര ബദ്ധപ്പെട്ടു! എന്നാൽ സരോജത്തേക്കാൾ പ്രായംകൂടിയ സുമതിയുടെ ആവശ്യം അവർ മനസ്സിലാക്കിയിരുന്നില്ല. സുമതി പലപ്പോഴും ചിന്തിച്ചു കരയും. അവളുടെ അച്ഛനുമമ്മയും ഉണ്ടായിരുന്നെങ്കിൽ അവളുടേയും വിവാഹം കേമമായി നടത്തിയേനെ. അവൾക്കും അനുരൂപനായ ഭർത്താവുമൊന്നിച്ച് സസുഖം ജീവിക്കാമായിരുന്നു എന്നു്.

ഒരു ദിവസം സുമതിക്കുട്ടി അവളുടെ പെട്ടിയെല്ലാം പരിശോധിച്ചുകൊണ്ടിരിക്കയായിരുന്നു. അതിൽ അവളുടെ അച്ഛൻെറയും അമ്മയുടേയും കൂടിയുള്ള ഒരു ഫോട്ടോ ഉണ്ടായിരുന്നു. സുമതി അതെടുത്തു നോക്കിക്കൊണ്ട് കണ്ണീർ പൊഴിച്ചുകൊണ്ടിരിക്കുമ്പോൾ പെട്ടെന്നമ്മാവി മുറിയിൽ കടന്നുചെന്നു. അവൾ കണ്ണീർ തുടച്ചെങ്കിലുമവളുടെ നയനങ്ങൾ കലങ്ങിയിരുന്നു.

“സുമതി നീയെന്തിനാണീങ്ങനെയിരുന്നു കരയുന്നതു്? മരിച്ചുപോയവരെ തിരിച്ചുകൊണ്ടുവരാൻ സാദ്ധ്യമാണോ?” അമ്മാവി പറഞ്ഞു. എന്നിട്ടവർ പെട്ടിയിലിരുന്ന ഒരു പൊതിക്കെട്ടെടുത്തുകൊണ്ടുചോദിച്ചു: “ഇതെന്താണിത്ര കാര്യമായി പൊതിഞ്ഞു സൂക്ഷിച്ചിരിക്കുന്നതു്?”

അമ്മാവി അതഴിച്ചുനോക്കി. അതിൽ ഏതാനും പഴയ സക്കാർ അരരൂപയും ഒരു ചിത്രവുമുണ്ടായിരുന്നു. ഒരു കുടുംബത്തിൻെറ ചിത്രം. ഭത്താവും ഭാൎയ്യയും അവരുടെ രണ്ടോമനക്കിടാങ്ങളുടെ ലീലകൾ കണ്ടുകൊണ്ടിരിക്കുന്ന ചിത്രം. അതേതോ മാസികയിൽനിന്നും കീറിയെടുത്തതായിരുന്നു.

“നീ ഇപ്പോഴും ഒരു കൊച്ചുകുഞ്ഞിൻെറ കൌതുകത്തോടെന്തിനാണീ പടമൊക്കെക്കീറി സൂക്ഷിക്കുന്നതു്?”

“അമ്മാവീ, ആ പടവും നാണയങ്ങളുമെൻെറയല്ല. അതിൻെറ കഥ കുറച്ചു പറയുവാനുണ്ടു്.”

അമ്മാവിക്കാ കഥ കേൾക്കണം. സ്ത്രീകൾക്കു മററുള്ളവരുടെ കഥകളറിയുന്നതു ബഹുരസമാണല്ലോ.

സുമതി കഥ തുടങ്ങി,

“അച്ഛനു ജോലിയായി ഞങ്ങൾ കൊല്ലത്തു താമസിക്കുകയായിരുന്നു. സാമാന്യം നല്ല ഒരു വീടാണു് ഞങ്ങൾ കൂലിക്കെടുത്തിരുന്നതു്. പട്ടണത്തിൽ സ്വല്പം മാനമായി ജീവിച്ചാൽ വലിയ ഒരുപദ്രവമുണ്ടു്. ഭിക്ഷക്കാർ വളരെയധികം ഉപദ്രവിക്കും. എത്ര സന്മനസ്സുണ്ടെങ്കിലും വളരെയാകുമ്പോൾ ആൎക്കും വെറുപ്പുതോന്നും. അന്നു് ഞങ്ങളുടെ വീട്ടിൽ ഒരു സ്ത്രീ വല്ലപ്പോഴുമൊക്കെ വരുമായിരുന്നു. അതെ അവരൊരു സ്ത്രീതന്നെയായിരുന്നു. പിന്നീടാണതു ഞാൻ മനസ്സിലാക്കിയതു്. ആ സ്ത്രീയുടെ പേരെന്താണെന്നെനിക്കറിഞ്ഞുകൂടാ. അവരേക്കുറിച്ചു പറയുവാൻ പേ

രിൻെറ ആവശ്യമുണ്ടായിരുന്നില്ല. അവക്കത്രയ്ക്കധികം പ്രത്യേകതയുണ്ടായിരുന്നു. ആകെ ഒരു മൂന്നുമൂന്നര അടി നീളം കാണും. തലയ്ക്കൊരു ചെറിയ നാളീകേരത്തിൻെറ വലിപ്പംവരും. പകുതി നരച്ച തലമുടി മൂന്നുനാലിഞ്ചു നീളത്തിൽ നാലുവശത്തേക്കും വളന്നുകിടക്കും. രണ്ടു ചെറിയ കണ്ണുകൾ, അവയ്ക്കു സൂക്ഷ്മദൃഷ്ടിയുണ്ടായിരുന്നെന്നുള്ളതിനു സംശയമില്ല. മൂക്കു വളരെ ചെറിയതു് മുഖത്തിനു യോജിച്ചതുതന്നെ. പല്ലുകൾ രണ്ടെണ്ണം വെളിയിലേക്കുന്തി നിന്നിരുന്നു. ആ പല്ലുകളും തലമുടിയുമാണവരുടെ മുഖം കൂടുതൽ വിരൂപമാക്കിയിരുന്നതു്. എന്തെങ്കിലുമൊരു വസ്ത്രം ക്കീറുടുക്കും, ഒന്നുകൊണ്ടു പുതയ്ക്കും. കയ്യിൽ ഒരു ഓവൽടിൻ പാട്ടയും അവരേക്കാൾ നീളമുള്ള കനത്ത ഒരു മുളവടിയും ഉണ്ടായിരിക്കും.

ഏതു വീട്ടിൽ ചെന്നാലും "മക്കളേ" എന്നു വളരെ ആകർഷണീയമായ രീതിയിൽ വിളിക്കും. അങ്ങനെ വിളിക്കുന്നതിലവക്കൊരു പ്രത്യേക രസമുണ്ടായിരുന്നു. വഴിയിൽവച്ചു വല്ലവരേയും കണ്ടാൽ ചോദിക്കും: "മക്കളേ, ഒരു തുട്ടു തരുമോ?"

എന്തെങ്കിലും കൊടുത്തുകഴിഞ്ഞാൽ പറയും "നാളെയുമെനിക്കൊരു തുട്ടു തരുമോ? മക്കളു് തരണം. കേട്ടോ, ഞാൻ വരും. പിന്നെ വരുന്നതു് രണ്ടുമൂന്നാഴ്ച കഴിഞ്ഞിട്ടായിരിക്കും."

സ്കൂൾകുട്ടികളോടവക്കു വിരോധമാണു്. അവർ ആ സ്ത്രീയെ ശുണ്ഠിപിടിപ്പിക്കും. ഗത്യന്തരമില്ലാതെ

വരുമ്പോൾ അവർ ചിരിച്ചു വിളിക്കും. വടിയെടുത്ത ടിക്കാൻ ചെല്ലും.

ഒരു ദിവസം മുഴുവൻ സഞ്ചരിച്ചാൽ എട്ടുപത്തു വീട്ടിൽ മാത്രമേ അവർ കയറുകയുള്ളു. ഒരു ദിവസം വീട്ടിൽ വന്നപ്പോൾ ഞാൻ ചോദിച്ചു:

"തള്ളയുടെ വീടെവിടെയാണു്?"

"വീടു പുനലൂരാ."

"വീട്ടിൽ പോകാറില്ലേ?"

"ഇല്ല."

"മക്കളൊന്നുമില്ലേ?"

"ഇല്ല മക്കളെ" അതിലൊരു വിഷാദമരായ കലർന്നിരുന്നു. "എന്നെ കല്യാണം ചെയ്തില്ല. എന്നാ ഞാ ഇങ്ങനെ നടക്കവോ!"

"എവിടെയാ താമസിക്കുന്നതു്?"

"ഒരു പഴയ കടത്തിണ്ണേലാ. വയ്യിട്ടിത്തിരി കഞ്ഞി അനത്തിക്കുടിക്കും. എന്നിട്ടവിടെ കിടന്നൊറങ്ങും. മൊക്കളെ, എന്നെ ഇവിടെ കെടത്തണേ? ഞാ ഇനി ഇവിടെ കെടക്കും."

ഞാൻ ചോദിച്ചതുതന്നെ തെററിപ്പോയെന്നെനിക്കു തോന്നി. പ്രതികൂലമായൊരു മറുപടി പറയുവാനെനിക്കു ധൈര്യംവന്നില്ല. അത്ര സ്നേഹപൂർണ്ണമായാണവർ ചോദിച്ചതു്. അന്നു വൈകിട്ടു് അച്ഛനോടു ഞാൻ വിവരം പറഞ്ഞു. ഉപയോഗിക്കാതെ കിടന്ന ഞങ്ങളുടെ തൊഴുത്തിൻെറ തിണ്ണയിൽ കിടന്നുകൊള്ളുവാൻ അനുവാദം കൊടുത്തു.

അതിൽ പിന്നീടെന്നും സന്ധ്യയ്ക്കു മുൻപേ അവർ വീട്ടിൽ വരും. എന്നും ഒരു ഉരിയരിയെങ്കിലും കിട്ടാതിരിക്കയില്ല. വന്നു കഴിഞ്ഞാൽ ഞാനെന്നും ചെന്നു ചോദിക്കും: "ഇന്നെന്തെല്ലാം കിട്ടി?"

"രണ്ടു വീട്ടീന്നു കഞ്ഞികിട്ടി. ഒരിടത്തു നിന്നൊരു ദോശകിട്ടി. ഒരു പിടി അരീമൊണ്ട്."

"അപ്പോം ഇന്നു തരക്കേടില്ലായിരുന്നല്ലോ."

"എന്നാ മക്കളെ, വെശക്കുമ്പോഴെന്നും എന്തെങ്കിലും ദൈവം തരീക്കും."

ഒരു ദിവസം അവർ പറഞ്ഞു ഒന്നും കിട്ടിയില്ലെന്ന്. അന്നു ഞാൻ കുറച്ചരികൊടുത്തു. അപ്പോം അവർ പറയുകയാണ്:

"മക്കളെ എനിക്കു നാളേം അരി കിട്ടീല്ലെങ്കി ഇച്ചിരി അരി തരണം. മോക്കളെനിക്കു തരൂല്ലെ?"

"തരാം" ഞാൻ പറഞ്ഞു സമാധാനപ്പെടുത്തി.

എന്നെങ്കിലുമവർ വരാൻ താമസിച്ചാലെനിക്കു വളരെ വിഷമമാണ്. ഒരു ദിവസം വൈകിട്ടു വന്നതേയില്ല. ഞാൻ വിചാരിച്ചു വല്ല വണ്ടിയോ മറ്റോ കേറി ചത്തുപോയ്ക്കാണുമെന്ന്. പിറ്റേദിവസം വൈകിട്ടാണ് പിന്നെ തിരികെ വന്നത്. ഞാൻ ചോദിച്ചു എവിടെയായിരുന്നെന്ന്.

"ഇന്നലെ രാത്രീലൊരിടത്തൊരടീന്തിരുണ്ടാരുന്നു. അങ്ങു ദൂരെയാർന്നു മക്കളെ. അവിടൊരു വീട്ടിൽക്കേറിക്കെടന്നു."

അങ്ങിനെ അവർ രണ്ടു വർഷത്തോളം വീട്ടിൽ താമസിച്ചു. ഒടുവിൽ ഒരു ദിവസം അവർ പോയിട്ടു് പിന്നെ തിരിച്ചു വന്നതേയില്ല. അയ്യപ്പന്മാരു മലയ്ക്കു പോകുന്ന കാലമായിരുന്നു അതു്. അവരുടെകൂടെപ്പോയി വല്ലയിടത്തും വച്ച് മരിച്ചുപോയതായിരിക്കണം. കഷ്ടം! നല്ല സ്നേഹമുള്ള ഒരു സ്ത്രീയായിരുന്നു. കള്ളത്തരമോ ഒന്നും അറിഞ്ഞുകൂടാത്ത പ്രായമുള്ള ഒരു കുഞ്ഞു്!"

"സുമതി ആ പടത്തിന്റെ കാര്യം പറഞ്ഞില്ലല്ലോ." അമ്മാവി പറഞ്ഞു.

"അതു പറയാം. അവരും ഒരു സ്ത്രീയായിരുന്നു അവർക്കുമുണ്ടായിരുന്നു ഭർത്താവുമൊത്തു് ജീവിക്കാനൊരാഗ്രഹം. ഒരിക്കൽ ഞാൻ ചോദിച്ചു എന്താ കല്യാണം കഴിക്കാത്തതെന്നു്. അപ്പോളവർ പറഞ്ഞു. "എന്നെ ആരും കല്യാണം കഴിക്കില്ല." പക്ഷേ അവരെന്നും ഒരു കുടുംബജീവിതം സ്വപ്നം കണ്ടിരുന്നു. അവരുടെ തിരോധാനത്തിനു ശേഷമൊരിക്കൽ ഞാൻ തൊഴുത്തിന്റെ തിണ്ണ അടിച്ചു വാരുകയായിരുന്നു. അപ്പോൾ ഉത്തരത്തിനു മുകളിൽ എന്തോ ചിതലു പിടിച്ചിരിക്കുന്നതായി കണ്ടു. ചൂലുകൊണ്ടു ഞാനതു തട്ടി താഴെയിട്ടു. വെറുമൊരു കട്ട മണ്ണു്. അതു നിലത്തുവീണു് പൊടിഞ്ഞുപോയി. തുണിയിൽ പൊതിഞ്ഞ ഒരു കെട്ടായിരുന്നു അതു്. അതു മുഴുവൻ ചിതലുതിന്നു പോയിരുന്നു.

പക്ഷേ ഒരീയക്കടലാസിൽ പൊതിഞ്ഞെതന്തോ അക്കൂട്ടത്തിൽ കിടക്കുന്നതു കണ്ടു. ഞാനതെടുത്തഴിച്ചുനോക്കി. അതിലിരുന്നതാണീ പടവും നാണയങ്ങളും. അവർ സ്വപ്നംകണ്ടിരുന്ന കുടുംബത്തിൻെറ ചിത്രമാണിതു്. വികൃതരൂപിയും അനാഥയുമായിരുന്നെങ്കിലും ഒരു സ്ത്രീയായിരുന്ന അവരുടെ ആഗ്രഹം നോക്കണം!"

അമ്മാവി പിന്നെ ഒന്നും പറഞ്ഞില്ല. അവക്കെന്തോ ക്ഷതമേററമട്ടിലവിടെനിന്നും പോയി.

# പ്രേതം

ഓണം അവധികിട്ടിയിട്ടു് വീട്ടിൽപോകുവാൻ കാത്തുകാത്തിരിക്കുകയായിരുന്നു ഞാൻ. എന്നിട്ടു തിരുവോണത്തിൻെറ തലേ ദിവസമാണു് അവധി കിട്ടുന്നതു്. അതും നാലു ദിവസത്തേക്കു്. അഞ്ചും, മൂന്നും, ഒന്നും വയസ്സു് വീതമുള്ള മൂന്നു കുട്ടികളുടെ പിതാവിനു് തിരുവോണത്തിനു വീട്ടിൽ പോകുന്നതെത്രമാത്രം സന്തോഷകരമാണെന്നൂഹിച്ചുകൂടെ, മിനുവും രാജനും അച്ഛൻെറ സമ്മാനങ്ങളും പ്രതീക്ഷിച്ചിരിപ്പുതുടങ്ങിയിട്ടെത്ര നാളുകളായിക്കാണും. മിനുവിനു് ഒരു പ്ലാസ്റ്റിക്കു് സഞ്ചിയും, റിബ്ബണും, ഒരു സിൽക്കു ഫ്രോക്കും രാജനു് ഒരു പന്തു്, ഒരു ലിനൻ ഷർട്ടും ട്രൗസറും, പിന്നെ രണ്ടുപേർക്കും ചോക്കലേററും മിഠായിയും. ഇത്രയും കൊണ്ടുചെല്ലണമെന്നു നേരത്തെ ഏർപ്പാടു ചെയ്തിട്ടുള്ളതാണു്. ഇവയില്ലാതെ വീട്ടിൽ ചെന്നു കയറാനൊക്കുമോ?

അവധികിട്ടിയ ദിവസംതന്നെ ഞാൻ ഇവയെല്ലാംവാങ്ങി വീട്ടിലേക്കു തിരിച്ചു. എത്രയും വേഗ

ത്തിൽ വീട്ടിൽ ചെന്നുചേരണമെന്നാണു് അടുത്ത ആഗ്രഹം. കുട്ടികൾക്കോണസമ്മാനങ്ങൾ നൽകണം. കൊച്ചുമകനെ കോരിയെടുത്തുമ്മ വയ്ക്കണം. അപ്പോൾ രാജൻ മടിയിൽ വലിഞ്ഞുകയറി ഇരിക്കും. മിനു അടുത്തുവന്നു് ചാരിനിൽക്കും. ഇതെല്ലാം കണ്ടുകൊണ്ടിരിക്കുന്ന ഒരമ്മ ഹാ—കുടുംബജീവിതത്തിന്റെ സൗകുമാര്യം! സൗഭാഗ്യം!

ഇവയെല്ലാം ഓർത്തുകൊണ്ടാണു് ഞാൻ വണ്ടിയിലിരുന്നതു്. വണ്ടിക്കു തീരെ വേഗതയില്ലെന്നെനിക്കുതോന്നി. പത്തു നൂറു മൈൽ സഞ്ചരിക്കുക അത്ര എളുപ്പമാണോ? അതിനിടയിലല്ലേ ഏടാകൂടം—ഇടയ്ക്കുവച്ചു് വണ്ടിയ്ക്കു കേടായി. ഡ്രൈവറും ക്ലീനറും വളരെ പണിതുനോക്കി. ഒടുവിൽ ഒരു നിവൃത്തിയുമില്ലെന്നു കണ്ടപ്പോൾ യാത്രക്കാരെ മററു ചിലവണ്ടികളിൽ കയററി അയച്ചു. എന്തിനു പറയുന്നു. ഞാൻ ചങ്ങനാശേരിയിൽ വന്നിറങ്ങിയപ്പോൾ രാത്രി പത്തുമണിയായി. അവിടെനിന്നും നാലഞ്ചു മൈൽ കൂടി കിഴക്കോട്ടു പോകണം. അവസാന വണ്ടി ഒൻപതു മണിക്കാണു്. അതു് പൊയ്ക്കഴിഞ്ഞിട്ടു മണിക്കൂറൊന്നു കഴിഞ്ഞു. ഇനി എങ്ങിനെയാണു് വീട്ടിൽ ചെന്നുചേരുന്നതു്! ആകപ്പാടെ വിഷമിച്ചു. അല്പം നിലാവുണ്ടു്. എന്നാലും എങ്ങിനെയാണു് ഒററയ്ക്കു നടന്നുപോകുന്നതു്, അല്പം ഭയമില്ലാതില്ല. ഭൂതപ്രേതാദികളിൽ വിശ്വാസമില്ലെങ്കിലും ഏകനായി രാത്രിയിൽ സഞ്ചരിക്കുന്നതെങ്ങിനെ?

ഭൂതപ്രേതാതികളെക്കുറിച്ച് വളരെ കഥകൾ കേട്ടിട്ടുണ്ട്. അവ ഓരോന്നായി ഓർമ്മവരും.

അന്നു രാത്രി എവിടെയെങ്കിലും താമസിക്കുക പ്രയാസംതന്നെ. അതു തന്നെയുമല്ല, തിരുവോണ ദിവസം ചെന്നുകയറുന്നതെങ്ങിനെയാണ്. കുട്ടികൾ അച്ഛനെ പ്രതീക്ഷിച്ചിരുന്ന് അക്ഷമരാകും. ഇങ്ങിനെ വിഷമിച്ചു നിൽക്കുമ്പോൾ ഒരാൾ എന്റെ അടുത്തേക്കു നടന്നുവന്നു. അയാൾ ചോദിച്ചു:

"എന്താ ഇവിടെ നിൽക്കുന്നതു്?"

ശബ്ദം കേട്ടപ്പോൾ എനിക്കാളിനെ മനസ്സിലായി. എന്റെ വീട്ടിൽ നിന്നും ഏകദേശമൊരു നാഴിക അപ്പുറത്താണയാളുടെ വീട്. അദ്ദേഹവും എന്നെപ്പോലെ ഒരുദ്യോഗസ്ഥനാണ്. ആൾ നല്ലൊററനാണ്. നല്ലയരം, നല്ലതടി.

"അല്ല ഇതാരു്? പിന്നെ വീട്ടിലേയ്ക്കല്ലേ? എങ്ങിനെയാണ് പോകുന്നതു്?"

"രണ്ടുപേരുണ്ടല്ലോ നടന്നുകളയാം. ഇപ്പോൾ എവിടെയാണു ജോലി?"

"ആലുവായ്ക്കടുത്താണ്. ഇവിടംവരെവന്നപററിയ കഥ പറയേണ്ട. ഞാനിങ്ങനെ വിഷമിച്ചു നിൽക്കുകയായിരുന്നു എങ്ങിനെയാ വീട്ടിൽ ചെന്നുചേരുന്നതു് എന്നു ചിന്തിച്ചു്. ഊണു കഴിച്ചതാണോ?"

"അല്ല. പക്ഷേ ഇനിഇവിടെയെങ്ങും ഊണു

കിട്ടുമെന്നുതോന്നുന്നില്ല. ഓരോ നല്ലകാപ്പികുടിച്ചു് നടന്നുകളയാം.

ഒരു കാപ്പിക്കടമാത്രം അടച്ചിട്ടില്ല. ഞങ്ങൾ രണ്ടുപേരും അവിടെ കയറി ഓരോ കട്ടം കാപ്പി കുടിച്ചശേഷം പതുക്കെ നടപ്പുതുടങ്ങി. മിക്കവാറും പകുതിവളർച്ചയെത്തിയ ചന്ദ്രൻ ആകാശത്തിൽ കുറെ ഉയൎന്നിട്ടുണ്ടു്. അതുകൊണ്ടു് പ്രത്യേകം വെളിച്ചത്തിൻെറ ആവശ്യമില്ലായിരുന്നു.

ഇങ്ങനെ ഒരു കൂട്ടുകാരനെ കിട്ടിയതേതായാലും ഈശ്വരാനുഗ്രഹം തന്നെയെന്നുകരുതി. അദ്ദേഹം രസകരമായ ഓരോ കഥകൾ പറയുവാൻ തുടങ്ങിയപ്പോൾ ഞാൻ നടപ്പിൻെറ ക്ഷീണം അറിഞ്ഞതേയില്ല. ഞങ്ങൾ പല വിഷയങ്ങളെക്കുറിച്ചു സംസാരിച്ചു. നാട്ടിലേയും വീട്ടിലേയും കഥകൾ, രാഷ്ട്രീയ കാൎയ്യങ്ങൾ, പഞ്ചായത്തിൻെറ പ്രവൎത്തനപദ്ധതികൾ എല്ലാം.

ഞങ്ങൾ കടന്നു പോയവഴിക്കുള്ള പലവീടുകളിലും ഉപ്പേരി വറക്കുന്ന "ശ്ശീ" "ശ്ശീ" ശബ്ദം കേൾക്കാമായിരുന്നു. ഏകദേശം രണ്ടു മൈൽ നടന്നു കഴിഞ്ഞപ്പോൾ ഞാനെൻെറ വാച്ചിൽനോക്കി. മണി പതിനൊന്നുകഴിഞ്ഞു. റോഡു മിക്കവാറും പൂൎണ്ണനിശ്ശബ്ദതയിലായി. എങ്ങും വലിയ ശബ്ദമൊന്നുമില്ല. ചിലയിടങ്ങളിൽ നായ്ക്കൾ ഞങ്ങളെകണ്ടു് ഉറക്കെക്കുരച്ചു. നീണ്ട ബസ്സുയാത്രയുടെക്കൂടെ നടപ്പുക്കൂടിയായപ്പോൾ ശരീരം മിക്കവാറും തളൎന്നു. എങ്ങിനെയെ

ങ്കിലും വീട്ടിൽചെന്നു കിടന്നൊന്നുറങ്ങണമെന്നാണു് ചിന്ത.

ഞങ്ങളുടെ വഴി മിക്കവാറും നടന്നുതീരാറായി. കഷ്ടിച്ചൊരുമൈൽക്കൂടികാണും. ആ വഴിക്കു് പാടത്തിൻെറ നടുക്കുകൂടി ഒരു ചിറയുണ്ടു്. നല്ല നിലാവുള്ളപ്പോൾ ആ ചിറയിൽക്കൂടി നടന്നു പോകുന്നതു് ഉല്ലാസകരമാണെങ്കിലും ഏതാണ്ടുപാതിരാത്രിയോടടുത്തു് ആ വഴിപോകാൻ ആർക്കും തെല്ലുമടികാണും. അത്രയ്ക്കേകാന്തമാണവിടം. പോരെങ്കിൽ ചിറയുടെ മദ്ധ്യത്തോടടുത്തു് ഒരു ചെറിയ പാലവും ഒരു വലിയകുളവും.

ഈ ചിറയിലേയ്ക്കു കടന്നതോടുകൂടി എൻെറ സ്നേഹിതൻെറ ശബ്ദം ഒന്നു പതിഞ്ഞമട്ടിലായി. ഉത്സാഹം അല്പം കുറഞ്ഞു. അദ്ദേഹത്തിൻെറ നടപ്പിലും ഭാവത്തിലും ഭീതിയുടെ ഒരുനിഴൽ ഉണ്ടെന്നെനിക്കുതോന്നി. എന്തിനു പറയുന്നു, എന്നേയും ആ ഭയം ബാധിച്ചുതുടങ്ങി. എന്തായാലും ഞങ്ങൾ രണ്ടുപേരും ധൈര്യം അവലംബിച്ചു നടക്കുകതന്നെയാണു്. കാലുകൾക്കെന്തോ തളർച്ചപോലെ അത്രമാത്രം.

ചിറയുടെ മദ്ധ്യത്തിലുള്ള പാലത്തോടടുത്തപ്പോൾ ഞങ്ങൾ രണ്ടുപേരും സ്തംഭിച്ചുനിന്നുപോയി. ഒരിരുണ്ടരൂപം പാലത്തിൻെറ കൈവരിയിൽ പിടിച്ചുനിൽക്കുന്നു. ഞാനതിനു മുൻപു പ്രേതത്തെ കണ്ടിട്ടില്ല. എൻെറ സ്നേഹിതനും അങ്ങിനെതന്നെ

എന്നാൽ ഈ കണ്ട കാഴ്ച ഞങ്ങൾ രണ്ടാളേയും എന്തെന്നില്ലാതെ ഭയപ്പെടുത്തി. ശരീരം മുഴുവൻ തളർന്നു. കാലുകൾക്കു വലിയഭാരം. നാക്ക് ആരോ ബലമായി ബന്ധിച്ചതുപോലെ.

ഈ രാത്രിയിൽ നടക്കാൻ നിശ്ചയിച്ചതുതന്നെ മറയത്തരമായിപ്പോയി! ഞാനെന്നെത്തന്നെ ശപിച്ചു. "ഇന്നാരെ കണികണ്ടുകൊണ്ടാണിറങ്ങിത്തിരിച്ചതു്?"

പെട്ടന്നെന്റെ സ്നേഹിതൻപറഞ്ഞു "നാം ഭയപ്പെട്ടാൽ കുഴപ്പമാണ്. തിരിഞ്ഞോട്ടകയും ചെയ്യരുതു്. ധൈര്യമായിരുന്നാൽ ഇവയ്ക്കൊന്നും നമ്മോടുചെയ്യാൻ കഴികയില്ല."

"ശരിയാണു്". ഞങ്ങൾ രണ്ടുപേരും ഈശ്വരനാമം മുറയ്ക്കു ജപിച്ചു.

"വരൂ, ഒന്നുമറിയാത്തമട്ടിൽ നമുക്കു നടന്നുപോകാം. ഇങ്ങിനെനിന്നാൽ നാം ഭയപ്പെട്ടു വീണുപോകും."

പാലത്തിൽ നിൽക്കുന്ന രൂപം അടിയിലുള്ള വെള്ളത്തിലേക്കു നോക്കിക്കൊണ്ടാണ് നിൽക്കുന്നതു്.

ഈ ദുരാത്മാക്കളുടെ പ്രവർത്തനം മൂലം പണ്ടാരൊക്കെയോ ആ കുളത്തിൽ മുങ്ങിമരിച്ചിട്ടുണ്ടെന്ന് കേട്ടിട്ടുണ്ട്. ജീവനും, മരണവും–ഇതിനിടയ്ക്കുള്ള ഒരു നിലവരുമ്പോഴത്തെ അനുഭവമെന്താണെന്നു പറഞ്ഞറിയിക്കുക പ്രയാസമാണു്.

പുഞ്ചിരിതൂകിക്കൊണ്ടിരിക്കുന്ന ചന്ദ്രനെ ഒരു മേഘപാളി വന്നുമൂടി. ആകെ ഒരു മങ്ങൽ. ഞങ്ങളുടെ ഹൃദയത്തിലും ആ ഇരുള് വ്യാപിച്ചു.

ഞങ്ങൾ അന്ത്യമായ ഒരു തീരുമാനമെടുത്തു. സധൈര്യം മുമ്പോട്ടു പോകുക. ഞങ്ങൾ രണ്ടുപേരുംജീവനും കയ്യിൽ പിടിച്ചുകൊണ്ട് ആ പരീക്ഷണം നടത്തി. ഞങ്ങൾ പാലത്തോട് വളരെ അടുത്തു. രൂപം അനങ്ങുന്നില്ല. ഞങ്ങൾ പാലത്തിൽ പ്രവേശിച്ചു. ആ രൂപത്തിൻെറ വളരെയടുത്തെത്തി. അതിനൊരു ചലനവുമില്ല. ഞങ്ങൾ ആ സത്വത്തെ വളരെയടുത്തുക്കൂടി കടന്നുപോയി. എന്നിട്ടും അതനങ്ങിയില്ല.

പാലം കടന്നുകഴിഞ്ഞപ്പോൾ എനിയ്ക്കു വലിയ ചിരിവന്നു. പൊട്ടിച്ചിരിക്കണമെന്നു തോന്നി. ഭയത്തിൽനിന്നും ഉളവായ ഒരു തോന്നലായിരിക്കാം അതു്. ഭയംപോയി ധൈര്യമായപ്പോൾ ഞങ്ങൾ തിരിഞ്ഞുനോക്കി. ഞങ്ങൾ രണ്ടുപേരും ജീവച്ഛവങ്ങളായി. പാലത്തിൽ കണ്ടരൂപം അപ്രത്യക്ഷമായിരുന്നു. അതു ഞങ്ങളുടെ തൊട്ടുപിന്നിൽ നിൽക്കുന്നു.

"ആരാണതു്?"

ഞങ്ങൾ മിണ്ടിയില്ല.

"നിങ്ങൾ ആരാണു്" വീണ്ടും അവ്യക്തമായ ആ ശബ്ദം. ആ സത്വം ഓടിവന്നെൻെറ കയ്യിൽ പിടിച്ചു.

"നിങ്ങൾ ആരാണ്? എവിടെപ്പോകുന്നു?"

എനിക്കപ്പോൾ സംസാരിക്കാൻ കഴിഞ്ഞില്ല.

"എന്നെ മനഷിലാഴില്ലേ?"

"മനസ്സിലായി" ഞാൻ പറഞ്ഞു. വാസ്തവത്തിൽ അപ്പോൾ എനിക്ക മനസ്സിലായി.

"നാളെ തിഴവോണമല്ലെ?"

"അതെ."

"അപ്പോഴ് മിഴ്സ്റ്റഴ് കുട്ടംഫിള്ളക്ക് എന്തുണ്ട തഴാൻ? അഴ്പം ചില്ലഴ വല്ലഴം തഴണമല്ലൊ."

കുട്ടമ്പിള്ള ഒരു വലിയ കുടിയനാണെന്നു ഞാൻ കേട്ടിട്ടുണ്ട്. എങ്ങിനെയെങ്കിലും എട്ടണ കൊടുത്തിട്ടവിടെനിന്നു പോകണമെന്നായെനിക്ക്. ഏതായാലും എൻെറ സ്നേഹിതൻ സ്വല്പം അകലെ ഒരു വൃക്ഷത്തിനുമറഞ്ഞുനിന്നു.

എങ്ങിനെയാണു് പേഴ്സെടുക്കുന്നതു്. അതിൽ കുറച്ചു ക്രുപയുള്ളതങ്ങുപിടിച്ചെട്ടത്താലെന്തു ചെയ്യും. എന്തെങ്കിലും കൊടുക്കാതെ അവിടെ നിന്നു രക്ഷപെടുന്നതും പ്രയാസം. ഭാഗ്യത്തിനെൻെറ പോക്കററിലെന്തോ കിടപ്പുണ്ടെന്നു തോന്നി. ഒരു അരക്രുപ. ഞാൻ വേഗമതെടുത്തു കയ്യിൽവച്ചിട്ട് പോകുവാനാഞ്ഞു. അയാൾ പിടിവിടുന്നില്ല. ഒന്നു കൂടി മുറുകുന്നതേയുള്ളു.

"താങ്ക്ഴൂ...വളഴെ...മെനി താങ്ക്ഴൂ"

"വാ...വാ...നമുക്ക് ഴണ്ടുപേഴ്ക്കും കൂടി അഴ്പം അഴീക്കാം...വാ."

"എനിക്ക വേണ്ട ഞാൻ കുടിക്കുകയില്ല."

"ഹ...ഹ...കഷ്ടം...തിരുവോണത്തിനു കുഴിക്കാത്തവനെ എഴുന്നിനുകൊള്ളാം. വാ ഇരുന്നു സദ്യ കഴിക്കണം. ഞാൻ വിടുകേല്ല."

"വിടൂ ഞാൻ പോകട്ടെ. നേരം വളരെയായി."

പാതിരാത്രിയ്ക്കു് ഒരു കുടിയന്റെ കൂടെ പോകുക പന്തിയാണോ? വേഗം രക്ഷപെടാത്തപക്ഷം അയാളും അയാളുടെ കൂട്ടുകാരും കൂടി എന്നെ മുഴുവൻ കൊള്ളചെയ്തേക്കാം. മിനുവിനും രാജനും വാങ്ങിയ സമ്മാനങ്ങൾ തട്ടിയെടുത്തേക്കാം. പേഴ്സ് കവന്നേക്കാം. ഇതെല്ലാം ഓർത്തിട്ടു് ഞാൻ സഗൗരവം പറഞ്ഞു.

ചില്ലറ ആവശ്യപ്പെട്ടതു തന്നില്ലേ. ഇനി വിടു എന്റെ കയ്യിൽ നിന്നു നിങ്ങൾ വിടില്ലേ?

അയാളുടെ വിനയഭാവമെല്ലാം മാറി ഗൗരവമായി. "ഞാനിന്നു വിടില്ല എന്റെ കൂടെ വന്നു സദ്യ കഴിച്ചല്ലാതെ വിടില്ല. നിങ്ങളെ കാഴ്ച...നിങ്ങളും കൂടെ കഴിക്കണം."

എന്റെ കോപം വർദ്ധിച്ചു. അയാളുടെ പിടിമുറുകുകയാണു്. ഞാൻ ബലവിച്ചപ്പോൾ രണ്ടു കയ്യുംകൊണ്ടു പിടിച്ചു. കൈയൊന്നു കുതറിയാലോ? അയാൾ തീർച്ചയായും മറിഞ്ഞുവീഴും. അത്രയ്ക്കു കുടിച്ചിട്ടുണ്ടു്. ഏതായാലും ഞാൻ ഉദ്ദേശിച്ചതിൽ ഗൗരവമായി അയാൾക്കും.

"ഇന്നു ഞാൻ വിടില്ല. ഹ...ഹ...ഹ എഴ്ന്റെ കൂടെകുഴിക്കാതെ പോകുന്നതൊന്നു കാണണം. അ

ന്നാ ഒന്നുപോ...ഞാൻ തൻെറ എല്ലു തന്നയയ്ക്കില്ല... ഹെല്ല...ഹ...ഹ...കുട്ടൻഫിള്ള പഴഞ്ഞാഴ് കേഴ് ക്കാത്തവനാഴടാ?"

ഇങ്ങിനെ അലറിക്കൊണ്ടെന്നെ അയാൾ പിടിച്ചുവലിച്ചു. എന്തും വരട്ടെ എന്നു ചിന്തിച്ച് ഞാൻ കൈ ആഞ്ഞു കുതറി വിട്ടവിച്ച് ആഞ്ഞൊരുതള്ളു കൊടുത്തു. ഞാൻ ഉദ്ദേശിച്ച ഫലം തന്നെയുണ്ടായി. അയാൾ പൊത്തോന്നു നിലം പതിച്ചു. തല ആഞ്ഞു ചെന്ന് കല്ലിൽ അടിച്ചശബ്ദം ഞാൻ വ്യക്തമായി കേട്ടു. "കഷ്ടം! പാവത്തിൻെറ തല പൊട്ടിക്കാണും." സഹജസ്നേഹം എന്നിൽ തലയുയർത്തിയെങ്കിലും ചെയ്തതു നന്നായിപ്പോയെന്നു മറുമനസ്സുപറഞ്ഞു. ഞാനേതായാലും പിന്നെ തിരിഞ്ഞുനോക്കാതെ നടന്നു. അയാൾ ഇനി എഴുന്നേററു വന്നാലോ? ഞങ്ങൾ രണ്ടാളും മുറുകി നടന്നു.

പോകുന്നവഴിക്ക് എൻെറ സ്നേഹിതൻ കുട്ടൻപിള്ളയുടെ കഥയൊക്കെ പറഞ്ഞു കേൾപ്പിച്ചു. ആ നാട്ടിലെ ഒരു വലിയ സപത്തുകാരനായിരുന്നെന്നും, സർവ്വവും കുടിച്ചു നശിപ്പിച്ചെന്നും ഇന്ന് അയാളുടെ ഭാര്യയും മക്കളും നിരാശ്രയരായി ആരുടേയോ പറമ്പിൽ ഒരു കുടിൽ കെട്ടി താമസിക്കുകയാണെന്നും പറഞ്ഞു. "ആ കുടുംബജീവിതത്തെ കുറിച്ചൊന്നാലോചിച്ചു നോക്കൂ. ഭാര്യയ്ക്കും കുട്ടികൾക്കും അച്ഛനെ ഭയമാണ്. പാതിരാത്രിയിൽ അഛൻ വന്നാൽ വീട്ടിൽ കയറാതിരിക്കാൻ വഴിയിലെല്ലാമവർ മുള്ളു

വെട്ടിയിട്ടും അയാൾ എങ്ങിനെയെങ്കിലും അകത്തുക ടന്നു് എല്ലാത്തിനേയും നന്നായി പ്രഹരിക്കും. പ രിശുദ്ധമായ പിതൃത്വം തകർന്നപ്പോയതു കണ്ടോ? ഈ തിരുവോണ നാളിൽ അവർ ഒന്നിച്ചു് സന്തോ ഷമായി കഴിയേണ്ടതല്ലേ? നാം സംശയിച്ചതിൽ ഒരു തെററുമില്ല. അയാൾ ഒരു പ്രേതം ഒരു പിശാ ചുമാത്രമാണു്. മനുഷ്യൻെറ നല്ലവശം നശിച്ചുപോ യാൽ അവൻ ഒരു പിശാചിനേക്കാൾ നികൃഷ്ട നാണു്."

ഇങ്ങിനെ എൻെറ സ്നേഹിതൻ കുറെ അദ്വൈ യിതങ്ങൾ പറഞ്ഞുതുടങ്ങി. അപ്പോഴെല്ലാം എനി ക്കാകുടിയനോടു് വലിയ സഹതാപമാണു് തോന്നി യതു്. അയാളുടെ തലപൊട്ടി അവിടെക്കിടന്നു മരി ച്ചുപോയെങ്കിലോ. ഞാൻ ചെയ്തതു വലിയകഷ്ടമായി പ്പോയി. ഇങ്ങിനെ ചിന്തിച്ചുകൊണ്ടിരുന്നപ്പോളു ണ്ടു് അയാൾ അതിവേഗം എൻെറ പുറകെ ഓടി വരുന്നു. പ്രതികാരബുദ്ധിയോടു് ആയിരിക്കാം വ രുന്നതു്. ഏതായാലും എനിക്കു് ഓടാൻ കഴിഞ്ഞി ല്ല. എൻെറ സ്നേഹിതൻ ഓടിക്കളഞ്ഞു. ഞാൻ സ്വല്പം ധൈര്യം അവലംബിച്ചവിടെ നിന്നു.

ആ മനുഷ്യൻ എൻെറയടുത്തുവന്നു. അയാളു ടെ നെററി പൊട്ടിച്ചോരയൊലിക്കുന്നുണ്ടായിരുന്നു. അതു കണ്ടപ്പോളെൻെറ ഹൃദയത്തിനൊരാളൽ.

"സാറേ ഒരു സംഗതിപറയാനാണു് മുൻപേ ഞാൻ സാറിനെ വിളിച്ചതു്. അപ്പോൾ ഞാൻ മറ

ന്നുപോയി. സാറുപോകുന്നവഴിക്കു ഇതെൻെറ കുഞ്ഞിനു കൊടുത്തേയ്ക്കണേ, തിരുവോണമല്ലേ."

അയാളുടെ കയ്യിൽ ഞാൻ കൊടുത്ത ആ അരരൂപയും ഒരു പുതിയ കുറിയമുണ്ടും ഉണ്ടായിരുന്നു. ഞാനത്ഭുതപ്പെട്ടുപോയി.

"നിങ്ങളും കൂടിവരൂ, ഞാൻ വീട്ടിൽകൊണ്ടാക്കാം. ഓണം വീട്ടിലുള്ളവരെല്ലാംകൂടിയല്ലേ ആഘോഷിക്കേണ്ടതു്."

"ഞാനിന്നങ്ങോട്ടു പോകുകയില്ല. എനിയ്ക്കറിയാം അവർക്കെന്നെ ഭയമാണെന്ന്. ഞാനവിടെ ചെന്നാൽ അവരുടെ സന്തോഷം മറയും. എൻെറ കയ്യിൽ ഒന്നുമില്ല. ഇതെങ്കിലും ഒന്നു കൊടുത്തേക്കൂ."

അയാൾക്കു സുബോധം വീണിട്ടുണ്ടെന്നെനിക്കു മനസ്സിലായി.

"എനിക്കിപ്പോഴുമവരോടു് സ്നേഹമുണ്ടെന്നറിയിക്കുവാനാണ് ഇതു തന്നയയ്ക്കുന്നതു്. മദ്യമാണെന്നെ നശിപ്പിച്ചതു്. ദയവുചെയ്തു് ഞാൻ കുടിച്ചു ലക്കില്ലാതെ നടക്കുകയാണെന്നവരോടു പറയല്ലേ."

അയാൾ ഒരുവെറും പിശാചായിട്ടല്ലെന്നെനിക്കുമനസ്സിലായി. എനിക്കയാളോട് അത്യധികമായ അനുകമ്പതോന്നി.

"എൻെറ കുഞ്ഞിനതുകൊടുക്കാൻ മറക്കല്ലേ" എന്നയാൾ ആവർത്തിച്ചു പറഞ്ഞുകൊണ്ടു് തിരിഞ്ഞോടിപ്പോയി. എൻെറ കൂട്ടുകാരൻ ഈ സന്ദർ

ഭത്തിൽ ഓടികളഞ്ഞു. ഇത്രയുമായപ്പോഴേയ്ക്കും എന്റെ മനസ്സിനു നല്ല ധൈര്യമായി. ആരും ഭയപ്പെടുന്ന കുട്ടൻപിള്ളയോടിത്ര ധൈര്യമായിടപെട്ടയാൾക്കു പിന്നാരെ ഭയപ്പെടുവാനാണു്. ഞാൻ നേരെ കുട്ടൻപിള്ളയുടെ വീടുതിരക്കിപ്പുറപ്പെട്ടു. അവിടെച്ചെന്നു് ഞാൻ രാജനു വാങ്ങിയഷർട്ടും, ട്രൗസറും കുറെ മിഠായിയുംക്രൂടി അയാൾ തന്ന കുറിയമുണ്ടിനോടുക്രൂടികൊടുത്തിട്ടു പറഞ്ഞു. "കുഞ്ഞേ നിന്റെ അച്ഛൻ എന്റെ കൈയ്യിൽ തന്നയച്ചതാണു്."

"നിങ്ങളെവിടവച്ചാണു് കണ്ടതു്? ഇങ്ങോട്ടൊന്നു വരാൻ പറയായിരുന്നില്ലേ?" അയാളുടെ ഭാര്യ പറഞ്ഞു.

"ഞാൻ പറഞ്ഞു. പക്ഷേ വന്നില്ല."

ആ സ്ത്രീ പെട്ടന്നു് പൊട്ടിക്കരഞ്ഞു. ഞാൻ വേഗം വീട്ടിലേയ്ക്കു തിരിച്ചു. ഇനി എന്റെ കുഞ്ഞു രാജനെ എങ്ങിനെയാണു് സമാധാനിപ്പിക്കുന്നതു്? ഞാനതേപ്പററി അധികം ചിന്തിച്ചില്ല. എനിക്കു ചിന്തിക്കാൻ തോന്നിയില്ല.

# വെള്ളമുയലുകൾ

മുയൽ വളരെ മനോഹരമായ ഒരു ജീവിയായിട്ടാണ് എനിക്കു തോന്നിയിട്ടുള്ളത്. പ്രത്യേകിച്ച് മനുഷ്യരുടെ സ്നേഹവും വിശ്വാസവും സമ്പാദിച്ചുകഴിയുമ്പോഴം. വളരെ മാർദ്ദവമുള്ള ശരീരം; എപ്പോഴും ചലിച്ചുകൊണ്ടിരിക്കുന്ന കണ്ണുകൾ; ഏററം ശ്രദ്ധയുള്ള വലിയ ചെവികൾ; നീണ്ട മീശരോമങ്ങൾ, ഇവയെല്ലാം പുറമെ സൗമ്യതയും നിഷ്കളങ്കതയും സ്നേഹവുമുള്ള സ്വഭാവം. വെള്ള മുയലുകളെ ഞാൻ അന്ന് ആദ്യമായിക്കാണുകയായിരുന്നു. അപ്രതീക്ഷിതമായിട്ടാണ് അവയെ കാണുന്നതിനും സ്നേഹിക്കുന്നതിനും ഇടയായത്.

ഉദ്യോഗം സംബന്ധിച്ചു ഞാൻ ആദ്യമായി ആ സ്ഥലത്തു ചെന്നപ്പോൾ എന്റെ മനസ്സിൽ അസാധാരണമായ ഉല്ലാസവും ഉന്മേഷവും അനുഭവപ്പെട്ടു. കാരണം മറെറാന്നുമല്ല. ചുററുപാടിലെല്ലാം കുന്നുകളും, മലകളും, വനങ്ങളും പാറക്കെട്ടുകളും. അവയ്ക്കിടയിൽക്കൂടി കുതിച്ചുപായുന്ന നദി. ഇവയെല്ലാം എനി

ക്കു വളരെ ഹൃദ്യമായിത്തോന്നിയിട്ടുള്ള വയാണു്. ഒഴിവു കഴിഞ്ഞാൽ കൂട്ടുകാരൊത്തു് കുന്നും മലയും കയറി നടക്കാമല്ലോ. വനത്തിൻെറ ഭീകരതയും സസ്യശ്യാമളതയും ഒന്നിച്ചനുഭവിക്കാമല്ലൊ. പക്ഷേ ഒന്നുരണ്ടാഴ്ചയ്ക്കകം ആ സ്ഥലത്തിൻെറ പുതുമ മുഴവനും എനിക്കു നഷ്ടമായി. ഒന്നിച്ചു രസകരമായി സമയം കഴിക്കുന്നതിനാരുമില്ലാതിരുന്നതുകൊണ്ടെന്തോ ഒരു ശ്വാസം മുട്ടൽപോലെ. അധികം ജനവാസമില്ലാത്ത ആ പ്രദേശം പലപ്പോഴും ഭയാനകമായിത്തോന്നിത്തുടങ്ങി. ഇങ്ങനെയിരിക്കുന്ന അവസരത്തിലാണു് ഞാൻ ഫാദർ ഫ്രാൻസിസിനെ പരിചയമാകുന്നതു്.

ചില മനുഷ്യരെ നാം കാണുന്ന മാത്രയിൽതന്നെ ഇഷ്ടപ്പെടുന്നു. ചിലരെ പ്രഥമദർശനത്തിൽ തന്നെ വെറുക്കുന്നു. വളരെ കുഴപ്പങ്ങൾ സൃഷ്ടിക്കാറുള്ള ഒരു മനുഷ്യസ്വഭാവമാണിതു്.

ഫാദർ ഫ്രാൻസിസിനെ എനിയ്ക്കു വളരെ ഇഷ്ടപ്പെട്ടു. പുരോഹിതന്മാർ സാധാരണക്കാരിൽ നിന്നും വളരെ വിഭിന്ന ജീവികൾ എന്ന ഒരു തോന്നലാണു് എനിക്കുണ്ടായിരുന്നതു്. എന്നാൽ ഫാദർ ഫ്രാൻസിസ് ഒരുത്തമ സുഹൃത്തായി എനിക്കനുഭവപ്പെട്ടു. നിഷ്ക്കളങ്കത സ്ഫുരിക്കുന്ന ഭാവം. ഹൃദയത്തിൽ സന്തോഷത്തിൻെറ നിലാവുദിപ്പിക്കുന്ന പുഞ്ചിരി. മനോഹരവും ഇടതൂർന്നു വളരുന്നതുമായ താടിമീശ. എന്തിനധികം പറയുന്നു. അദ്ദേഹം എ

നിക്ക മറക്കാനാവാത്ത ഒരു പ്രതിരൂപം എൻെറ ഹൃദയത്തിൽ സൃഷ്ടിച്ചു.

ഞങ്ങൾ വളരെ അടുത്ത സുഹൃത്തുക്കളാകുന്നതിന്ന് വലിയ താമസമൊന്നും വേണ്ടിവന്നില്ല. അതോടുകൂടി എൻെറ മനസ്സിൻെറ ഏകാന്തതയും വിഷമവും വേഗത്തിൽ നശിച്ചു. ഔദ്യോഗികകൃത്ത്വ്യങ്ങൾ കഴിഞ്ഞാൽ പിന്നീടുള്ള സമയമധികവും ഞാൻ അച്ഛൻെറകൂടെ കഴിക്കുന്ന പതിവായി. അദ്ദേഹത്തിൻെറ വിനോദങ്ങളും അനുഭവങ്ങളും കേൾക്കുന്നന്നതു് ബഹുരസമാണ്.

ഞങ്ങൾ രണ്ടുപേരും ചെറുപ്പക്കാരായിരുന്നതുകൊണ്ടായിരിക്കാം ഇത്ര അടുപ്പമുണ്ടാകുവാൻ സാധിച്ചതു്. ഞാൻ ആ സ്ഥലത്തു കഴിച്ചുകൂട്ടിയ കാലത്തെല്ലാം എൻെറ സുഖസൗകര്യങ്ങൾക്കുവേണ്ടി ഏററവും കൂടുതൽ ബദ്ധപ്പെട്ടിരുന്നതു് അദ്ദേഹമാണ്. വല്ലപ്പോഴും ഞാൻ വീട്ടിൽ പോകുമ്പോൾ വളരെ സങ്കടം അദ്ദേഹത്തിൻെറ മുഖത്തു നിഴലിക്കുന്നതു ഞാൻ കണ്ടിട്ടുണ്ട്.

"ഞായറാഴ്ച വൈകിട്ടുതന്നെ വരുമോ, അതോ രാവിലേ ഉള്ളോ? വൈകിട്ടാണെങ്കിൽ ഇരുട്ടിപ്പോകരുതു്." ഒരു മാതാവിൻെറ സ്നേഹവും കരുതലും ആ വാക്കുകളിൽ സ്ഫുരിച്ചിരുന്നു.

അച്ഛൻെറ മുയലുകളുടെ കാര്യം പറഞ്ഞില്ലല്ലോ. ഞാൻ ചെന്നതിനു ശേഷമാണ് അദ്ദേഹം രണ്ടു മുയ

ലുകളെ വാങ്ങിയതു്. നല്ല വെള്ള മുയലുകൾ. ചുവന്ന കണ്ണുകളും പഞ്ഞിപോലെ ശരീരവുമുള്ള മുയലുകൾ. എന്തു മനോഹര ജീവികൾ! ഇവയെ വളത്തുന്നതിനു സൗകൎയ്യപ്രദമായ ഒരു കൂട്ടം പണിയിച്ചു. ഏററം അരുമയായിട്ടാണു് ഈ ജന്തുക്കളെ ശുശ്രൂഷിച്ചിരുന്നതു്. പിന്നീടു മിക്കപ്പോഴും ഞങ്ങൾ മുയലുകളുടെ അടുത്തായിരിക്കും. അവയുടെ നോട്ടവും ചലനങ്ങളും ഒരു പ്രത്യേകരീതിയിലുള്ളതാണു്. വാസ്തവത്തിൽ ഞാനും ആ മുയലുകളെ സ്നേഹിച്ചുതുടങ്ങി. ശരിയായ പരിചരണംകൊണ്ടോ എന്തോ വളരെ വേഗമാണു് അവ വളൎന്നുവന്നതു്. ഞാൻ ഒരു ദിവസം അച്ഛനോടു പറഞ്ഞു:

"അച്ഛാ, ഈ മുയൽ പ്രസവിക്കുമ്പോൾ രണ്ടു കുട്ടികളെ എനിക്കു തരണം."

"അതിനെന്താണു് വിരോധം? എനിക്കും സന്തോഷമുള്ള ഒരു കാൎയ്യമല്ലെ അതു്."

* * * *

ഇങ്ങിനെയിരിക്കുന്ന അവസരത്തിലാണു് എന്റെ വിവാഹം നടന്നതു്. വിവാഹത്തിനു അച്ഛനെ ഞാൻ പ്രത്യേകം ക്ഷണിച്ചിരുന്നു. അദ്ദേഹം ഞങ്ങൾക്കു പ്രത്യേകം ആശിസ്സുകൾ നല്കിയനുഗ്രഹിച്ചു. വിവാഹം കഴിഞ്ഞു് അധികം താമസിയാതെ എന്നെ സ്ഥലം മാററുകയും അച്ഛനോടു യാത്ര പറഞ്ഞുപിരിയുകയുംചെയ്തു. നിറഞ്ഞ കണ്ണുകളോടു കൂടിയാണു് ഞങ്ങൾ യാത്രപറഞ്ഞതു്. കത്തിടപാടുകൾ മുറയ്ക്കു

തുടൎന്നുവെങ്കിലും കാലവും ദൂരവും ഞങ്ങൾ തമ്മിലുണ്ടാ യിരുന്ന അടുപ്പത്തെ സാവധാനത്തിൽ തീരെ ഇല്ലാ തെയാക്കി.

മൂന്നുനാലു വൎഷങ്ങൾക്കുശേഷം ഒരിക്കൽ കോ ട്ടയത്തുവച്ച് അച്ഛൻെറ വിശ്വസ്ത ഭൃത്യനായിരുന്ന ആൻെറണിയെ കാണുന്നതിന്നിടയായി. കണ്ടയുടനെ ഞാൻ അച്ഛൻെറ വിവരങ്ങളാണ് അന്വേഷിച്ചതു്.

"സാർ സ്ഥലംമാറിപ്പോയതിന്നശേഷം കുറച്ചു മാസങ്ങൾകൂടിയെ ഞാൻ അദ്ദേഹത്തിൻെറ കൂടെ താ മസിച്ചുള്ളൂ. ഇപ്പോൾ ഞാൻ തിരുവനന്തപുരത്ത് ഒരു ഹോട്ടൽ നടത്തുകയാണ്."

"അതെന്താണ് നിങ്ങൾ തമ്മിൽ പിരിയാൻ കാരണം?"

"സാറിനോടെല്ലാം പറയാമല്ലോ. സാർ പോ ന്നതിന്നുശേഷം അദ്ദേഹത്തിൽ വലിയ ഒരു വ്യത്യാസ മുണ്ടായി. അതുവരെ അദ്ദേഹത്തിൻെറ മുഖത്തു ക ളിയാടിയിരുന്ന പ്രസരിപ്പും പ്രസന്നതയും പോയിട്ട് എന്തോ ഒരു നിരാശയോ, ദുഃഖമോ പ്രതിഫലിച്ചു തുടങ്ങി. പണ്ടത്തെപ്പോലെ വിനോദങ്ങൾ പറയുകയും രസിക്കുകയുമില്ല കൂട്ടുകാരെ വളരെയധികം ഇഷ്ട പ്പെട്ടിരുന്ന അദ്ദേഹം അവരെ വെറുത്തുതുടങ്ങി. മിക്ക പ്പോഴും ചിന്താവിഷ്ടനായി മുറിയിൽ ഒററയ്ക്കിരിക്കും. ചിലപ്പോൾ നടക്കാൻപോകും."

"കഷ്ടം! പിന്നെ ആ വെള്ളമുയലുകളോ?"

"അവയെ വളൎത്തുന്നതിലും അദ്ദേഹത്തിനുത്സാഹം കുറഞ്ഞു. മിക്കപ്പോഴും അവയുടെ അടുത്തുചെന്നു നില്ക്കും. കുഞ്ഞുങ്ങളും തള്ളയുംകൂടി ആറേഴെണ്ണം ഉണ്ടായിരുന്നു. ഒരു ദിവസം എന്നോടു പറയുകയാണ്: "ആൻറണീ, ഈ മുയലിനെ നാമിങ്ങനെ കൂട്ടിലടച്ചു വളൎത്തുന്നതു വളരെ കഷ്ടമാണ്. അല്ലേ? സ്വാതന്ത്ര്യമായി ഓടിച്ചാടി ഇഷ്ടമുള്ള പുല്ലുകളും ചെടികളും തിന്നു ജീവിക്കേണ്ടവയല്ലേ? വല്ല കുന്നുകളിലോ പുൽമേടുകളിലോ വളൎന്നിരുന്നെങ്കിൽ ഇവയ്ക്കെന്തൊരു ഊൎജ്ജസ്വലതയായിരുന്നേനെ."

ഞാൻ പറഞ്ഞു: "അതിനെന്താ, അവയ്ക്കിവിടെ പരമസുഖമല്ലെ. ഇത്രയും സുഖമായി വല്ല ജന്തുക്കൾക്കും ജീവിക്കാൻ കഴിയുമോ?"

"നിനക്കു സുഖമെന്തെന്നു മനസ്സിലാക്കാൻ സാധിക്കുന്നില്ല. സ്വാതന്ത്ര്യമില്ലാതെ മറ്റെന്തു സുഖമാണ്? മററു ജന്തുക്കൾ യഥേഷ്ടം ഓടിച്ചാടി നടക്കുന്നതു കാണുമ്പോൾ ഇവയുടെ മനസ്സിൽ എന്തെന്തു വികാരങ്ങളായിരിക്കും ഉണ്ടാകുന്നത്? ഞാൻ ഇനിയും ഇവയെ ബന്ധനത്തിൽ വയ്ക്കുകയില്ല. മഞ്ഞുതുള്ളികൾ തങ്ങിനില്ക്കുന്ന തളിരിലകളും ചാടിക്കളിക്കാവുന്ന പാറക്കെട്ടുകളും, ആപൽക്കരങ്ങളായ ദുഷ്ടമൃഗങ്ങളുമുള്ള ഈ കുന്നിൻപുറങ്ങളിൽ ഇവ പോയി സ്വാതന്ത്ര്യമായി ജീവിക്കട്ടെ" എന്നു പറഞ്ഞുകൊണ്ടദ്ദേഹം മുയലുകളെ കൂടു തുറന്നുവിട്ടു. ആ വെള്ളമുയലുകൾ അങ്ങുമിങ്ങും ഓടിച്ചാടിക്കളിച്ചുനടന്നു. കുറെ

ദിവസങ്ങൾക്കുശേഷം അവയെ ഒന്നിനേയും കണ്ടില്ല. പുതിയ ജീവിതസ്ഥാനങ്ങൾ അന്വേഷിച്ചുപോയോ, അതോ വല്ല കുറുക്കൻെറയോ കാട്ടുപൂച്ചയുടെയോ ആഹാരമായിത്തീൎന്നോ?

"എനിക്കു വളരെ സങ്കടംതോന്നി. അദ്ദേഹത്തിനീവ്യത്യാസമുണ്ടാവാൻ കാര്യമെന്തെന്നെനിക്കിതുവരേയും മനസ്സിലായിട്ടില്ല.

"ഒരു ദിവസം എന്നോടു പറഞ്ഞു താൻ ദൂരെയെവിടെയോ ഉള്ള ഒരു സന്യാസാശ്രമത്തിലേക്കു പോകുകയാണെന്ന്. അങ്ങിനെ ഒരു ദിവസം യാത്ര പുറപ്പെടുകയും ചെയ്തു.

"പോകുന്നതിനു മുൻപ് അദ്ദേഹം തൻെറ വക എല്ലാ സാമാനങ്ങളും അഞ്ചൂറുരൂപയും എനിക്കു തന്നു. എന്നിട്ടു പറഞ്ഞു:

"ആൻറണീ, നീ ഇത്രയും നാൾ എൻെറ കൂടെ താമസിച്ചതിൽ എനിക്കു വളരെ കൃതജ്ഞതയുണ്ടു്. ഇനിയും നീ പോയി സ്വന്തമായി എന്തെങ്കിലും ഒരു പണിയെടുത്ത് സുഖമായി ജീവിക്കുക." ഈ സന്ദർഭത്തിൽ എനിക്ക് സംസാരിക്കാൻ പോലും കഴിവില്ലായിരുന്നു. ഞാൻ വിങ്ങി വിങ്ങിക്കരഞ്ഞു. അദ്ദേഹമെന്നെ ആശ്വസിപ്പിക്കുന്നതിന് ശ്രമിച്ചെങ്കിലും തുവാല കൊണ്ടദ്ദേഹവും കണ്ണു തുടയ്ക്കുന്നതു ഞാൻ കണ്ടു."

ഇതു പറഞ്ഞപ്പോൾ ആൻറണിയും ഞാനും ഒരു പോലെ വികാരാധീനരായി. അല്പം കഴിഞ്ഞു് ഞങ്ങൾ

പിരിയുന്നതിനു മുൻപ് ആൻറണി പറഞ്ഞു:

"സാർ തിരുവനന്തപുരത്തു വരുമ്പോൾ വരുമല്ലോ. തമ്പാന്നൂർ ഡിലക്സ് ഹോട്ടൽ തിരക്കിയാൽ ആരും കാണിച്ചുതരും."

അതിൽ പിന്നീടൊരിക്കലും ഞാൻ മുയലുകളെ വളർത്തണമെന്നാഗ്രഹിച്ചിട്ടില്ല. വെള്ളമുയലുകളെ കാണുമ്പോഴെല്ലാം ഫാദർ ഫ്രാൻസിസിനെ ഓർക്കും. അപ്പോൾ എൻെറ ഹൃദയം വികാരനിർഭരമാകുകയും ചെയ്യും.

# ആർക്കാണ് ഭ്രാന്ത്

എന്തൊരു തണുപ്പായിരുന്നു! വെളുപ്പിന് ഒരു മണിക്കുവരേണ്ട വണ്ടി അന്നു ഒന്നരമണിക്കൂർ "ലെയിററാ"ണ്. ഉറക്കം വന്നിട്ടൊരു നിവൃത്തിയുമില്ല. കിടക്കാൻ സ്ഥലമെവിടെയാണ്? കടയെല്ലാമടച്ചു കഴിഞ്ഞിരുന്നതിനാൽ ബീഡിപോലും വാങ്ങാൻ വഴിയില്ല. ഏതായാലും പോക്കററിൽ ഒരു പരിശോധന നടത്തി. എൻെറ ഭാഗ്യം ഒരു ബീഡിശേഷിച്ചിട്ടുണ്ട്. വേഗം അതെടുത്തുകത്തിച്ചു വലിതുടങ്ങി. ബീഡി എരിഞ്ഞുതീരാറായപ്പോഠ ഒരു ശബ്ദം "ആ തീയിങ്ങുതരുമോ?"

ഞാനതിൻെറ കെട്ടുവരെയും വലിച്ചുതീർന്നിരുന്നതിനാൽ പറഞ്ഞു:

"തീ മതിയെങ്കിൽ തീപ്പെട്ടിയുണ്ടല്ലൊ."

അയാഠ നിലത്തുനിന്നും എഴുന്നേററിരുന്നു. ഞാൻ തീപ്പെട്ടി ഉരച്ചു. ആ സ്റ്റേഷൻതിങ്ങി ആളുകളാണ്. അവിടെയുമിവിടെയും ക്രനിയും വളഞ്ഞും ഇരിക്കുന്നു, കിടക്കുന്നു. ഞാൻ തീ അയാളുടെ അടു

ത്തേയ്ക്കു നീട്ടി. "ബീഡിയുണ്ടോ ഒന്നെടുക്കാൻ" എന്നു ചോദിക്കണമെന്നെനിക്കു തോന്നി. പക്ഷേ അയാളൊരു മുറിബീഡികത്തിക്കാൻ നീട്ടിയതുകണ്ടപ്പോൾ എൻെറ ചോദ്യം പിൻവലിച്ചു.

തീപ്പെട്ടിക്കൊള്ളിയുടെ വെളിച്ചത്തിൽ ഞാനയാളുടെ മുഖം വ്യക്തമായിക്കണ്ടു. നല്ലപരിചയമുള്ളതുപോലെ. സ്വല്പനേരം ഞാനാലോചിച്ചിരുന്നു. ആ കുരങ്ങുകളിക്കാരൻതന്നെ.

"എന്താ, അറിയുമോ? ഇപ്പോൾ കുരങ്ങമൊന്നുമില്ലേ?"

അയാൾ സ്വല്പസമയം പുക വലിച്ചുവിട്ടിട്ട് പറഞ്ഞു:

"കുരങ്ങോ? ആ കുരങ്ങു് ചത്തു പോയി."

"പിന്നെ ഇപ്പോൾ എങ്ങിനെയാ ജീവിതം? മററു വേല വല്ലതുമുണ്ടോ?"

"എന്തിനാ ജീവിക്കുന്നെ? ജീവിച്ചിട്ടൊരു ഗുണവുമില്ല."

എനിക്കു തോന്നി ആ മനുഷ്യനെന്തോ തകരാറു് പററിയിട്ടുണ്ടെന്നു്. കുറെ നേരത്തേക്കു് ഞാനൊന്നും പറഞ്ഞില്ല. അതിൻ ശേഷം ചോദിച്ചു:

"വേറെ കുരങ്ങിനെ കിട്ടുകയില്ലേ?"

"എന്തിനാണു്, കൊല്ലാനോ? എൻെറ കുരങ്ങിനെ ഞാനൊരു ദിവസം ഒററയടിക്കു കൊന്നു. അതിൻെറ തല പൊളിഞ്ഞു പോയി."

"അത്ര ഇണങ്ങിയ കുരങ്ങിനെ വല്ലവരും കൊല്ലുമോ? എന്തു പണമുണ്ടാക്കാമായിരുന്നു! നിങ്ങൾക്കു ഭ്രാന്തുണ്ടോ? കഷ്ടം, ഇതിനായിരുന്നോ ഇത്രയും നാൾ വളത്തിയതു്?"

"എനിക്കു് ഭ്രാന്തില്ല. ഒട്ടുമില്ല."

"പിന്നെ നിങ്ങളെന്തിനതിനെ അടിച്ചു കൊന്നു? എന്തു രസമായിരുന്നതിൻെറ കളികൾ കാണാൻ!"

"എനിക്കുത്തരമിതേയുള്ളു. ഈശ്വരനു ഭ്രാന്തുണ്ടോ? എനിക്കു ഭ്രാന്തുണ്ടെങ്കിൽ ഈശ്വരനും ഭ്രാന്തു്;മുഴുഭ്രാന്തു്."

എനിക്കയാളുടെ സംസാരത്തിൽ വലിയ സംശയം തോന്നി. എങ്കിലും വണ്ടി വരുന്നതുവരെ രസമുണ്ടല്ലോ എന്നു കരുതി വീണ്ടും ചോദിച്ചു:

"ഈശ്വരനു ഭ്രാന്തുണ്ടെന്നോ? നിങ്ങളെന്താണീ പറയുന്നതു്?"

"എന്താ, ഞാൻ പറയുന്നതു നിങ്ങൾക്കു് മനസ്സിലാകുന്നില്ലേ?"

"അല്പം പോലും"

"എന്നാൽ ഞാൻ മനസ്സിലാക്കാം. നിങ്ങൾക്കു് കേൾക്കാനുള്ള ക്ഷമയുണ്ടോ?

ആ തീപ്പെട്ടിയൊന്നുരയ്ക്കു" വീണ്ടുമൊരു ബീഡിമുറിയെടുത്തു കൊണ്ടയാൾ പറഞ്ഞു.

"നിങ്ങൾക്കെന്നെ എങ്ങിനെയാണു പരിചയം?"

"കുരങ്ങിനേയുംകൊണ്ടു വീട്ടിൽ വരുമായിരുന്നില്ലേ?" ഞാൻ വീടുപറഞ്ഞുമനസ്സിലാക്കി.

"ശരിശരി. ഞാനവിടെ പലപ്പോഴും വരുമായിരുന്നു. പക്ഷേ എൻെറ കഥയവിടെയെങ്ങുമല്ല ആരംഭിക്കുന്നതു്. ഞാൻ വളരെ മാനമായും സന്തോഷമായും ജീവിക്കുകയായിരുന്നു. അന്നെനിക്കു് ബാങ്കിലായിരുന്നു ജോലി. എൻെറ ഭാര്യയും കുഞ്ഞുമകൾ ഇന്ദിരയും ഒന്നിച്ചുള്ള ജീവിതം, അതായിരുന്നു ജീവിതം!

ഇന്ദിരയ്ക്കു മൂന്നുവയസ്സുള്ളപ്പോൾ അവളുടെ അമ്മ മരിച്ചു. അതാണെൻെറ ജീവിതത്തിലെ ഒന്നാമത്തെ അത്യാഹിതം. ഞാനതെല്ലാം സഹിച്ചു. കൊച്ചുകുഞ്ഞായിരുന്ന ഇന്ദിരയെ വളരെ പ്രയാസങ്ങൾ അനുഭവിച്ചാണെങ്കിലും ഞാൻ വളർത്തിക്കൊണ്ടുവന്നു.

"അപ്പോൾ ഒരു മകളുണ്ടല്ലേ?"

"എന്തിനാണതൊക്കെ പറയുന്നതു്.? പറയാതിരിക്കയാണു് നല്ലതു്. ഞാൻ വീണ്ടും വിവാഹം കഴിക്കണമെന്നു പലരും നിർബന്ധിച്ചു. പക്ഷേ ഞാൻ സമ്മതിച്ചില്ല. ഇന്ദിര- അവൾ പോരെ അച്ഛനെ ശുശ്രൂഷിക്കാൻ. ബഹുമിടുക്കിയായിരുന്നു. നിഷ്കളങ്കത തുളുമ്പുന്ന സ്വഭാവം, പ്രസന്നമായ മുഖം. കറുത്തിരുണ്ട തലമുടി പിന്നിയിട്ടാലെന്തഴകാ!

"ഇന്ദിരയെ ഇഷ്ടപ്പെടാത്തവരാരും ഞങ്ങളുടെ പരിസരങ്ങളിലെങ്ങുമില്ലായായിരുന്നു. അവളുടെ ആ ഹൃദയം തുറന്നുള്ള മന്ദഹാസം ആരെയും ആകർഷിക്കും.

"ഒരു പിതാവിനുണ്ടാകാവുന്ന അങ്ങേയററത്തേ ആനന്ദാനുഭൂതിയാണവളെനിക്കു നൽകിയിട്ടുള്ളതു്.

കളിച്ചു കുറിയിട്ടുവരുന്ന അവളെക്കാണുമ്പോളെൻെറ ഹൃദയം സന്തോഷം കൊണ്ടുരുകുന്നതായി തോന്നും.

"എന്താ ഉറക്കം വരുന്നോ? എൻെറ കഥ നിത്തിയേക്കാം, വണ്ടി വരാറായിക്കാണും."

"ഇല്ലില്ല. ഇനി ഒരു മണിക്കൂർ കൂടികഴിയണം. പറയൂ ബാക്കികൂടെ."

"ഇന്ദിര ഫോത്ത് ഫോമിൽ പഠിക്കുകയായിരുന്നു. അന്നവൾക്കു പതിനാലു വയസ്സേയുണ്ടായിരുന്നുള്ളു, യൗവനത്തിൻെറ പൂർണ്ണ സൗന്ദര്യം അവളിൽ വിടൎന്നു തുടങ്ങിയിരുന്നു. അവൾക്കൊരു നല്ല ഭാവിയുണ്ടാകുവാനുള്ള മാർഗ്ഗങ്ങളന്വേഷിക്കുകയായിരുന്നു എൻെറ ഏകജീവിതോദ്ദേശം. എന്തിനു പറയുന്നു.. അവൾ ഈയുള്ളവനെവിട്ടു പൊയ്ക്കളഞ്ഞു."

"അതിപ്പോഴത്തെ പെൺകുട്ടികളെല്ലാമങ്ങിനെതന്നെ. അവരേയും കുററം പറയേണ്ട."

"എന്തു്, ഞാനതല്ലപറഞ്ഞതു്. ആ കുട്ടി- ആ പൊന്നിൻ കുടം- മരിച്ചു പോയി." അയാളുടെ തൊണ്ടയിടറുന്നുണ്ടായിരുന്നു. സ്വല്പസമയം അയാൾ മിണ്ടാതെയിരുന്നു.

"എന്താ, കരയുകയാണോ? ലോകത്തിലല്ലെങ്കിലുമങ്ങിനെയൊക്കെയല്ലെ. അതിനിപ്പോൾ നാം വല്ലതും ചെയ്യാനൊക്കുമോ?"

"പക്ഷേ എനിക്കതു സഹിക്കാൻ വയ്യായിരുന്നു. എൻെറ ഇന്ദിര മരിച്ചു പോയ്. എൻെറ ജീവിതം

അന്ധകാരപൂർണ്ണമായി. അതിൽ പിന്നീട്ട ഞാനെൻെറ ആഫീസിലോ വീട്ടിലോ പോയിട്ടില്ല.

"സ്വത്തൊക്കെയുണ്ടായിരുന്നില്ലേ."

"സ്വത്തുണ്ടായിരുന്നു....ഇന്ദിര, അവരു കടന്നു പോയി. പിന്നെ ഞാനെന്തിനു വിഷമിച്ചു വേല ചെയ്യണം?

സഹിക്കവയ്യാത്ത ദുഃഖം മൂലം ഞാനങ്ങുമിങ്ങുമലഞ്ഞു നടന്നു. വല്ലയിടത്തും കിടക്കും, വല്ലതും കഴിക്കും. ഇങ്ങനെയിരിക്കെ ഒരു വേടനൊരു കുരങ്ങിനെ കളിപ്പിച്ചുകൊണ്ടു നടക്കുന്നതു കണ്ടു. എന്തുമാത്രം ആളുകളാണതിൻെറ പുറകേ കൂട്ടുന്നതു്! എൻെറ ജീവിതവൈഷമ്യങ്ങളെക്കുറിച്ചോക്കാതിരിക്കാൻ ഒരു നല്ല മാർഗ്ഗമെനിക്കു തോന്നി. ഞാൻ ആ കുരങ്ങിനെ വിലയ്ക്കുവാങ്ങി. അങ്ങിനെ ഞാനൊരു കുരങ്ങു കളിക്കാരനായി കുറേ വർഷങ്ങൾ കഴിച്ചു. വീണ്ടും ഞാൻ ജീവിച്ചു തുടങ്ങി."

"ഒടുവിലെന്തിനാണ് കുരങ്ങിനെ കൊന്നതു?"

"ഞാൻ വീടുകളിലെല്ലാം കുരങ്ങിനേയും കൊണ്ടു ചെല്ലും. പണം കിട്ടാൻ വേണ്ടിയല്ല."

"പിന്നെ?"

"എനിക്കീ കുട്ടികളെ കാണുന്നതു വലിയ ആനന്ദമാണ്. കുട്ടികൾക്കെന്നെയും. ജീവിതമത്രയെങ്കിലും ആനന്ദകരമാക്കാമല്ലൊ. സന്തോഷമില്ലാതെ ജീവിക്കാനൊക്കുമോ?"

"ഞാനൊരിക്കലൊരു വീട്ടിൽ ചെന്നു. എന്റെ കുരങ്ങിനെ കണ്ടുകൊണ്ടവിടത്തെ ഒരു കുസൃതിക്കുട്ടൻ ഓടി അകത്തു ചെന്ന് എല്ലാവരോടും പറഞ്ഞു. അവരെല്ലാം കുരങ്ങിനെക്കാണുവാനെത്തി. അയൽവക്കത്തെ കുട്ടികളും ഓടി വന്നു. കുരങ്ങിന്റെ കളികൾ കണ്ട് ചിരിയും ബഹളവുമായി. അതിനിടയിൽ തിണ്ണയിൽ നിന്നാരോ പറഞ്ഞു:

"ഇതാ കുരങ്ങച്ചനൊരു പഴം."

ആ ശബ്ദത്തിനൊരു പ്രത്യേക മാധുരിയുണ്ടായിരുന്നു. ഞാൻ സൂക്ഷിച്ചു നോക്കി. അരമതിലിൽ കൈ കുത്തി താടിക്കു കൈ കൊടുത്തുകൊണ്ടൊരു പെൺകിടാവു് നിൽക്കുന്നു. മരിച്ചു പോയ എന്റെ ഇന്ദിരയുടെ പ്രായം വരും. അതേ ഭാവം അതേ നിറം ശബ്ദം പോലും അതു പോലെ. എനിക്കു വലിയ അത്ഭുതം തോന്നി. ഇന്ദിര മരിച്ചിട്ടു ആറു നീണ്ട വർഷങ്ങൾ കഴിഞ്ഞിരുന്നു.

"എന്തായാലും ആ പെൺകുട്ടിയെ കണ്ട നിമിഷം മുതലെന്റെ മനസ്സിനെന്തോ അവ്യക്തമായ ഒരാനന്ദം. എനിക്കവിടെ നിന്നിറങ്ങിപ്പോകുവാൻ തോന്നിയില്ല.

"എന്റെ ക്ഷീണിച്ച ശരീരത്തിനൊരു നവചൈതന്യം ലഭിച്ചു. എന്റെ മനസ്സിനൊരുന്മേഷം.

"പിന്നീട് മിക്കപ്പോഴും ഞാനവിടെപ്പോകും. ആ കുട്ടിയെ ഒന്നു കാണുന്നതിനു വേണ്ടി മാത്രമാണ്.

"ആ വീട്ടിലൊരമ്മൂമ്മയുണ്ടായിരുന്നു. പല്ലൊന്നുമില്ലാത്തൊരമ്മൂമ്മ. ഞാൻ കുരങ്ങിനേയുംകൊണ്ടു ചെന്നാലുടനെ പറയും: "കുഞ്ഞേ അമ്മണീ, കുറച്ചു ചോറും കറിയും കൊണ്ടുക്കൊടുക്ക്. ഹനുമാൻെറ കൂട്ടരല്ലെ. നല്ലസഹായികളാ."

"അമ്മണി എനിക്കും കുരങ്ങിനും ഭക്ഷണം കൊണ്ടുവന്നു തരും. ആ കുട്ടിയെ കാണുന്നതാണെൻെറ സൗഭാഗ്യം. അവൾ തരുന്ന ഭക്ഷണം എത്ര മോശമായിരുന്നാലും എനിക്കു വളരെ ഹൃദ്യമാണ്. അവളെ ഞാനെൻെറ ഇന്ദിരയായിട്ടാണ് കരുതിയിരുന്നതു്. മരിച്ചു പോയ മകൾ തിരിച്ചു വന്ന അനുഭൂതി എനിക്കുണ്ടായി.

"മാസങ്ങൾ പലതങ്ങിനെ കഴിഞ്ഞു. ഞാൻ പല ദിക്കിലും സഞ്ചരിച്ചു. പണവും ധാരാളം കിട്ടി.

"ഇങ്ങിനെയിരിക്കെ ഒരു ദിവസം ഞാൻ ആ കുട്ടിയെ കാണാനായി തിരിച്ചു. പോരുന്ന വഴിക്ക് അവൾക്കു കൊടുക്കുവാൻ ഒരു മുത്തുമാല കൂടി വാങ്ങി.

"ഗേററ് കടന്നകത്തു ചെന്നപ്പോൾ വല്യമ്മ അരഭിത്തിയിൽ കൊട്ടുംകയ്യും കുത്തിയിരിക്കുന്നു. ഞാൻ ഒന്നുമറിയാത്ത മട്ടിൽ കുരങ്ങിനെക്കളിപ്പിച്ചുതുടങ്ങി. വല്യമ്മയ്ക്കു രസം കയറി. അവരകത്തു ചെന്നു ഒരു കിണ്ണത്തിൽ കുറെ ചോറു കൊണ്ടു വന്നു തന്നു. ഞാനതു വേഗം കഴിച്ചു. അമ്മണിയെ കാണുവാനായി എൻെറ ഹൃദയം വെമ്പൽ കൊള്ളുകയായിരുന്നു. ഞാൻ

വിചാരിച്ചു ആ കുട്ടി എവിടെയോ പോയിരിക്കു മെന്നു്. ഏതായാലും മാല വല്യമ്മയെ ഏൽപിച്ചു കളയാം. അവരതു് കെട്ടത്തോളും. ഞാനെൻെറ മടി യിൽ പൊതിഞ്ഞു വച്ചിരുന്ന മുത്തുമാലയെടുത്തു് നീ ട്ടിക്കൊണ്ടു പറഞ്ഞു:

"അമ്മേ, ദേ, ഇതു് ആ അമ്മണിക്കുഞ്ഞിനു കൊടുത്തേയ്ക്കു, മുത്തുമാലയാ. ഞാൻ തന്നതാ ണെന്നു പറയല്ലെ."

"ഏതമ്മണിക്കുഞ്ഞു്? ആ കണ്ണുകൾ ഒരു നി മിഷം കൊണ്ടു നിറഞ്ഞു. ചുണ്ടുകൾ വിറച്ചു."

"അമ്മേ, എന്താ കരയുന്നതു്?"

"എൻെറ കുഞ്ഞിനു ജ്വരമായിരുന്നു." വിക്കി വിക്കിപ്പറഞ്ഞു. "ഇന്നാറായി മരിച്ചിട്ടു്."

"എൻെറ സർവ്വാവയവങ്ങളും തളന്നു. എനിക്കു നാവനക്കാൻ കഴിഞ്ഞില്ല. കണ്ണുകൾ മാത്രം ചിറ പൊട്ടി ഒഴുകി. ആ മുത്തുമാല എൻെറ കയ്യിൽനിന്നു താഴെ വീണു."

അയാൾപെട്ടെന്നു പൊട്ടിക്കരഞ്ഞു. അല്പം കഴി ഞ്ഞു് കണ്ണു തുടച്ചു കൊണ്ടയാൾ പറഞ്ഞു:

"ഞാനെൻെറ കുരങ്ങിനേയും വലിച്ചു കൊണ്ടിറ ങ്ങി. കുറച്ചു കഴിഞ്ഞു് ഞാനതിനെ നിലത്തടിച്ചു കൊന്നു. ആ കൊച്ചു തല പൊട്ടിക്കീറി തലച്ചോറു തെറിച്ചു.

"അതാ ട്രെയിൻ വരുന്നു. ഞാനീബഞ്ചിൽ കിടന്നൊന്നുറങ്ങട്ടെ."

"പിന്നെ, നിങ്ങൾ പറഞ്ഞില്ലല്ലൊ ആർക്കാണ് ഭ്രാന്തെന്ന്."

"ആക്കാണു ഭ്രാന്തെന്നോ? ദൈവമെന്തിനാണ് ഇന്ദിരയെ കൊന്നതു്? എന്തിനാണ് അമ്മണിയെ കൊന്നതു്? ആക്കാണ് ഭ്രാന്തു്, പറയൂ. നിങ്ങൾ പറയും എനിക്കാണെന്ന്. പറഞ്ഞോളൂ.

# പ്രേമത്തിൻെറ പോക്കു്

പതിവുപോലെ അന്നും വൈകുന്നേരത്തു ഞ
ങ്ങൾ കടൽപുറത്തെത്തി! മാത്യു അന്നു് കുറെ ചോ
ക്കലേററും പഴവും വാങ്ങിക്കൊണ്ടു വന്നിരുന്നു.

"എന്താ മാത്യു വിശേഷം?"

"ഇന്നെൻെറ ററ്വൻറിഫിത്തു് ബെർത്ത്ഡേ
ആണു്."

"എന്നാൽ ഇനി ഇങ്ങിനെ ഒററയ്ക്കു കഴിഞ്ഞു
കൂടിയാൽ പോരല്ലൊ." വറുഗീസ് പറഞ്ഞു.

"മാത്യു അതൊക്കെ ശരിയാക്കി വച്ചിട്ടുണ്ടു്.
നല്ല പൈങ്കിളിപോലുള്ളൊരു പെണ്ണു്. ഏതായാലും
ഒരു വർഷം കൂടി കാത്തിരുന്നേ പററൂ" ബാലകൃഷ്ണ
പിള്ളയാണു് പറഞ്ഞതു്

"അതെന്താ?" ഞാൻ ചോദിച്ചു.

"അപ്പോഴേ അവളുടെ പഠനം പൂർത്തിയാകയു
ള്ളു."

"മാത്യുവിനിങ്ങിനെയൊരു 'ലൗ അഫയർ' ഉ
ണ്ടെന്നാരറിഞ്ഞു?"

“പിന്നെ ആൎക്കാണ് ഒരു പ്രേമകഥയില്ലാത്തതു്? ഈ അടുത്ത സമയത്തു് ഒരു കഥ കേട്ടു. എൻെറ സ്നേഹിതൻെറ കഥ തന്നെയാണ്.”

വറുഗീസിൻെറ കഥ കേൾക്കാൻ ഞങ്ങൾക്കെല്ലാം തിടുക്കമായി.

വറുഗീസ് കഥ തുടങ്ങി.

“ഒരു ഗോപാലൻ നായരെക്കുറിച്ചു ഞാൻ ചിലപ്പോഴൊക്കെ പറയാറില്ലെ. അയാളുടെ കഥയാണ്. ഞങ്ങൾ നാലുവർഷം ഒന്നിച്ചു കോളജിൽ പഠിച്ചവരാണ്. അന്ന് സ്ത്രീകളുടെ കാൎയ്യം പറയുന്നതുതന്നെ അയാൾക്ക് നാണമാണ്. ആ സ്ഥിതിക്ക് ഈ കഥ കേട്ടപ്പോൾ ഞാൻ ആദ്യം വിശ്വസിച്ചില്ല. ബി. ഏ. പാസ്സായി ഒരു വർഷം കഴിയുന്നതിനു മുൻപുതന്നെ അയാൾക്ക് സെയിൽസ്ടാക്സ് ആഫീസറായി ജോലി കിട്ടി. തിരുവനന്തപുരത്തായിരുന്നു.

കഴിഞ്ഞ ക്രിസ്തുമസ്സ് വെക്കേഷനു ഞാൻ എറണാകുളത്തുവച്ചു് ഗോപാലൻ നായരെ കാണുന്നതിനിടയായി. അന്നു് ഒരു ദിവസം അയാളുടെ കൂടെ താമസിക്കുകയും ചെയ്തു. അപ്പോൾ എന്നോടു പറഞ്ഞതാണിീ കഥ.

ഗോപാലൻ നായർ തിരുവനന്തപുരത്തായിരിക്കുമ്പോഴാണ് അതു സംഭവിച്ചതു്. ഒരു ദിവസം രാവിലെ താൻ ആഫീസിലേക്കു പോകുവാനിറങ്ങി. ബസ്സിൽ വച്ചാണ് ആദ്യമായി ആ പെൺകുട്ടിയെ

അയാൾ കാണുന്നതു്. വണ്ടിയിൽ സ്ത്രീകൾ ധാരാളം ഉണ്ടായിരുന്നെങ്കിലും ഗോപാലൻ നായരുടെ ശ്രദ്ധ അവളിൽ പതിച്ചു. കോളജുകുമാരികളുടെ തിരക്കുള്ള തിരുവനന്തപുരത്ത് വെറും ഒരു നാടൻ പെണ്ണിനെ കണ്ടാൽ ആരാണ് തിരിഞ്ഞുനോക്കുന്നതു്? പക്ഷേ അയാളുടെ മുമ്പിൽ ഒരപ്സരസ്സിനെപ്പോലെ അവൾ പ്രത്യക്ഷപ്പെട്ടു. അയാൾ പറഞ്ഞതു് തൻെറ ജീവിതത്തിലൊരിക്കലും അങ്ങിനെയൊരാകർഷണം, ഒരാവേശം തനിക്കനുഭവപ്പെട്ടിട്ടില്ലെന്നാണ്. അധികം നിറപ്പകിട്ടൊന്നുമില്ലാത്ത വസ്ത്രം, ശാന്തവും പ്രസന്നവുമായ ഭാവം, നീണ്ടു മനോഹരമായ ആ നീല മിഴികൾ......എന്തിനിതൊക്കെ എടുത്തുപറയുന്നു, സൗന്ദര്യത്തിൻെറ മൂർത്തീഭാവമാണയാൾ അവളിൽ ദർശിച്ചതു്. അന്നു് വണ്ടി ആഫീസിനടുത്തെത്തിയപ്പോൾ ഇറങ്ങുന്ന കാര്യം കൂടി അയാൾ മറന്നുപോയി. രണ്ടു ഫർലോംഗ് അപ്പുറത്തുള്ള ബസ്സ്സ്റ്റോപ്പിലാണ് ഇറങ്ങിയതു്.

അന്നു് ആഫീസിൽ ചെന്നിട്ടും കാര്യമായി ഒരു ജോലിയും ചെയ്യുവാൻ കഴിഞ്ഞില്ല. എത്ര ശ്രമിച്ചിട്ടും ശ്രദ്ധ കേന്ദ്രീകരിക്കാൻ പ്രയാസം. അയാൾ തന്നെ അത്ഭുതപ്പെട്ടു. താൻ എത്രയൊ സൗന്ദര്യധാമങ്ങളെ കണ്ടിട്ടുണ്ട്. പക്ഷേ ഒരിക്കലും ഇതുപോലൊരു വികാരപാരവശ്യം ഉണ്ടായിട്ടില്ല.

നേരത്തെ ആഫീസിൽ നിന്നിറങ്ങി താമസസ്ഥലത്തേക്കു തിരിച്ചു. കാപ്പികുടി കഴിഞ്ഞപ്പോൾ

രണ്ടു സ്നേഹിതർ വന്നു പറഞ്ഞു:

"വരൂ, നമുക്കിന്നു സിനിമയ്ക്കു പോകാം. 'എം. ജി. എം-ന്റെ ഹെലൻ ആഫ് ട്രോയി' ആണു്."

ഗോപാലൻ നായർക്കു് ഒരു രസവും തോന്നിയില്ല. എങ്കിലും നിർബന്ധംമൂലം അവരുടെകൂടെ ഇറങ്ങിത്തിരിച്ചു.

"പിക്ചർ വളരെ ഗംഭീരമായിരിക്കുന്നു. ഹെലൻ-എന്തൊരു വശ്യതയാണവളിൽ" സിനിമ കഴിഞ്ഞപ്പോൾ കൂട്ടുകാർ അഭിപ്രായപ്പെട്ടു.

ഗോപാലൻ നായർ പറഞ്ഞു:

"ശരിയാണു്, ഹെലന്റെ വശ്യത അനാദൃശ്യമായിരിക്കുന്നു."

അയാൾ പറഞ്ഞതു് താൻ രാവിലെ കണ്ടുമുട്ടിയ ഹെലനെക്കുറിച്ചായിരുന്നെന്നു് ആർക്കും മനസ്സിലായില്ല.

അടുത്ത ദിവസം രാവിലെ വളരെയധികം ആകാംക്ഷയോടുകൂടിയാണു് അയാൾ ആഫീസിൽ പോകാൻ ഇറങ്ങിയതു്. വണ്ടി വന്നു. ഭാഗ്യമെന്നേ പറയേണ്ടു, ആ പെൺകിടാവന്നും വണ്ടിയിലുണ്ടു്. അവൾ ആരാണു്, എവിടെ പോകുന്നു എന്നെല്ലാമറിയുന്നതിനുവേണ്ടി അവൾ ഇറങ്ങുന്നിടത്തുതന്നെ താനും ഇറങ്ങുകയെന്നു നിശ്ചയിച്ചു.

അന്നവൾ ഗോപാലൻ നായരുടെ ആഫീസിനടുത്തുതന്നെയാണിറങ്ങിയതു്. അവൾ ഒരു ഇടവഴി

യിൽക്കൂടി നടന്നു മറയുന്നതുവരെ അയാഠം നോക്കി നിന്നു. പല ദിവസങ്ങളിലെ അന്വേഷണങ്ങളുടെ ഫലമായി അവളുടെ പേർ ശാന്തകുമാരിയെന്നാണെന്നും സാമൂഹ്യപ്രവൎത്തനകേന്ദ്രത്തിലെ ഒരുദ്യോഗസ്ഥ യാണെന്നും മനസ്സിലാക്കുവാൻ കഴിഞ്ഞു. ഈ വസ്തുതകഠം അയാളിൽ കൂടുതൽ ഉത്സാഹം സൃഷ്ടിക്കുകയാണു് ചെയ്തതു്.

ഗോപാലൻ നായരുടെ സൎവ്വപ്രവൎത്തനത്തിൻേറയും കേന്ദ്രം ഈ യുവതിയായിത്തീൎന്നു. പക്ഷേ, ഞാൻ പറഞ്ഞില്ലേ, ആഠം വലിയ നാണക്കാരനാണെന്നു്. ഇത്രയുമെല്ലാമായിട്ടും ആ സ്ത്രീയോടു് ഒന്നു സംസാരിക്കുന്നതിനോ, അവഠംക്കൊരു കത്തെഴുതുന്നതിനോ ഉള്ള ധൈൎയ്യം അയാഠംക്കുണ്ടായില്ല.

എങ്കിലും കുറെ ദിവസങ്ങളായി അയാഠം ആഫീസിൽ പോകുന്നതുതന്നെ ശാന്തകുമാരിയെ കാണുന്നതിനു വേണ്ടി മാത്രമായിരുന്നു.

ഇങ്ങിനെയിരിക്കെ ഒരു ദിവസം ശാന്തകുമാരി ഗോപാലൻ നായരുടെ ആഫീസിൽ കയറിച്ചെന്നതു കണ്ടപ്പോഠം അയാഠംക്കതു വിശ്വസിക്കാൻ കഴിഞ്ഞില്ല. അവളുടെ കൂടെ വേറൊരു യുവതിയും ഉണ്ടായിരുന്നു. അവർ പ്രവേശിച്ച ഉടനെ സ്വല്പം പരിഭ്രമത്തോടുകൂടിയാണെങ്കിലും കസേര കാട്ടിയിട്ടു് ഇരിക്കുവാൻ പറഞ്ഞു. ഗോപാലൻ നായരുടെ ഹൃദയം സന്തോഷം കൊണ്ടു നൎത്തനം ചെയ്യുകയാണു്. എന്നാൽ എന്തെങ്കിലും പുറത്തുകാട്ടാൻ വയ്യാത്ത അധീരതയും.

"ഞങ്ങൾ വന്ന കാര്യം മനസ്സിലായിക്കാണുകയി ല്ലായിരിക്കും."

ശാന്തയുടെ വാക്കുകൾ ഗോപാലൻ നായരുടെ ഹൃദയത്തിൽ അമൃതു വർഷിക്കുകയായിരുന്നു.

"ഇവിടെയുള്ള സാമൂഹ്യസേവനകേന്ദ്രത്തിൻെറ ആഭിമുഖ്യത്തിൽ കുട്ടികൾക്കുള്ള ഒരു 'ക്ലബ്ബ്' തുടങ്ങു വാൻ ഉദ്ദേശിക്കുന്നു. അതിനു പണം പിരിക്കുന്നതി നായി ഞങ്ങൾ ഒരു കലാപരിപാടി നടത്തുന്നുണ്ട്. അതിനു വേണ്ട സഹായസഹകരണങ്ങൾ അഭ്യർത്ഥി ക്കുവാനാണു് ഞങ്ങൾ ഇവിടെ വന്നതു്."

"കഴിയുന്ന സഹായങ്ങൾ എന്തും ചെയ്യുവാൻ ഞാൻ സന്നദ്ധനാണു്. പണമായിരിക്കുമല്ലൊ പ്രധാ ന ആവശ്യം."

"പണം മാത്രമല്ല, മററുവിധത്തിലുള്ള സഹാ യവും ആവശ്യമാണു്. ഞങ്ങളുടെ കേന്ദ്രം അടുത്തായ തുകൊണ്ടു് താങ്കൾക്കു കൂടുതൽ സഹായിക്കുവാൻ സൗ കര്യമുണ്ടായിരിക്കുമല്ലോ."

ഇതുകേട്ടപ്പോൾ അയാളുടെ സന്തോഷം കുറ ച്ചൊന്നുമല്ലായിരുന്നു. ശാന്തകുമാരിക്കുവേണ്ടി എന്തും ചെയ്യുവാൻ അയാൾ തയ്യാറാണു്. സഹായവാഗ്ദാന ങ്ങൾ ലഭിച്ചതിൽ സംതൃപ്തരായ ആ യുവതികൾ യാത്രപറഞ്ഞു പിരിഞ്ഞു.

സാമൂഹ്യകേന്ദ്രത്തിലെ കലാപരിപാടികളുടെ ന ടത്തിപ്പിൽ കാര്യമായ പങ്കു് ഗോപാലൻ നായർക്കു

ണ്ടായിരുന്നു. റിഹേഴ്സലുകൾ നടത്തുന്നതിനു ദിവസവും വൈകുന്നേരം അയാൾ പോകും. ഇതിനു മുൻപൊരിക്കലും ഇങ്ങനെയുള്ള കാര്യങ്ങളിൽ അല്പവും താല്പര്യം പ്രദർശിപ്പിച്ചിട്ടില്ലാത്ത അയാളുടെ ഈ പെരുമാററങ്ങൾ കൂട്ടുകാരെയെല്ലാം അത്ഭുതപ്പെടുത്തി. കലാപാടികൾ വളരെ വിജയകരമായിത്തന്നെ കഴിഞ്ഞു. അതോടുകൂടി ഗോപാലൻ നായരും ശാന്തകുമാരിയും പരിചയക്കാരായി.

ഗോപാലൻ നായർക്കിനിയും തൻെറ അഭിലാഷം ശാന്തയെ ഒന്നറിയിക്കണം. അതിനു പലപ്പോഴും അയാൾ തയ്യാറാവും, പക്ഷേ അവളെ കാണുമ്പോൾ തുറന്നു പറയുവാൻ എന്തോ ഒരു പ്രയാസം. ഒടുവിൽ അയാൾ തൻെറ ആഗ്രഹം അറിയിക്കുന്നതിനൊരു കത്തെഴുതുക എന്നുതന്നെ നിശ്ചയിച്ചു. ഏററം ചുരുങ്ങിയ വാചകങ്ങളിലെഴുതിയ ഒരു കത്ത് ഒരു ദിവസം വൈകുന്നേരം ശാന്തയെ ഏല്പിച്ചു. പല ദിവസം കഴിഞ്ഞിട്ടും ശാന്തയിൽനിന്ന് ഒരു മറുപടിയും കിട്ടിയില്ല. അപ്പോഴേക്കും ഗോപാലൻ നായരുടെ ഹൃദയം നീറിത്തുടങ്ങി.

ഇങ്ങിനെയിരിക്കെ ഒരു ദിവസം അയാൾ ശാന്തയെ പാർക്കിൽവച്ചു കാണുകയും ആ സന്ദർഭത്തിൽ കുറെ സമയം ഹൃദയം തുറന്നു സംസാരിക്കുകയുംചെയ്തു. എല്ലാം നിശ്ശബ്ദമായി ശ്രവിച്ചശേഷം അവൾ പറഞ്ഞു:

"മി. ഗോപാലൻ നായർ, നിങ്ങളോടെനിക്ക് വളരെ ബഹുമാനമുണ്ട്. ഒരു ജ്യേഷ്ഠസഹോദരനായി സ്വീകരിക്കുന്നതിൽ ഒരു വിരോധവുമില്ല. എനിക്കാകെ ഒരു സഹോദരൻ മാത്രമെ ഉണ്ടായിരുന്നുള്ളു. അയാൾ മരിച്ചിട്ടിപ്പോൾ മൂന്നു വർഷത്തോളമായി!"

സഹോദരനെക്കുറിച്ചുള്ള സ്മരണ അവളെ വികാരാധീനയാക്കി. സ്വല്പസമയം മൗനമായിരുന്നതിനു ശേഷം പറഞ്ഞു: "ജ്യേഷ്ഠാ, ഇനിയുമൊരിക്കലും വിവാഹാഭ്യർത്ഥനയുമായി എന്നെ സമീപിക്കരുത്.

"ഞാൻ എന്നെങ്കിലും വിവാഹിതയാകണമെന്നു തന്നെ ഉദ്ദേശിക്കുന്നില്ല. വാർദ്ധക്യത്തിലിരിക്കുന്ന എൻെറ പിതാവിനെ ശുശ്രൂഷിച്ചുകൊണ്ടും, സാമൂഹ്യസേവനപ്രവർത്തനങ്ങളിൽ ഏർപ്പെട്ടും എൻെറ ജീവിതം കഴിക്കണമെന്നാണ് ഞാൻ വിചാരിക്കുന്നത്."

ഈ വാക്കുകൾ കേട്ടപ്പോൾ ഗോപാലൻ നായർക്ക് വലിയ കോപവും സങ്കടവും ഉണ്ടായിയെങ്കിലും അതൊന്നും വെളിപ്പെടുത്തിയില്ല. ഒരു ദേവിയെപ്പോലെ പരിശുദ്ധയായി പ്രത്യക്ഷപ്പെട്ട ആ സൗന്ദര്യധാമത്തിൻെറ മുൻപിൽവച്ച് പിന്നീടൊന്നും പറയുവാനുള്ള ശക്തി ഗോപാലൻ നായർക്കില്ലായിരുന്നു. അയാൾ ഒന്നും സംസാരിക്കാതെ അവിടെനിന്നും എഴുന്നേററു പോയി.

ജീവിതത്തിൽ മുൻപൊരിക്കലും അനുഭവിച്ചിട്ടില്ലാത്ത നിരാശ അയാൾക്കുണ്ടായി. പ്രണയനൈരാ

ശ്യം എന്നെല്ലാം പറഞ്ഞുകേട്ടിട്ടുള്ളപ്പോഠം തനിക്ക് തമാശയാണ് തോന്നിയിട്ടുള്ളതു്. ഇപ്പോഠം എന്തു പറയാനാണ്? ഊണുമില്ല, ഉറക്കവുമില്ല. ശരീരം വല്ലാതെ ക്ഷീണിച്ചു. പ്രസരിപ്പും, ചൈതന്യവുമുണ്ടായിരുന്ന മുഖം വികൃതമായി. ശാന്തയെ തനിക്കു ലഭിക്കുവാൻ സാധിക്കുകയില്ലെങ്കിൽ താൻ പിന്നെ ജീവിച്ചിട്ടൊരത്ഥവുമില്ലെന്ന മട്ടായി.

വീണ്ടും വല്ലപ്പോഴുമയാഠം ശാന്തയെ നേരിട്ടുകാണുകയും പ്രണയാഭ്യത്ഥന നടത്തുകയും ചെയ്യുങ്കിലും അവഠം ഒരിക്കലെങ്കിലും അനുകൂലമായ ഒരു മറുപടി നല്കിയില്ല. താൻ വൈവാഹിക ജീവിതത്തിൽ പ്രവേശിക്കുകയില്ലെന്നു നിശ്ചയിച്ചുറച്ചിട്ടുള്ളതായി അവഠം ആവത്തിച്ചാവത്തിച്ചു പറഞ്ഞു.

അവസാനമായി അയാഠം അവഠംക്കൊരു നീണ്ട കത്തെഴുതി. തൻെറ ജീവിതത്തിൽ ആദ്യമായിട്ടൊരു സ്ത്രീയെ സ്നേഹിച്ചതാണ്. ശാന്തയെ കൂടാതെയുള്ള ജീവിതം തനിക്കു തീരെ അസാദ്ധ്യമാണ്. മിക്കവാറും നിരാശയുടെ അടിത്തട്ടിലെത്തിയിരിക്കുന്ന തന്നെ രക്ഷിക്കുന്നതിന് സന്മനസ്സുണ്ടാകുമെങ്കിൽ ഉടൻ അറിയിക്കണം. അല്ലാത്തപക്ഷം താൻ അവളോടും ലോകത്തോടുതന്നെയും എന്നന്നേക്കുമായി യാത്ര പറയും എന്നെല്ലാം എഴുതി.

ശാന്തകുമാരി ആ കത്തു വായിച്ച് ഒരു രാത്രി മുഴുവൻ വാവിട്ടു നിലവിളിച്ചു. അവഠം വാസ്തവത്തിൽ

ഗോപാലൻ നായരെ അത്യധികമായി സ്നേഹിച്ചിരുന്നു. വളരെയധികം പണിപ്പെട്ടു താൻ മിക്കവാറും കെടുത്തിയിട്ടിരുന്ന പ്രണയാഗ്നി ഗോപാലൻ നായർ ക്രമേണ ഊതിപ്പിടിപ്പിച്ചതായി അവൾക്കുതോന്നി. സൗഭാഗ്യകരമായ ദാമ്പത്യജീവിതം എന്തിനു വൃഥാ ഉപേക്ഷിക്കുന്നു? വളരെ ആലോചിച്ചശേഷം അവൾ മറുപടിയെഴുതി.

"അങ്ങയുടെ കത്തുകിട്ടി. ഞാൻ ഇതുവരേയും അനുകൂലമായ ഒരു മറുപടി തന്നിട്ടില്ലെങ്കിലും ഞാൻ അങ്ങയെ ആത്മാർത്ഥമായി സ്നേഹിക്കുന്നുണ്ടായിരുന്നു. ഇപ്പോഴും സ്നേഹിക്കുന്നു. എന്നെക്കൂടാതെ അങ്ങ് ജീവിക്കാനാഗ്രഹിക്കുന്നില്ല; എൻെറ സകല കുറവുകളോടും കൂടിത്തന്നെ എന്നെ സ്വീകരിക്കാൻ തയ്യാറാണ് എന്നെല്ലാം എഴുതിയിരുന്നല്ലോ. ഇത്ര ആത്മാർത്ഥമായ സ്നേഹം ഞാൻ എങ്ങും കണ്ടിട്ടില്ല. ഇനി കാണുവാനും സാദ്ധ്യമല്ല. അതിനെ ഉപേക്ഷിക്കുന്നത് അക്ഷന്തവ്യമായ ഒരപരാധമായിരിക്കുമല്ലോ. കൂടുതൽ ഒന്നും തന്നെ എഴുതാൻ എനിക്കു വാക്കുകളില്ല. എന്നെ മുഴുവനായും ഞാൻ അങ്ങയുടെ പാദത്തിൽ സമർപ്പിച്ചുകൊള്ളുന്നു.

എന്ന്,

സ്വന്തം ശാന്ത"

ഈ കത്തുകിട്ടുമ്പോൾ എന്തുമാത്രം സന്തോഷമാണ് ഗോപാലൻ നായർക്കുണ്ടാകുന്നതെന്നോർത്തപ്പോൾ തന്നെ ശാന്തയ്ക്കു രോമാഞ്ചമുണ്ടായി. തൻെറ

കത്തിനെന്തൊരു മറുപടിയായിരിക്കും കിട്ടുക എന്ന വൾക്ക് ഓർക്കാൻകൂടി കഴിഞ്ഞില്ല

ശാന്തകുമാരി മറുപടിക്കായി കാത്തുകാത്തിരുന്നു ഒരു ദിവസം കഴിഞ്ഞു; രണ്ടു ദിവസം കഴിഞ്ഞു; മൂന്ന് ദിവസം കഴിഞ്ഞു; പല ദിവസങ്ങൾ കഴിഞ്ഞു. എന്നിട്ടും മറുപടി ലഭിച്ചില്ല. വളരെ ഹൃദയവ്യഥയോടെ അവൾ അന്വേഷണമാരംഭിച്ചു.

ഗോപാലൻ നായർ അവധിയെടുത്തു വീട്ടിൽ പോയിരിക്കുകയാണ്. അദ്ദേഹത്തിന് വടക്കെവിടേയ്ക്കോ സ്ഥലംമാററത്തിനും ആർഡർ ആയിട്ടുണ്ട്. ഇതായിരിക്കാം ഗോപാലൻ നായരെക്കുറിച്ച് അവൾക്കു കിട്ടിയ വിവരങ്ങൾ. അവളുടെ ഹൃദയം തകർന്നു തരിപ്പണമായിക്കാണും.

"കഷ്ടം! ആ മനുഷ്യനെന്താ അങ്ങിനെചെയ്തതു്?"

"പറയാം. അയാൾ ശാന്തയ്ക്കുള്ള അവസാനത്തെ കത്തെഴുതിയതിനുശേഷം മിക്കവാറും ഒരു ഭ്രാന്തനെപ്പോലെയായി. ഇതുകണ്ട് ഒരു സ്നേഹിതൻ വിവരമെല്ലാം അന്വേഷിച്ചു. അപ്പോൾ ഗോപാലൻ നായർ എല്ലാം തുറന്നുപറഞ്ഞു.

ഇതുകേട്ട് സ്നേഹിതൻ പറഞ്ഞു: "കഷ്ടം! ഇതിനാണോ നിങ്ങൾ ഇത്ര ഭ്രാന്തു കാട്ടുന്നതു്? ആ പെൺകുട്ടിയെ ഞാൻ നന്നായി അറിയും. നിങ്ങൾ ഒരിക്കലും അവളെ വിവാഹം കഴിക്കരുതു്. വളരെ സൽസ്വഭാവിയായ ഒരു പെൺകുട്ടിയാണവൾ. പക്ഷേ അ

വളുടെ അമ്മയും ഒരു സഹോദരനും ഭ്രാന്തുവന്നാണ് മരിച്ചത്. ഭ്രാന്തു പാരമ്പര്യമായുണ്ടാകുന്ന ഒരു സുഖക്കേടാണെന്നു നിങ്ങൾക്കറിഞ്ഞുകൂടെ. നിങ്ങൾ അവളെ വിവാഹം കഴിച്ചശേഷം അവൾക്കു ഭ്രാന്തുവരുന്നു എന്നു വിചാരിക്കുക. പിന്നത്തെ സ്ഥിതിയെന്താണ്. നരകയാതന—നരകയാതനതന്നെ. നിങ്ങൾ അല്പം ശാന്തമായി ആലോചിക്കണം. പ്രേമം ബാധിച്ചുകഴിയുമ്പോൾ ബുദ്ധിമറിഞ്ഞുപോകും. ഏതായാലും ആപത്തിൽ ചെന്നു ചാടിയില്ലല്ലൊ."

ഗോപാലൻനായർ കുറെ സമയം ശാന്തനായിരുന്നിട്ടു പറഞ്ഞു: "ശരിയാണ്. നിങ്ങൾ ഇതു പറഞ്ഞില്ലായിരുന്നെങ്കിൽ ഞാൻ ഭയങ്കരമായ ഒരാപത്തിൽ ചെന്നു ചാടുമായിരുന്നു. ഈ അവസാനസമയത്തെങ്കിലും രക്ഷപെട്ടതൊരു മഹാഭാഗ്യം തന്നെ."

അടുത്തദിവസം ശാന്തയുടെ കത്തയാൾക്കു കിട്ടി. അതു വായിച്ചപ്പോൾ തന്റെ ഹൃദയം പൊട്ടിപ്പോകുമെന്നുതോന്നി. ഉടൻതന്നെ സ്ഥലംമാററമാവശ്യപ്പെട്ടുകൊണ്ടുള്ള ഒരപേക്ഷ എഴുതി അയച്ച് ഒരാഴ്ചത്തെ അവധിയുമെടുത്ത് വീട്ടിലേക്കു തിരിച്ചു.

ഇപ്പോൾ അയാൾ എറണാകുളത്താണ്. എന്നോടീ കഥ പറഞ്ഞുകഴിഞ്ഞപ്പോൾ അയാൾ പൊട്ടിക്കരഞ്ഞുപോയി.

ശാന്തയുടെ വിവരം പിന്നീടൊന്നുംതന്നെ അയാൾ അറിഞ്ഞിട്ടില്ല. അറിയാൻ ശ്രമിക്കുന്നതിനുള്ള ചങ്കുറപ്പയാൾക്കുണ്ടായിട്ടില്ല.

KOTTAYAM PUBLIC LIBRAR
…AYAM



വറുഗീസ് കഥ അവസാനിപ്പിച്ചപ്പോൾ ഞാൻ പറഞ്ഞു:

"ഇതാണെനിക്കീ 'ലൗ അഫയറു'കളോടിത്ര വെറുപ്പ്. എങ്ങിനെയായാലും എന്തെങ്കിലും അസ്വസ്ഥതയിലും, അസമാധാനത്തിലുമെ സാധാരണയായി അതു ചെന്നവസാനിക്കാറുള്ളു."

കൂടെയുണ്ടായിരുന്ന ബാലകൃഷ്ണപിള്ളയും ജോസഫും ഒന്നും സംസാരിച്ചില്ല. അവർക്കെന്റെ അഭിപ്രായം അത്ര പിടിച്ചില്ല.

**KOTTAYAM PUBLIC LIBRARY**
**KOTTAYAM**

Cl. No. MF9 Acc. No. 7515

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of 50 Ps. per day will be charged

MF9
JOH-K

7515

ജോൺ ടി.വി

കടത്തൽക്കാരനും ആനവൽ
ഹൃദ്യം.